Reg: No M 2689.
T 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം, ൧൯൪൩ നവംബർ ൧൫-ാംനു- | ലക്കം ൧൨൧
പേജ് ൧൨ | ൧൧൧൯ തുലാം ൨൯-ാംനു- തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

# ആസാദ് ഹിൻഡിൽ മഹാത്മജിയുടെ ജന്മദിനാഘോഷം

## മലയാളരാജ്യത്തിനു പ്രത്യേകം

[ഗാന്ധിജിയുടെ ജന്മദിനം എല്ലാവർഷവും കൊണ്ടാടപ്പെട്ടുവരുന്നു. എന്നാൽ ആസാട്ട് ഹിൻഡിലെ ഗാന്ധിജയന്തിആഘോഷം ഒരു പ്രത്യേകസംഭവമാണ്. ഈ ലേഖനത്തിൽ ആസാട്ട് ഹിൻഡിലെ പ്രഥമ ഗാന്ധിജയന്തിആഘോഷത്തെ സർദാർ റാവൽ വിവരിക്കുന്നു.]

യുദ്ധകാലത്തു് കിഴക്കെ ഏഷ്യയിലെ ഇൻഡ്യാക്കാരെ സംബന്ധിച്ചിടത്തോളം മഹാത്മജിയുടെ ജന്മദിനത്തിനു് പ്രത്യേക പ്രാധാന്യമുണ്ടായിരുന്നു. എന്തെന്നാൽ ഒരു സ്വാതന്ത്ര്യജനതയായിട്ടാണു് മഹാത്മാഗാന്ധി അരശതാബ്ദത്തോളംകാലം ഏതു ലക്ഷ്യത്തിനുവേണ്ടി സമരം ചെയ്തോ, ആ ലക്ഷ്യത്തിന്റെ ഒട്ടുമുക്കാലും എത്തിക്കഴിഞ്ഞ ഒരു ജനത—മഹാത്മജി 42-ൽ ആരംഭിച്ച ചരിത്രപ്രസിദ്ധമായ സമരത്തെ സഹായിച്ചുകൊണ്ടു് തങ്ങളുടെ നേട്ടം മാതൃഭൂമിയിലേക്കുകൂടി വ്യാപിപ്പിക്കുവാൻ തങ്ങളുടെ സകല കഴിവുകളും വിനിയോഗിച്ചുകൊണ്ടു തന്ന ഒരു ജനത—ആയിട്ടാണു് അവർ ഈ ദിനം ആഘോഷിക്കുന്നതെന്നു വാക്കു് അറിയാമായിരുന്നു.

മഹാത്മജിയുടെ ഈ ജന്മദിനത്തിൽ ഓരോ ഇന്ത്യാക്കാരനും പുരുഷനും സ്ത്രീയും കുട്ടികളുമെല്ലാം അവരവരുടെ ആന്തരികവികാരങ്ങളെ ആ ദിനം ആഘോഷിക്കുന്നതിനുവേണ്ടി ഏററവും യുക്തമായ രീതിയിൽ പ്രകടിപ്പിച്ചുവരുന്നു. ഈ ദിനം ഒരു സ്വാതന്ത്ര്യജനതയായി ആഘോഷിക്കുവാനുള്ള ഭാഗ്യം കിഴക്കേ ഏഷ്യയിലെ ഇന്ത്യാക്കാർക്ക സാധിച്ചു. നേതാജി ആസാദ്ഹിന്ദ് പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറെറടുത്തു് മൂന്നുമാസം കഴിഞ്ഞു് 1943 അക്ടോബറിൽ ഈ ദിനം ആഘോഷിക്കപ്പെട്ടതിന്റെ ഒരു സംക്ഷിപ്തവിവരണം നൽകാം. കിഴക്ക നേതാജിയുടെ ആഗമനം ആസാദ്ഹിൻഡ് ഗവമ്മെൻറിനു് പുതിയ ജീവനും പുതിയ ഉണർവ്വും നൽകി. ഇന്ത്യൻ സമുദായം മുഴുവൻ ഉത്സാഹഭരിതരായിത്തീന്നു. ഈ ചുററുപാടുകളിൽ കിഴക്കേ ഏഷ്യ മുഴുവൻ മഹാത്മജിയുടെ ജന്മദിനം ആഘോഷിച്ചതു് ഒരു പുതിയ നിശ്ചയബോധത്തോടെയാണു്. ഐ. എൻ. എ. യൂണിററുകളുടെയും വാളൻറിയർകോറിന്റെയും പ്രത്യേക റാലികളും പ്രത്യേക ടൂർണമെൻറുകളും പ്രത്യേക റേഡിയോപരിപാടികളും ഏപ്പാടുചെയ്തിരുന്നു. എന്നാൽ അക്ടോബർ 2-ാംനു- നേതാജി എവിടെ ആയിരിക്കുമോ ആ സ്ഥലമായിരിക്കും ആഘോഷങ്ങളിൽ മുന്നണിയിൽ നിൽക്കുന്നതു്. ആ ഭാഗ്യം വെള്ളയാനയുടെ ദേശത്തിന്റെ തലസ്ഥാനമായ ബാങ്കോക്കിനാണു് ലഭിച്ചതു്.

1943-ജൂലൈ മാസത്തിൽ ഷോനാനിൽ വച്ചു് (സിംഗപ്പൂർ) പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറെറടുത്തശേഷം നേതാജി ഇന്ത്യാക്കാരുള്ള എല്ലാ പ്രദേശങ്ങളിലും ഒരു പര്യടനത്തിനായി പുറപ്പെട്ടു. അവിടെനിന്നും അദ്ദേഹം ഇൻഡോചൈനയിലേക്കും, ബർമ്മായിലേക്കും പുറപ്പെട്ടു. സിംഗപ്പൂരിലേക്കുള്ള തിരിച്ചു യാത്രയിൽ അദ്ദേഹം ബാങ്കോക്കിലെത്തിയതു് അക്ടോബർ രണ്ടാംതീയതിയാണു്. ആഘോഷങ്ങൾക്കായി അവിടുത്തെ സ്വാതന്ത്ര്യലീഗു് വേണ്ട ഒരുക്കങ്ങൾ ചെയ്തിരുന്നു. ഇന്ത്യൻ ജനങ്ങളുടെ ഒരു വൻപിച്ച യോഗം നഗരമദ്ധ്യത്തിലുള്ള ഒരു വലിയ തിയേററർഹാളിൽ കൂടുവാൻ ഏപ്പാടുചെയ്തിരുന്നു. ഇതിനുപുറമെ മററു റാലികളും കായികവിനോദങ്ങളും ഏപ്പാടുചെയ്തുണ്ടായിരുന്നു. എല്ലാ ഇന്ത്യൻഭവനങ്ങളും കടകളും ഗാംഭീര്യത്തോടെ പാറിക്കൊണ്ടിരിക്കുന്ന ത്രിവർണ്ണപതാകകളാൽ സമലംകൃതമായിരുന്നു. അതു കാണുന്നതുതന്നെ ഉത്തേജകമായിരുന്നു.

നഗരത്തിലെ ഇന്ത്യൻനിവാസികൾക്കു പുറമെ നാട്ടുമ്പുറങ്ങളിൽനിന്നും നിരവധി ഇന്ത്യാക്കാർ നേതാവിന്റെ ദശനത്തിനായി രാജധാനിയിൽ തിങ്ങിക്കൂടി. യോഗസ്ഥലം ജനനിബിഡമായി. കിഴക്കെ ഏഷ്യയിലെ ഇന്ത്യൻസ്വാതന്ത്ര്യലീഗിന്റെ പ്രസിഡൻറും ഇന്ത്യൻ ദേശീയസേനയുടെ സുപ്രിംകമാൻഡറുമായിരുന്നഅദ്ദേഹം സൈനികയൂണിഫാറത്തിൽ അവിടെ സമാഗതനായി. അഗമനവേളയിൽ ആ നേതാവിനു ലഭിച്ച സ്വീകരണം രാജകീയംതന്നെയായിരുന്നു. നേതാജിയെ ശ്രവിക്കുവാൻ എല്ലാവരും ഉൽക്കണ്ഠയോടെ ഇരുന്നു. ഹർഷാരവമദ്ധ്യേ നേതാജി എഴുന്നേററു് തന്റെ ഏററവും നല്ല പ്രസംഗങ്ങളിലൊന്നാരംഭിച്ചു. ഹന്ദുസ്ഥാനിയിൽ ചെയ്ത ആ പ്രസംഗം രണ്ടുമണിക്കൂറിലധികം നീണ്ടുനിന്നു. ഏകദേശം അരമണിക്കൂറോളം അദ്ദേഹം ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതിനു മുമ്പുള്ള ഇന്ത്യൻ സ്ഥിതിഗതികളുടെ ഒരു പശ്ചാത്തലം നൽകി. പ്ലാസിയുദ്ധം, ഹൈദർഅലി, ടിപ്പുസുൽത്താൻ, വേലുത്തമ്പി, സർദാർ ശാന്തസിംഗ് അത്തിവാല മുതലായവരുടെ വീരസമരങ്ങൾ 1857 ലെ വിപ്ലവം മുതലായ കാര്യങ്ങൾ അതിൽ പ്രതിപാദിച്ചിരുന്നു. ബഹദൂർഷാചക്രവർത്തി, സാഫർ, ടാൻറിയാടോപ്പി, നാനാസാഹിബ്, റാണി ലക്ഷ്മീഭായി മുതലായവരെപ്പററിയും പരാമശിച്ചിരുന്നു ആ അരമണിക്കൂർനേരത്തേക്കു ഗാന്ധിജിയെപ്പററി യാതൊരു സൂചനയും ഇല്ലായിരുന്നു. അദ്ദേഹത്തിന്റെ ജന്മദിനാഘോഷത്തിൽ അദ്ദേഹത്തെപ്പററി പറയാത്തതെന്തുകൊണ്ടെന്നു പലരും അത്ഭുതപ്പെട്ടു. ത്രിപുരിയും തുടർന്നുള്ള സംഭവങ്ങളും പ്രസംഗത്തെ ബാധിച്ചിട്ടുണ്ടെന്നുപോലും ചിലർ സംശയിച്ചു.

നേതാജിയുടെ പ്രസംഗം 1914-18-ലെ ലോകമഹായുദ്ധത്തിലേക്കും ഇന്ത്യയെ സ്വതന്ത്രയാക്കുവാനുള്ള ഇന്ത്യൻ വിപ്ലവകാരികളുടെ യത്നങ്ങളിലേക്കും തിരിഞ്ഞു. ബ്രിട്ടീഷ് ഗവമ്മെൻറിന്റേയും ജാലിയൻവാലാബാഗിലെ കൂട്ടക്കൊലയേയും പരാമശിച്ചശേഷം അദ്ദേഹം ഇപ്രകാരം പറഞ്ഞു "ഇന്ത്യ അപ്പോൾ ഇരുട്ടിൽ അലയുകയായിരുന്നു. ആശാകിരണം യാതൊന്നും ഉണ്ടായിരുന്നില്ല. എന്തുചെയ്യണമെന്നു ഇന്ത്യാക്കാർക്കു നിശ്ചയവുമില്ല. ആ സമയത്താണു് കെമാൽപാഷാ ടക്കിയെ രക്ഷിച്ചതുപോലെ മഹാത്മാഗാന്ധി പ്രത്യക്ഷനായി സത്യഗ്രഹായുധംകൊണ്ടു് രാജ്യത്തെ രക്ഷിച്ചതു്. മഹാത്മജി ഒരു പുതിയ ആശ നൽകി. മണ്ണിൽനിന്നു മനുഷ്യരെ സൃഷ്ടിച്ചു. രാജ്യം അദ്ദേഹം വാത്തെടുത്തു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിത്തറയെത്തന്നെ ഇളക്കിയ ഒരു പ്രസ്ഥാനവും വൻപിച്ച തോതിൽ അദ്ദേഹം ആരംഭിച്ചു."

സദസ്സിൽനിന്നു വലിയ ഹർഷാരവം മുഴങ്ങി. നേതാജിയുടെ ഓരോ വാചകത്തിനും ഹർഷാരവമായി. ഗാന്ധിജിയുടെ സത്യഗ്രഹപ്രസ്ഥാനം സിവിൽനിയമലംഘനപ്രസ്ഥാനം നിസ്സഹകരണപ്രസ്ഥാനം മുതലായവയുടെ നേട്ടങ്ങളെപ്പററി നേതാജി ഒന്നരമണിക്കൂർനേരം പ്രസംഗിച്ചു. ഗാന്ധിജി ഇല്ലായിരുന്നുവെങ്കിൽ ഇന്ത്യ അഗാധതയിലാണ്ടുപോകുമായിരുന്നു എന്നദ്ദേഹം പറഞ്ഞു. ഇന്ത്യയെ ഒരു രാജ്യമാക്കിയതു്, ഇന്ത്യൻസ്വാതന്ത്ര്യം എന്ന കാര്യം ലോകാഭിപ്രായത്തിന്റെ മുമ്പിൽ അവതരിപ്പിച്ചതു്, അതിനെ ഒരു സവ്വദേശീയപ്രശ്നമാക്കിയതു് മഹാത്മജിയുടെ യത്നങ്ങളാണെന്നു് നേതാജി ചൂണ്ടിക്കാണിച്ചു. സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യാനും ത്യാഗം ചെയ്യാനും ഇന്ത്യാക്കാർ പഠിച്ചതു് ഗാന്ധിജിയുടെ നേതൃത്വംകൊണ്ടാണു്. പൂണ്ണസ്വാതന്ത്ര്യത്തിന്റെ പടിക്കലെത്തത്തക്കവിധം ഇന്ത്യാക്കാരിൽ ആ ബോധം അത്രയുണ്ടു്. വിദേശങ്ങളിലെ ഇന്ത്യാക്കാരുടെ സംഘടനതന്നെ മഹാത്മജിയുടെ ശ്രമഫലമാണെന്നാണു് നേതാജി പ്രസ്താവിച്ചതു്.

ചരിത്രപ്രസിദ്ധമായ ആ ദിനത്തിൽ നേതാജി ഇങ്ങനെ ഒരു പുതിയ ജീവൻ ഉളവാക്കി.

ബാങ്കോക്കിലെ ആസാട്ട്ഹിൻഡ്റേഡിയോ വഴി ഇൻഡ്യയ്ക്കു ഒരു സന്ദേശം നേതാജി പ്രക്ഷേപണം ചെയ്യുന്നതാണെന്നു് യോഗം പിരിഞ്ഞപ്പോൾ അറിയിച്ചിരുന്നു. അതു് ഒരു വലിയ കാര്യമായി ഞങ്ങൾ കരുതി. എന്നാൽ വൈകുന്നേരമായപ്പോഴേയ്ക്കും നേതാജിക്കു സുഖമില്ലെന്നും റേഡിയോപ്രസംഗം ചെയ്യാനിടയില്ലെന്നും അറിയാനിടയായി. ഇതു വളരെ നിരാശാജനകമായിരുന്നു. സാധാരണയായി വൈകുന്നേരം എട്ടുമണി മുതൽ ഒൻപതരമണിവരെയാണു് പ്രക്ഷേപണസമയം. എട്ടരമണിക്കു ഞാൻ സ്റേറഡിയോയിലെത്തി റേഡിയോയിൽ ഇപ്രകാരം അറിയിച്ചു. ശ്രോതാക്കളെ മഹാത്മജിയുടെ ജന്മദിനംപ്രമാണിച്ചു ഒരു പ്രത്യേകസന്ദേശം നേതാജിബോസ് ഏതോ റേഡിയോസ്റ്റേഷനിൽനിന്നു പ്രക്ഷേപണം

## സർദാർ രാമസിംഗ്റാവൽ

ചെയ്യുന്നതായി ഇപ്പോൾ അറിവായിരിക്കുന്നു. ഞങ്ങൾഞങ്ങളുടെ പരിപാടി റദ്ദ്ചെയ്തു് നേതാജിയുടെപ്രസംഗം റിലേചെയ്യാൻ പോകുന്നു.

എന്നാൽ ഉടനെതന്നെ നേതാജിയും ഇൻഡ്യൻസ്വാതന്ത്ര്യലീഗന്റെ തായ്ലൻഡ്ടെറിട്ടോറിയൽകമ്മിററചെയർമാൻ ശ്രീ. ആനന്ദമോഹൻസാഹായും അവിടെയെത്തി. ഞാൻ റേഡിയോമുഖാന്തിരം അറിയിപ്പുനൽകിയതായി നേതാജിയോടു പറഞ്ഞു. അദ്ദേഹം ഒന്നു പുഞ്ചിരിച്ചു. അല്പനിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം തന്റെ ഒരു മണിക്കൂർനേരത്തെ പ്രസംഗം ആരംഭിച്ചു. അദ്ദേഹത്തിന്റെ സന്ദേശം ആശംസകളുടെയും ആശയുടെയും ധീരതയുടെയും പ്രവത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ദൃഢനിശ്ചയത്തിന്റെയും സന്ദേശമായിരുന്നു.

എൻ. ഐ. പി. പി.

ചെറുകഥ

# വിശപ്പ്

ടി. എൻ. കരുണാകരൻ നായർ

'ഇറങ്ങിപ്പോകാനല്ലേടി നിന്നോടു പറഞ്ഞതു്?' ഭാനുവിന്റെ ധിക്കാരപരമായ അട്ടഹാസം കേട്ടുകൊണ്ടാണ് അന്നു സന്ധ്യക്കു ഞാൻ വീട്ടിൽചെന്നു കയറിയതു്.

ഒരു പിച്ചക്കാരി അവളുടെ കുഞ്ഞിനെ ഒക്കിൽ ചേർത്തു് മുററത്തൊരററത്ത് നില്ക്കുന്നതു് മങ്ങിയ വെളിച്ചത്തിൽക്കൂടി ഞാൻ കണ്ടു. ആ സാധുവിനോടായിരുന്നു ഭാനുവിന്റെ ഗർജ്ജനം.

'എന്താ ഭാനു! ഇത്ര ദേഷ്യപ്പെടണോ?' ഞാൻ സൗമ്യമായി ചോദിച്ചു.

'അല്ല, നോക്കണെ! ഈ പെററകളുടെ അഹമ്മതി. പകലെന്നില്ല, രാത്രിയെന്നില്ല, പിച്ചചോദിക്കൽ തന്നെ ജോലി. ഇറങ്ങിപ്പോകാൻ പറഞ്ഞാൽ പോകുല്ല. എന്തൊരു ധിക്കാരം. അവൾ ഒരേ ശാഠ്യത്തിൽ പറഞ്ഞുനിർത്തി. ദേഷ്യംകൊണ്ടു അവളുടെ പുരികക്കൊടികൾ നെററിയിലേക്കുയർന്നു. മാറു അടിക്കടി ഉയരുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. കണ്ണുകൾ ചുവന്നു കലങ്ങി.

'ഭാനു! കോപിക്കാതെ എന്തെങ്കിലും ഉണ്ടെങ്കിൽ കൊടുക്കൂ!'

'ഓ! മതി മതി! ഒരു കൊടുപ്പുകാരൻ. കൊടുത്തുകൊടുത്തു മുടിഞ്ഞു. ഞാനൊന്നുനോക്കട്ടെ ഇവളെ ഓടിക്കാമോ എന്നു്'... അവൾ ആ പിച്ചക്കാരി നിന്നിടത്തേക്കു ആഞ്ഞു. രൗദ്രമായ മുഖത്തോടും അഗ്നിസ്ഫുലിംഗം ചിതറുന്ന കണ്ണുകളോടുംകൂടി.

അവിടെനിന്നാൽ പന്തിയല്ലെന്നുകണ്ടു ആ പിച്ചക്കാരി മെല്ലെ പടികടന്നു. അവളുടെ ഉണങ്ങിവരണ്ട മുലഞെട്ടുകൾ കടിച്ചുകൊണ്ടു നിരാശനായ കുഞ്ഞു ഒക്കിലിരുന്നു 'കീ കീ' എന്നു കരഞ്ഞുകൊണ്ടിരുന്നു.

'അഹാ! ആ കൊച്ചുകുഞ്ഞിനു വിശക്കുന്നു!' മൂന്നുവയസ്സു പ്രായമുള്ള എന്റെ മകൾ പത്മം ഞാനിട്ടിരുന്ന കോട്ടിന്റെ കോന്തല എത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു. സന്താപംകൊണ്ടു് അവളുടെ കണ്ണുകൾ നനഞ്ഞിരുന്നു. ഞാൻ അവളെ എടുത്തു മാറോടു് ചേർത്തു അവളുടെ തുടുത്തുചുവന്ന കവിളുകളിൽ മാറിമാറി ഉമ്മകൊടുത്തു.

മുറിക്കകത്തു കടന്നു കോട്ടഴിച്ചു പെഗ്ഗിൽ തൂക്കിയശേഷം, ഞാൻ നിരുന്മേഷനായി ചാരുകസാലയിലേക്കു മലർന്നു. അന്നു വൈകിട്ടത്തെ പത്രം മേശപ്പുറത്തു കിടന്നിരുന്നു. ഞാൻ അതെടുത്തു നിവർത്തു നോക്കി.

'അമേരിക്ക അണുബോംബിന്റെ സംഹാരശക്തി പരീക്ഷിക്കുന്നു.' വെണ്ടക്കാ അക്ഷരത്തിൽ അന്നത്തെ പ്രധാനവാർത്ത പത്രത്തിൽ തെളിഞ്ഞുനില്ക്കുന്നു. ഞാൻ ആ പത്രത്തിന്റെ മറുവശത്തു കണ്ണോടിച്ചു.

'ഇൻഡ്യയിലെ വമ്പിച്ച ഭക്ഷ്യസാധനക്ഷാമം' ആ വാർത്ത എന്നെ തുറിച്ചുനോക്കി ഭയപ്പെടുത്തി.

ചിന്തയെ കെട്ടഴിച്ചുവിടുന്ന പരസ്പരവിരുദ്ധമായ രണ്ടു വാർത്തകൾ. ആലോചിച്ചു:

'ലോകത്തിന്റെ ഒരുഭാഗത്തു് സംഹാരശക്തിയുടെ പരീക്ഷണം നടക്കുന്നു; മനുഷ്യരാശിയെ എന്നെന്നും ഭയവിഹ്വലരാക്കി നിർത്തുവാൻ! മറുഭാഗത്തു് പട്ടിണിയുടെ ദീനരോദനം കേൾക്കുന്നു; വിശപ്പിന്റെ വമ്പിച്ച പ്രക്ഷോഭണം തുടരുന്നു. വിശപ്പ്! ആ മൂന്നക്ഷരത്തിന്റെ മുമ്പിൽ മനുഷ്യൻ അന്തസ്സും ആഭിജാത്യവും വലിച്ചെറിയുന്നു. ആത്മാഭിമാനവും ചാരിത്ര്യവും വിൽക്കപ്പെടുന്നു. വിശപ്പ്!'

ഞാൻ കൈകൾ കൂപ്പി, കണ്ണുകൾ പൂട്ടി, നിശ്ചേഷ്ടനായി കിടന്നുപോയി.

'അച്ഛാ! ഈ പടം ഒന്നു നോക്കു' ഒരു ചിത്രവാരിക നിവർത്തിപ്പിടിച്ചുകൊണ്ടു പത്മം എന്റെ അടുത്തുവന്നു. അതിലെ ഒരു പടം ചൂണ്ടിക്കാണിച്ചു അവൾ തുടർന്നു:

'അഹാ! ഈ കുഞ്ഞിന്റെ ദേഹം നോക്കു. എല്ലും തോലും മാത്രം!' അവൾ എന്റെ തുടകളിൽ കൈമുട്ടുകൾ ഊന്നി, മടിത്തടത്തിലേക്കു തല തെല്ലു ചായ്ച്ചു എന്നെ നോക്കി.

പട്ടിണികൊണ്ടു പൊരിഞ്ഞു വഴിയിൽ വീണു മരിക്കാൻതുടങ്ങുന്ന ഒരു കൊച്ചുകുഞ്ഞിന്റെ ചിത്രമായിരുന്നു അതിൽ കാണിച്ചിരുന്നതു്. ഞാൻ അതു് ഒന്നേ നോക്കിയുള്ളു. എന്റെ കണ്ണുകൾ നിറഞ്ഞു. ഒരു നെടുവീർപ്പിനടിപ്പെട്ടു എന്റെ ഹൃദയം പിടഞ്ഞു. അത്രയ്ക്കു ദയനീയമായിരുന്നു ആ ചിത്രം. എന്റെ മകളെപ്പോലെ ഓമനയായ ഒരു കുഞ്ഞു! വിശപ്പടക്കുവാൻ നിവൃത്തിയില്ലാതെ വഴിയിൽ വീണു മരിക്കുന്നു. അതു് നമ്മുടെ കൺമുമ്പിൽവച്ചു്! പാലും തേനും ഒഴുകിയിരുന്ന ഭാരതത്തിൽ! സമൃദ്ധിയുടേയും സംസ്കാരത്തിന്റേയും സങ്കേതമായ ആർഷഭൂമിയിൽ.

എന്റെ ചിന്തകൾക്കു അധികദൂരം പോകാൻ കഴിഞ്ഞില്ല. അതിനുമുമ്പ് ഭാനു എന്റെ പാർശ്വത്തിൽ വന്നിരുന്നു എന്നെ അലട്ടാൻ ആരംഭിച്ചു.

'ഇന്നെന്തേ ഇത്രവൈകാൻ?'

'വൈകാൻ അല്പകാരണമുണ്ടായി.'

'എന്താണ് ആ കാരണം. എനിക്കറിയാൻപാടില്ലേ'

'അറിഞ്ഞിട്ടിപ്പോളെന്തുവേണം?'

'ഓ! ഹോ! അപ്പോൾ എനിക്കറിയാൻ പാടില്ലാത്ത കാര്യങ്ങളും ഉണ്ടു്. അല്ലേ?'

'ഉണ്ടു്'

തെല്ലുനേരത്തേക്കു ഞങ്ങളിരുവരും മൗനം പൂണ്ടു. ചില നിമിഷങ്ങൾ നിശ്ശബ്ദതയിൽ അലിഞ്ഞുചേർന്നു. ഞങ്ങളുടെ ശ്വാസോച്ഛ്വാസങ്ങൾ മാത്രം പരസ്പരം കാററം പറയുന്നുണ്ടായിരുന്നു. ദേഷ്യംകൊണ്ടു അവളുടെ ചുണ്ടുകൾ ചില ചില്ലറ ഗോഷ്ടികൾകാട്ടി. കണ്ണുകളിൽനിന്നും തീക്ഷ്ണമായ നോട്ടം എന്നിൽ പതിച്ചുകൊണ്ടിരുന്നു.

'നിങ്ങളെല്ലാമെന്നെഴുന്നേററു ഊണുകഴിക്കുന്നുണ്ടെങ്കിൽ, വല്ലടത്തും ഒന്നു തലചായ്ക്കാമായിരുന്നു.' ഭാനു മൗനം ഭഞ്ജിച്ചു. ഒരുപേക്ഷയും ആവലാതിയും അവൾ ഒന്നിച്ചു കോർത്തിണക്കി എന്റെനേരേ പ്രയോഗിച്ചു.

'എനിക്കു ഇന്നത്താഴം വേണ്ട! നീ ഊണുകഴിച്ചോളൂ!'

'അല്ല! ഇന്നുമെട്ടു ആക്കപ്പാടെ മാറിയിട്ടാണല്ലോ? ഇതെന്തുപററി?'

'ഓ! പററി! എനിക്കു ഊണു വേണ്ടെന്നല്ലേ പറഞ്ഞതു്' - എന്റെ സ്വരംപരുഷമായിരുന്നു.

'എടീ പത്മം, നീ ഉണ്ണാൻ വരുന്നോ?' ഭാനു പത്മത്തിന്റെ നേരെ തിരിഞ്ഞു.

ഞങ്ങളുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടിരുന്ന പത്മം കൂസൽകൂടാതെ പറഞ്ഞു.

'എനിക്കും ഊണു വേണ്ടമ്മേ' അവൾ എന്റെ മുഖത്തേക്കു നോക്കി. സൗന്ദര്യത്തിപ്പുപോലെ മനോജ്ഞമായിരുന്ന അവളുടെ കൊച്ചുമുഖത്തു് ഒരായിരം ഉമ്മ ഒന്നിച്ചു കൊടുക്കുവാൻ എന്റെ ചുണ്ടുകൾ അപ്പോൾ കൊതിച്ചു.

'അല്ല! അച്ഛനും മോളുംകൂടി എന്നെ തോല്പിക്കാമെന്നാണല്ലോ തോന്നുന്നെ!' ഭാനു പത്മത്തിനെ പിടിച്ചുവലിച്ചു. അവൾ കൈകൾ കുടഞ്ഞു വേഗം എന്നെ കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി.

എനിക്കു ദേഷ്യംവന്നു.

'ഭാനു! ഇതെന്തൊരു തോന്ന്യാസമാണ്. നീ വിശപ്പില്ലാത്തവരെ ഊട്ടിയേ അടങ്ങൂ! വിശക്കുന്നവരെ ആട്ടി ഓടിക്കും! നല്ല വിചിത്രമായ സമ്പ്രദായം' ചാരിക്കിടന്നിരുന്ന ഞാൻ കസാലയിൽ എഴുന്നേററിരുന്നു.

'ഇപ്പോഴല്ലേ കാര്യം മനസ്സിലായതു്. ആ പിച്ചക്കാരിയെ ഞാൻ സല്ക്കരിച്ചില്ല. അതാണ് എന്റെ പേരിലുള്ള കുററം. എന്താ അവളുമായി വല്ല പൂർവ്വബന്ധവുമുണ്ടോ?', അവളുടെ സ്വരത്തിലും ഭാവത്തിലും പുച്ഛരസം കലർന്നിരുന്നു. അവൾ കുഴഞ്ഞുവെട്ടിച്ചു, കലുഷിതയായി, അടുക്കളയിലേക്കുപോയി.

'ആരും ഉണ്ണേണ്ട! എല്ലാമെടുത്തു നാളെ ഞാൻ ദൂരെക്കളയാം.! ഒരോററ മണി അരിപോലും കിട്ടാൻ പ്രയാസമുള്ള കാലത്തു്!' ഭാനുവിന്റെ പരിഭവംകലർന്ന പിറുപിറുക്കൽ അടുക്കളയിൽനിന്നും അടിക്കടി എന്റെ കാതുകളിൽ വന്നലച്ചുകൊണ്ടിരുന്നു. അവൾ ചോറും കറികളും വച്ചടയ്ക്കുകയാണ്. അവളുടെ ദേഷ്യത്തിന്റെ ഉഗ്രത പാത്രങ്ങൾ നീക്കിവയ്ക്കുന്നതിൽനിന്നും ഉളവായിക്കൊണ്ടിരുന്ന ക്രമാതീതമായ ശബ്ദം വെളിപ്പെടുത്തിയിരുന്നു.

അടുക്കളജോലി വേഗംതീർത്തു്, വാതിൽകൊട്ടിയടച്ചു്, അവൾ മുറിയിൽവന്നു കിടക്കവിരിച്ചുകിടന്നു. അതിനകം ഉറങ്ങിക്കഴിഞ്ഞിരുന്ന പത്മത്തെ എടുത്തു ഞാൻ അവളുടെ കൊച്ചുകിടക്കയിലും കിടത്തി.

ഞാൻ വീണ്ടും കസാലയിൽ സ്ഥലം പിടിച്ചു. എന്റെ മനസ്സ് വിവിധചിന്തകളുമായി ഒരു വടംവലിയിൽ ഏർപ്പെട്ടു. പൂർവ്വകാലസംഭവങ്ങൾ ഒന്നൊന്നായി എന്റെ സ്മരണയിൽക്കൂടി ഓടിമറഞ്ഞുകൊണ്ടിരുന്നു. ദാമ്പത്യജീവിതത്തിലെ ഇരുട്ടും വെളിച്ചവും നിറഞ്ഞ വശങ്ങളിലേയ്ക്കു് എന്റെ ഭാവന പാറിപ്പാറന്നു.

'തന്നിൽ എളിയവളെ മാത്രമേ കല്യാണംകഴിക്കാവൂ' എന്നു പ്രായംചെന്നവർ പറയുന്നതു കേട്ടു പലപ്പോഴും ഞാൻ പൊട്ടിച്ചിരിച്ചിട്ടുണ്ടു്. 'പിന്തിരിപ്പന്മാർ ബുദ്ധിഹീനന്മാർ' എന്നെല്ലാം അവരെ പഴിച്ചിട്ടുണ്ടു്. ഉയർച്ചയെ ചുംബിക്കാൻ ശ്രമിക്കാതെ, താഴ്ചയെ താലോലിക്കാൻ ഉപദേശിക്കുന്ന ആ പഴഞ്ചന്മാരെ അന്നു ഞാൻ നിശ്ശേഷം വെറുത്തിരുന്നു. പക്ഷേ, കാലാന്തരത്തിൽ എനിക്കുണ്ടായ അനുഭവം ആ പഴഞ്ചൊല്ലിന്റെ പരമാർത്ഥം വെളിവാക്കി. അവരെ ഞാൻ അകമഴിഞ്ഞു വാഴ്ത്തി. എന്റെ ബുദ്ധിയില്ലായ്മയെപ്പററി സ്വയം പശ്ചാത്തപിച്ചു.

ഭാനു തിരുവനന്തപുരത്തെ ഒരുന്നത ഉദ്യോഗസ്ഥന്റെ മകളാണ്. പണവും പ്രതാപവും ഒത്തൊഴുകുന്ന ഒരു കുടുംബത്തിലെ അംഗം. കഷ്ടത എന്തെന്നു് അവൾ അറിഞ്ഞിട്ടില്ല. വിശപ്പിന്റെ വേദന അനുഭവിച്ചിട്ടില്ല. സമൃദ്ധിയിൽ ജനിച്ചു്, സന്തോഷത്തിന്റെ തൊട്ടിലിൽ വളരുകയായിരുന്നു അവൾ.

തിരുവനന്തപുരത്തുകാളേജിൽ പഠിക്കുന്നകാലത്താണ് ഞാൻ അവളെ ആദ്യമായി കണ്ടതു്. കാറിൽകയറി അവൾ കാളേജിൽ വരും. അവളെ ഒരു നോക്കുകാണുവാൻ അന്നു് എത്രയെത്ര ചെറുപ്പക്കാർ കവലകളിലും പബ്ലിക്കു റോഡുകളിലും കാത്തുനിന്നിരുന്നു. അവളുടെ നടത്തയും ഭാവവും, ശബ്ദവും, സംഭാഷണവും എല്ലാം ആകർഷണീയമായിരുന്നു.

അവളെ കിട്ടുന്നവനാണ് യഥാർത്ഥത്തിൽ ഭാഗ്യവാനെന്നു കാളേജുകുട്ടികൾ കൂടുന്നിടത്തെല്ലാം പറയും. ആ അഭിപ്രായം സർവ്വസമ്മതമായി അവർ അംഗീകരിച്ചിരുന്നു. പല യുവാക്കന്മാരും ആ ഭാഗ്യകുറി തനിക്കു കിട്ടണേ എന്നു് അനുദിനം പ്രാർത്ഥിച്ചുപോന്നു. അവൾ വൈകിട്ടു ഉദ്യാനത്തിൽ ഉലാത്തുന്നതു കാണുവാൻ, അവളുടെ സംഗീതം കേൾക്കുവാൻ, മററെല്ലാ കാര്യങ്ങളും മുടക്കി, വായനപോലും ഉപേക്ഷിച്ചു് അവളുടെ വീട്ടിനു മുൻവശത്തുള്ള റോഡിൽക്കൂടി ഞങ്ങൾ അനേകം പ്രാവശ്യം നടന്നിട്ടുണ്ടു്. എന്റെ സ്നേഹിതന്മാർ അവളെ കാണിക്കാനായി വിലകൂടിയ എത്രയെത്ര സില്ക്കു ഷർട്ടുകൾ തയ്പിച്ചിട്ടുണ്ടു്: എത്ര ടിൻ പൗഡർ മുഖത്തിട്ടിട്ടുണ്ടു്; എത്ര സിഗററുകൾ എരിച്ചുകളഞ്ഞിട്ടുണ്ടു്! എല്ലാം യുവത്വത്തിന്റെ ചില ചപലതകൾ. ഇന്നതെല്ലാം ഓർത്തോർത്തു് ഓരോരോ വ്യക്തിയും സ്വയം ലജ്ജിക്കാതിരിക്കയില്ല.

ഭാനുവിനെ ഞാൻ വിവാഹം കഴിച്ചപ്പോൾ പലരും എന്നെ അനുമോദിച്ചു; പ്രശംസകൾകൊണ്ടു പൊതിഞ്ഞു. എനിക്കു കൈവന്ന അസുലഭഭാഗ്യത്തിൽ ചിലർ അസൂയപ്പെട്ടു. അവളെത്തന്നെ സ്വപ്നം കണ്ടുകൊണ്ടിരുന്ന ചില ചെറുപ്പക്കാർ നിരാശരായി നാടുപോലും വിട്ടു.

എന്നാൽ ഭാനുവുമായുള്ള എന്റെ ദാമ്പത്യജീവിതം ഞാൻ പ്രതീക്ഷിച്ചിരുന്നതുപോലെ മധുരമായിരുന്നില്ല; സ്വപ്നംകണ്ടിരുന്നതുപോലെ മോഹനമായിരുന്നില്ല. അവളുടെ ദേഹത്തിനുണ്ടായിരുന്ന മൃദുലത്വം മനസ്സിനില്ലായിരുന്നു. അവളൊരുദ്യോഗസ്ഥന്റെ മകളാണെന്നുള്ള അഹംഭാവം ഏതിലും മുന്തിട്ടുനിന്നിരുന്നു. അവളുടെ അച്ഛന്റെ പ്രതാപം പുകഴ്ത്തിപ്പാടുക അവളുടെ പതിവാണ്. ആ പൊങ്ങത്തം കേട്ടു കേട്ടു് ചെവികൾ തഴമ്പിച്ചു. ഒരിക്കൽ എനിക്കു ദേഷ്യംവന്നു. ഞാൻ അവളെ ശാസിച്ചു.

ഭാനു! നിന്റെ അച്ഛന്റെ പ്രതാപമെല്ലാം അവിടെ ചെന്നിട്ടു വിളമ്പിയാൽ മതി. അതെന്നും കേട്ടുകേട്ടു് എനിക്കു മതിയായി'. ഭാനുവിനു് എന്റെ ശാസനം തീരെ പിടിച്ചില്ല. അവൾ അക്കാരണത്താൽ ഒരാഴ്ചയോളം എന്നോടു മുഖം മുറുത്തുകഴിച്ചു.

ഭാനുവിനെ വിശപ്പിന്റെ വേദന ഒന്നറിയിക്കണമെന്നു തീരുമാനിച്ചുറച്ചുകൊണ്ടാണ് ഞാൻ അന്നു രാത്രി കിടക്കയിൽ ചെന്നു കിടന്നതു്.

പിറേറദിവസം നേരംവെളുത്തു. ഭാനു എഴുന്നേററെങ്കിലും അവളുടെ മുഖം പരിഭവംകൊണ്ടു വീർത്തിരുന്നു. അവൾ എന്നോടു് അധികം സംസാരിച്ചില്ല. ഞാൻ കുളി മുതലായവകഴിഞ്ഞു വേഷംമാറി ആഫീസിൽപോകാൻ ഇറങ്ങിയപ്പോൾ അവൾ എന്നെ ഓർമ്മപ്പെടുത്തി.

'ഇന്നു റേഷൻ മേടിക്കണം. ഇവിടെ യാതൊന്നുമില്ല.'

ഞാൻ മറുപടിയൊന്നും പറയാതെ ജോലിക്കുപോയി.

റേഷൻധാന്യം മാത്രം ആശ്രയിച്ചുകഴിയുന്നകാലം. അരപ്പട്ടിണിയാണെങ്കിലും കരിഞ്ചന്തയിൽ കാലെടുത്തുകുത്താൻ എനിക്കു മടിയാണ്. എന്റെ മടിശ്ശീല അതിനനുവദിക്കുകയുമില്ല. റേഷനരിവാങ്ങി ജീവിക്കുക ഏററവും കുറവായിട്ടായിരുന്നു ഭാനു കണക്കാക്കി വന്നതു്. അവളുടെ കുടുംബസ്ഥിതിക്കും, അച്ഛന്റെ ഉദ്യോഗപദവിക്കും ഒട്ടും യോജിച്ചതല്ലെന്നാണ് അവളുടെ ന്യായവും, വാദവും. ആവശ്യത്തിലധികം നെല്ല് അവളുടെ അച്ഛനു് ആണ്ടുതോറും പാട്ടം കിട്ടുന്നുണ്ടു്. എന്തുകൊണ്ടു് അതിൽ കാച്ചുകൊണ്ടുവന്നു സുഖമായി കഴിയുന്നില്ലെന്നാണ് അവളുടെ പരാതി; എന്റെപേരിൽ അവൾ ആരോപിക്കുന്ന കുററം. അക്കാര്യത്തിൽ ഞാൻ അശേഷം അനുകൂലിച്ചില്ല. ഭാര്യാധനത്തിൽകഴിയുന്നതു് എന്റെ ആത്മാഭിമാനത്തിനും പൗരുഷത്തിനും ഒട്ടും യോജിച്ചതായിരുന്നില്ല. പരാശ്രയംകൂടാതെ ജീവിക്കുന്നതിലാണെല്ലോ വ്യക്തിമാഹാത്മ്യം സ്ഥിതിചെയ്യുന്നതു്.

അക്കാലത്തു് എനിക്കു വീട്ടിൽ വേലക്കാർ ആരുമില്ലായിരുന്നു. ഞാൻതന്നെയാണു വേലക്കാരനും യജമാനനും. റേഷൻവാങ്ങുന്നതും മററും ഞാനായിരുന്നു. അതെല്ലാം കുറച്ചിലായിട്ടാണ് ഭാനു ഗണിച്ചിരുന്നതു്. രണ്ടുദിവസം റേഷൻ മേടിക്കാതിരുന്നാൽ ഭാനുവിനെ വിശപ്പിന്റെ ചൂടു മനസ്സിലാക്കാമെന്നു ഞാൻ കരുതി. അവൾക്കു ജീവിതത്തിൽ ഒരു പാഠമായിരിക്കും, ദുരഭിമാനിയായ അവൾ തീർച്ചയായും അടുത്ത വീടുകളിൽനിന്നും ഒന്നും കടം വാങ്ങുകയില്ലെന്നു് എനിക്കു നല്ല ധൈര്യമുണ്ടായിരുന്നു.

അന്നു വൈകിട്ടു ഞാൻ റേഷൻവാങ്ങാതെ വെറുംകയ്യോടെ വീട്ടിലെത്തി. ഭാനു മുഖം വീർപ്പിച്ചുകൊണ്ട് എന്നോടു ചോദിച്ചു.

'നിങ്ങൾ റേഷൻ വാങ്ങിയില്ലേ?'

'ഇല്ല'.

'പിന്നെങ്ങിനെയുണ്ണും.'

'എങ്ങിനെയെങ്കിലും.'

'അപ്പോൾ ബാക്കിയുള്ളവർ പട്ടിണികിടന്നു ചാകണം. അല്ലേ?'

(ശേഷം 11-ാംപേജിൽ)

# കലാമർമ്മവും കാവ്യധർമ്മവും

പണ്ഡിററ് കെ. ഭരതൻ

ആവശ്യത്തിന്റെ അതിരുകവിഞ്ഞ് അലങ്കാരത്തിലേക്കു കടക്കുന്ന മനസ്സ് മനുഷ്യന്റെ നിസർഗ്ഗസിദ്ധമാണ്. ഒരുദാഹരണംകൊണ്ടുതന്നെ പ്രസ്തുതകാര്യം വ്യക്തമാകാം. കിടക്കുന്നതിനുവേണ്ടി ഒരു കട്ടിൽ ആവശ്യമാണ്. ഇംഗ്ലീഷുമട്ടിലുള്ളതെന്നു ഒരുമാതിരി ഒഴുക്കൻ കട്ടിലുകൊണ്ട് ആ ആവശ്യം സാധിക്കയും ചെയ്യാം. എന്നാൽ കിടക്കുക എന്ന അതേ ആവശ്യത്തിനുവേണ്ടിത്തന്നെ പണിയുന്ന അനേകം ശില്പവേലകൾ ചെയ്തിട്ടുള്ള കട്ടിലുകൾ സാധാരണ കാണാറുണ്ടല്ലോ. 'കിടക്കുക' എന്ന ആവശ്യത്തിനും ശില്പവേലകൾക്കുമായി യാതൊരു ബന്ധവുമില്ല. പിന്നെന്തിനാണ് ശില്പവേലകളെല്ലാം കട്ടിലിൽ ചെയ്യുന്നത്? ആവശ്യത്തിൽകവിഞ്ഞ് ആനന്ദത്തിനുവേണ്ടിയുള്ള മനുഷ്യമനസ്സിന്റെ വെമ്പലാണ് അവിടെ നാം കാണുന്നത്. ഇത്തരത്തിലുള്ള ഒരു വാസന അവന്റെ ഗൃഹനിർമ്മിതിയിലും, ഗൃഹോപകരണനിർമ്മിതിയിലും, വേഷഭൂഷാദികളിലും, ഭാഷയിലും എന്നുവേണ്ട അവനെ സംബന്ധിക്കുന്ന ഏതുവിഷയത്തിലും കാണാം. ഈ വാസനയാണ് കലോൽപത്തിയുടെ മർമ്മം.

മനുഷ്യമനസ്സ് ആനന്ദാന്വേഷിക്കുവേണ്ടി കുതികൊള്ളുകയാണെന്നു പറഞ്ഞുവല്ലോ. പ്രകൃതിസൗന്ദര്യം അവനെ ആനന്ദിപ്പിക്കുന്നുണ്ട്. പക്ഷെ ബുദ്ധിശക്തികൊണ്ട് അന്യജന്തുക്കളിൽനിന്നും ഭിന്നനായ മനുഷ്യൻ ആ കാഴ്ചകൊണ്ടു മാത്രം സംതൃപ്തനല്ല. അവൻ എപ്പോഴും ഈശ്വരസൃഷ്ടികളെ അനുകരിക്കാനുള്ള ശ്രമത്തിൽ വ്യാപൃതനാണ്. ഈശ്വരനാൽ സ്വതന്ത്രരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്രഷ്ടാവാകാൻ ആഗ്രഹിക്കുന്നതിൽ എന്താണതിശയം. പക്ഷേ മനുഷ്യൻ അപൂർണ്ണനാണെന്നുള്ള കാര്യം അവനു് അറിയുന്നതേയില്ല. അവന് ഈശ്വരസൃഷ്ടികളെ പകർത്താനല്ലാതെ സ്വതന്ത്രമായി സൃഷ്ടിക്കാൻ കഴിവില്ല. ഈശ്വരൻ ആനന്ദത്തിനുവേണ്ടി സൃഷ്ടിക്കുന്നു; മനുഷ്യൻ ആനന്ദത്തിനുവേണ്ടി ഈശ്വരസൃഷ്ടികളെ പകർത്തുന്നു. ആനന്ദാന്വേഷികളുടെ ഉള്ളവർ കുന്നവിധത്തിൽ ആ കൃത്യം നിർവഹിക്കുന്നവനെയാണ് നാം കലാകാരനെന്നു പറയുന്നതു്. 'കലാസ്യാദ്ഭംശശില്പയോഃ' എന്നാണു് ഹൈമൻ കലയ്ക്കു അർത്ഥകല്പനചെയ്തിരിക്കുന്നതു്. 'ശില്പ' എന്ന അർത്ഥത്തിലാണു് കലയെ നാം വ്യവഹരിച്ചുപോരുന്നതു്. 'ശീലസമാധൗ' എന്ന ധാതു[illegible]ർത്ഥമനുസരിച്ചു നോക്കുമ്പോൾ ശില്പമെന്നതിന്റെ അർത്ഥം 'മനസ്സിരുത്തി ചെയ്യുന്നതു്' എന്നാണു്. മനസ്സിരുത്തി ചെയ്യുന്ന പ്രകൃത്യനുസരണങ്ങളായ സൃഷ്ടികൾ ശില്പമാകും. അതുതന്നെയാണ് കല. സമാധിസ്ഥനായി അഥവാ ഏകാഗ്രതയോടുകൂടി കലാസേവനംചെയ്യുന്നയാളാണ് യഥാർത്ഥകലാകാരൻ. കാവ്യനിർമ്മാണത്തിൽ കലാകാരന്റെ സമാധി വികാരമാണ്. ഹൃദയം വികാരതരളിതമാകുമ്പോൾ പുറപ്പെടുന്ന കാവ്യം ശില്പമാകയാൽ അതു യഥാർത്ഥകലയായി പരിലസിക്കും.

കാവ്യം അഥവാ സാഹിത്യം ഒരു കലയാണെന്നു പറഞ്ഞുകഴിഞ്ഞു. ആശയവിനിമയത്തിനു ഭാഷമതിയെന്നിരിക്കെ, ഭാഷയെ ചമൽക്കരിച്ചു സൃഷ്ടിക്കുന്ന സാഹിത്യത്തിന്റെ ഉദ്ദേശം ആവശ്യത്തിൽ കവിഞ്ഞ ആനന്ദാനുഭൂതിതന്നെയാകുന്നു. എന്നാൽ അതിലുമുപരിയായി മററു കലകളിലില്ലാത്ത ഉൽകൃഷ്ടമായ ഒരുദ്ദേശംകൂടി സാഹിത്യത്തിനുണ്ടു. അതാണു കലകളിൽ സാഹിത്യത്തിനു പ്രഥമസ്ഥാനം കിട്ടാനുള്ള ഹേതു. അതു മറെറാന്നുമല്ല, ഒരു കാന്തയെപ്പോലെ രസിപ്പിച്ചു് ഉപദേശിക്കാനുള്ള കഴിവു് അതെ, മനുഷ്യരുടെ മനസ്സുനു കടിഞ്ഞാണിടുന്ന ആ കഴിവു്.

'ആനന്ദം' എന്ന ശബ്ദത്തിന്റെ ഇല്യാർത്ഥമുള്ള ഒരു ശബ്ദം പാശ്ചാത്യഭാഷകളിൽ ഒന്നുംതന്നെയില്ലെന്നാണു് വിവേകാനന്ദസ്വാമികൾ പറഞ്ഞിട്ടുള്ളതു്. അതു മനസ്സിന്റെ ഉൽകൃഷ്ടവികാരമാണ്. പരസരത്തെപ്പററിയുള്ള പരമാണുപ്രായമായ ചിന്തപോലും ആ വികാരത്തിനധീനനാകുന്ന ഒരാൾക്കു ഉണ്ടാവുകയില്ല. അയാൾ തന്നെത്താൻ മറന്നു കഴിയും. വികാരംകൊണ്ടു ദ്രവീകരിക്കുന്ന മനസ്സ് അതേപടിയിൽതന്നെ പൂർവാവസ്ഥയെ പ്രാപിക്കുകയാണെങ്കിൽ ആ വികാരംകൊണ്ടു പ്രയോജനമില്ല. എന്നാൽ വികാരംകൊണ്ടു വിധേയമായ മനസ്സിനെ പെട്ടെന്നു രൂപാന്തരപ്പെടുത്തുകയാണെങ്കിൽ അതു് ആ രൂപാന്തരപ്പെട്ടനിലയിൽതന്നെ ഇരുന്നുകൊള്ളും. മനസ്സിനെ വികാരപൂർണ്ണമാക്കുന്നതിനും അതിനെ ഏതുനിലയിൽ വാർത്തെടുക്കുന്നതിനുമുള്ള കഴിവു സാഹിത്യത്തിനുണ്ട്. മനുഷ്യമനസ്സിനെ സംസ്കരിക്കുകയെന്നുള്ളതായിരിക്കണം സാഹിത്യത്തിന്റെ പ്രഥമമായ ഉദ്ദേശം. അതാണു കാവ്യത്തിന്റെ ധർമ്മം. സാഹിത്യകാരന്റെ കേവലം സൃഷ്ടിമാത്രമാണ് സാഹിത്യം. ആ സാഹിത്യമാണ് മനസ്സിനെ രൂപാന്തരപ്പെടുത്തുന്നതു്. ഇതിൽനിന്നും മനുഷ്യമനസ്സിനെ ഓരോ രൂപത്തിൽ വാർത്തെടുക്കുന്നതു സാഹിത്യകാരനാണെന്നുള്ള പരമാർത്ഥം വ്യക്തമാവുമല്ലോ.

ഒരു രാഷ്ട്രത്തിന്റെ മാനസികമായ പുരോഗതി അവിടത്തെ സാഹിത്യകാരന്മാരെയാണ് ആശ്രയിച്ചിരിക്കുന്നതു്. സാഹിത്യകാരന്റെ കൃത്യം എത്ര ഉത്തരവാദിത്വം നിറഞ്ഞതാണെന്നു ആലോചിച്ചുനോക്കുക! സാഹിത്യകാരൻ സ്വയമേവ സംസ്കൃതചിത്തനായിരിക്കണം. എന്തുകൊണ്ടെന്നാൽ സംസ്കൃതമായ ഒരു ഹൃദയത്തിൽനിന്നു മാത്രമേ സരസവും സംസ്കാരകവുമായ സാഹിത്യം ഉണ്ടാവുകയുള്ളു. സാഹിത്യകാരൻ അസംസ്കൃതനായാലുണ്ടാകാവുന്ന ദോഷം അചിന്ത്യമാണ്.

[illegible]അസംസ്കാരമോ സംസ്കാരവ്യത്യാസമോകൊണ്ടുണ്ടാകുന്ന ദോഷങ്ങൾക്കു കഴിഞ്ഞ ലോകമഹായുദ്ധംതന്നെ ഉദാഹരണമാണ്. ഒന്നുരണ്ടു വ്യക്തികളുടെ അഭിപ്രായഭിന്നതകളുടെഫലമായിട്ടാണ് കോടാനുകോടി നിരപരാധികളായ ആളുകൾ മൃതിക്കിരയാകേണ്ടിവന്നതു്. യുദ്ധത്തിന്റെ ബീഭത്സാവശങ്ങളെപ്പററി ചിന്തിക്കാനും വേണ്ടനടപടികളെടുക്കാനും ആരെങ്കിലും മനസ്സുണ്ടായെങ്കിലോ? ഇതുപോലെതന്നെയാണ് സാഹിത്യകാരന്റെ അപരിപക്വമായ മനസ്സും ലോകത്തിനു് ഉപദ്രവമുണ്ടാക്കാനിടയുള്ളതു്. പക്ഷേ ഒരു വ്യത്യാസമുണ്ടെന്നു നമുക്കു് ആശ്വസിക്കാം. യഥാർത്ഥനിരൂപകന്മാർ ഉള്ളിടത്തോളംകാലം നിരൂപണവിധേയരാകാൻ അധികാരപ്രമത്തത അനുവദിക്കാത്ത രാഷ്ട്രാധിപതികളുടെ അവിഹിതങ്ങളായ പ്രവൃത്തികളുടേതുപോലുള്ള ഫലം സാഹിത്യകാരൻ എത്രതന്നെ ദുഷിച്ചാലും സാമാന്യജനങ്ങൾ അനുഭവിക്കേണ്ടിവരികയില്ല.

ആഹാരവിഹാരാദികൾകൊണ്ടു് ശരീരം പരിപുഷ്ടമാകുന്നതുപോലെ സാഹിത്യത്താൽ മനസ്സ് പരിപുഷ്ടമാക്കപ്പെട്ടും. അതിനാൽ സാഹിത്യം മനുഷ്യനു ആവശ്യംതന്നെ എന്നുവരുന്നു. ആവശ്യത്തിൽകവിഞ്ഞുള്ള ഒന്നാണു് കലയെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ.

എന്നാൽ ഒരു കലയായ സാഹിത്യം ആവശ്യമെന്നു വന്നിരിക്കുന്നതിന്റെ ഔചിത്യത്തെപ്പററി ആലോചിച്ചുനോക്കുക. സാഹിത്യമെന്നപേരിൽ എന്തെങ്കിലും എഴുതിവിടുന്ന ആഭാസങ്ങൾക്കു് സാഹിത്യമെന്നുപറയാൻ നിവൃത്തിയില്ല. സാഹിത്യാഭാസങ്ങളെ സാഹിത്യപരിധിയിൽനിന്നൊഴിച്ചാൽ മാനസികപരിപുഷ്ടിയെ ഉണ്ടാക്കുന്ന സാഹിത്യം മനുഷ്യനു ആവശ്യമല്ല അത്യന്താപേക്ഷിതമാണെന്നു കാണാൻകഴിയും.

മലയാളസാഹിത്യത്തിന്റെ കാര്യമാണെങ്കിൽ സാഹിത്യകൃതികൾക്കോ സാഹിത്യകാരന്മാർക്കോ ഇന്നു യാതൊരു കുറവുമില്ലെന്നൊരു മിഥ്യാബോധം കാണുന്നുണ്ട്. വാസ്തവം നേരേമറിച്ചാണ്. ഇന്നത്തെ സാഹിത്യകൃതികളുടെ എണ്ണത്തിലും സാഹിത്യകാരന്മാരുടെ വണ്ണത്തിലും പുരോഗമനം കാണുന്നുണ്ടെങ്കിലും സാഹിത്യത്തിനു വലിയ പുരോഗതിയൊന്നും കാണുന്നില്ലെന്നു് വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. വായിൽ തോന്നുന്നതെല്ലാം എഴുതിവിടുന്നതല്ല സാഹിത്യമെന്നു് ഇന്നത്തെ പല സാഹിത്യകുഞ്ജരന്മാരും മനസ്സിലാക്കിയിട്ടില്ലെന്നുവേണം വിചാരിക്കാൻ. മനുഷ്യനിലുള്ള മൃഗീയവികാരങ്ങളെ തട്ടിയുണർത്താൻ യത്നിക്കുന്ന സാഹിത്യകാരൻ സാഹിത്യമർമ്മജ്ഞനല്ല. മൃഗീയവികാരങ്ങളെ തട്ടിയുണർത്തി മനുഷ്യനെ മൃഗമാക്കാൻ ശ്രമിക്കുന്നു എന്നല്ലാതെ ഇത്തരത്തിലുള്ള സാഹിത്യാഭാസങ്ങൾകൊണ്ടു് ലോകത്തിനെന്തുപകാരമാണുള്ളതു്. പാഠത്തിൽ രസമുണ്ടാക്കി കുട്ടികളെ രസിപ്പിച്ചു പഠിപ്പിക്കണമെന്നുള്ള അദ്ധ്യാപകതത്വത്തെപ്പററി ശരിയായി ചിന്തിച്ചു മനസ്സിലാക്കാതെ രസിപ്പിച്ചുപഠിപ്പിക്കാനായി ഒരദ്ധ്യാപകൻ മൂക്കിനുതാഴെ കരികൊണ്ടു മീശവരച്ചു് ക്ലാസ്സിൽ വന്നു കുട്ടികളെ രസിപ്പിച്ചു് ചിരിപ്പിച്ചു് 'രസിപ്പിച്ചു പഠിപ്പിച്ചു' എന്നഭിമാനിക്കുന്ന കഥയാണ് ഓർമ്മയിൽ വരുന്നതു്. അമ്മയ്ക്കു് മകനോടു പ്രണയമുണ്ടായി എന്നെല്ലാം പറയുന്ന മൃഗീയകഥകൾ ബാഹ്യമായി എന്തുതന്നെയായാലും അതിനകത്തു് എലി ചത്തുകിടന്നാലെന്നപോലുള്ള വിരക്തിയോടുകൂടിയല്ലാതെ വീക്ഷിക്കുന്നതെങ്ങനെ?

പുരാതിനസാഹിത്യകാരന്മാർ സംഭോഗശൃംഗാരത്തെ വർണ്ണിക്കാതെ കഴിഞ്ഞുകൂടിയതിന്റെ രഹസ്യമെന്തെന്നു് ആലോചിക്കേണ്ടതാണ്. 'മർത്ത്യന്റെ മറപ്പതിലാണു മോഹം' എന്നുള്ളതു് മനശ്ശാസ്ത്രപരമായി വളരെ പരമാർത്ഥമുള്ള സംഗതിയാണ്. അതുകൊണ്ടു് മനുഷ്യൻ വസ്ത്രാദികളെക്കൊണ്ടു ചെയ്യാറുള്ളതുപോലെ സാഹിത്യകാരൻ സാഹിത്യത്തിലും ചിലതെല്ലാം മറച്ചുകളയുന്നു. അവ സാഹിത്യത്തിനു ഭംഗിയെ വർദ്ധിപ്പിക്കുകയേയുള്ളു. മഹാകവി കാളിദാസൻ ശകുന്തളയേയും ദുഷ്യന്തനേയും മാത്രം വള്ളിക്കുടിലിലാക്കിയിട്ടു് ആ രംഗത്തിൽ നിന്നും വിരമിച്ചുകളഞ്ഞു. ഇന്നത്തെ കാളിദാസന്മാർക്കാണെങ്കിൽ പിന്നത്തെ സാഹിത്യമുള്ള രംഗങ്ങൾ കാണാനാണ് കണ്ണുള്ളതു്. എന്തു ചെയ്യാം! കാലംമറിഞ്ഞു് കലികാലമായി എന്നു സമാധാനപ്പെടാതെ ഗത്യന്തരമില്ല. മനുഷ്യനിൽ സാത്വികവികാരങ്ങളെ ഉണ്ടാക്കാനും, വികാരതരളിതമായ മനസ്സിനെ മനോജ്ഞമായി രൂപാന്തരപ്പെടുത്താനും സാഹിത്യകാരൻ ഒരുങ്ങുന്നില്ലെങ്കിൽ ഭയാനകമായ ഒരു അപരിഷ്കൃതഭാവിയെ സമീപിക്കേണ്ടിവരുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല. മാനസികസംസ്കാരമുള്ള മനുഷ്യസ്നേഹികളായ കലാകാരന്മാർ സാഹിത്യപന്ഥാവിലേക്കിറങ്ങിയാലല്ലാതെ സാഹിത്യം അതിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുകയില്ല. കലയുടെ മർമ്മവും കാവ്യത്തിന്റെ ധർമ്മവും ഓരോ സാഹിത്യകാരനും ഓർത്തിരിക്കേണ്ടതാണ്.

—o—

## ഹിന്ദീസ്വയം ശിക്ഷക

വില രൂ. 1. ണ. 8.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ് കൊല്ലം

## Azad Tooth Powder

This tooth powder not only whitens the teeth but also gives immediate cure to Tooth Ache, Bleeding, Gum Trouble and also removes foul smell in the mouth.

**AGENTS WANTED**

Product of:—

The Ambol Ointment Mfg. Co., Madura.

# ദി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ക്ലിപ്തം

(ഹെഡ്ആഫീസ്: ബോംബെ)

## ഫയർ, ലൈഫ്, മറയിൻ & ആക്സിഡൻറ്

എന്നീ വകുപ്പ് ഇൻഷ്വറൻസ് നടത്തുന്നു

ചെയർമാൻ—സർ ചുനിലാൽ വി. മേത്ത.

വൈസ്ചെയർമാൻ—ജെ. ആർ. ഡി. ടാററാ അവർകൾ

ലൈഫ് ബിസിനസ്സ് തുകകൾ

പുതിയ ബിസിനസ്സ് (1945-ലെ) 8 കോടിക്കുമേൽ

നിലവിലുള്ള ബിസിനസ്സ് (31-12-1945-ൽ) 27 കോടിക്കുമേൽ

ധനപരമായനില

| | | |
|---|---|---|
| അടച്ച മൂലധനം | ,, | രൂ. 71,21,055 |
| ആകെ ഫണ്ടുകൾ | ,, | 7 കോടക്കുമേൽ |
| ആകെ സ്വത്തു് | ,, | ഉദ്ദേശം 9 കോടി |
| തുടങ്ങിയതുമുതൽ ആകെ കിട്ടിയപ്രീമിയം | } | 24 കോടിക്കുമേൽ |
| ആകെ കൊടുത്ത ക്ലെയിംസ് | | 12 കോടിക്കുമേൽ |

ഇൻഷ്വർ ചെയ്യുന്നതിനും, പ്രതിനിധീകരിക്കുന്നതിനും, ഇന്ത്യയിലെ ഒന്നാംതരം കമ്പനി.

സ്വാധീനശക്തിയുള്ള സ്ത്രീ പുരുഷന്മാരിൽനിന്നും തിരുവിതാംകൂറിലെ വവിധസ്ഥലങ്ങളിൽ ഈ കമ്പനിയെ പ്രതിനിധീകരിക്കുന്നതിനു് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷിക്കുക—

പി. ജെ. മത്തായി ബി. എ
ഓർഗനൈസർ,
ശീമാട്ടിഹാൾ—ആലപ്പുഴ.

കെ. ഗണപതി,
ബ്രാഞ്ച് മാനേജർ,
മദ്രാസ് ബ്രാഞ്ച്
4 & 5 ഫസ്റ്റ് ലൈൻബിച്ച്.

# പനാമാ തോട്

യു. കെ.

ലോകത്തു മനുഷ്യൻെറ മേധാശക്തി സമാർജ്ജിച്ചിട്ടുള്ള വിജയസമ്പത്തുകൾ നിരവധിയാണ്. അതിപ്രാചീനകാലംമുതൽ അവൻെറ ഉൽക്കർഷോന്മുഖമായ ധിഷണാവ്യാപാരം പ്രകൃതിയുമായി ഏറ്റുമുട്ടുകയും ക്ലേശസമ്പൂർണ്ണങ്ങളായ നീണ്ടനീണ്ട ത്യാഗാനുഭവങ്ങൾക്കുശേഷം വിജയപതാക ഉയർത്തി ലോകത്തെ വിസ്മയിപ്പിക്കുകയും ചെയ്തിട്ടുള്ള സംഭവങ്ങൾ നൂറോ ആയിരമോ അല്ല. ഇവകൾക്കു മകുടം ചാർത്തുന്ന ഒരു മഹൽനേട്ടമാണ് പനാമാതോട്.

വടക്കേ അമേരിക്കയെ തെക്കേ അമേരിക്കയിൽനിന്നും വേർതിരിച്ച് അതലാന്തിക മഹാസമുദ്രത്തെ പസഫിക്കിനോട് സംയോജിപ്പിക്കുന്ന പനാമാതോട് ഭ്രമിതസ്ഥപരമായുള്ള പ്രാധാന്യത്തിലുമുപരി പ്രാണപ്രസിദ്ധമായ ഭഗീരഥപ്രയത്നത്തിന് ദൃഷ്ടാന്തമായി നിലകൊള്ളുന്നു. ക്രി. ഡി. 1859-ൽ സമാരംഭിച്ചു 1869 നവംബർ 17-ാം തീയതിയിലെ സൗഭാഗ്യസുന്ദരമായ സുപ്രഭാതത്തിൽ നവലോകത്തിനു തിരുമുൽക്കാഴ്ചയായർപ്പിക്കപ്പെട്ട സൂയസ് (Suez Canal തോടിൻെറ നിർമ്മാതാവായ മി. ലസെപ്സ് France's Count Ferdinand de Lesseps) എന്ന അനുഗൃഹീതനായ ഫ്രഞ്ചു് ഇൻജിനീയരുടെ മറ്റൊരു മഹൽപ്രാഭൃതമാണ് പനാമാ എന്നു പറയുന്നതിൽ അധികം തെററില്ല. അപകടസമ്പൂർണ്ണമായ ഹാൺ (Horn) മുനമ്പിനെ ചുററിയുള്ള അനിശ്ചിതകാലത്തെ യാത്രാക്ലേശങ്ങളേയും ഭീമനഷ്ടങ്ങളേയും പാടേ പരിഹരിച്ച് മാസങ്ങളെ മണിക്കൂറുകളാക്കി ചുരുക്കി, 5000 മൈൽ ദൂരത്തെ കേവലം 45-ഉലക്കൊതുക്കി, മനുഷ്യയത്നത്തിൻെറ വിജയവൈജയന്തിയായി പരിലസിക്കുന്ന പനാമാ എൻജിനീയറിംഗ് പുരോഗതിയുടെ ഒരു അളവുകോലായി പരിഗണിക്കപ്പെടാം.

മലമ്പനിയുടെ വിഹാരരംഗമായിരുന്ന ഡാറിയൻ (Darien Hill) മലകളെ തരണംചെയ്തു ക്രി: വ: 1513-ൻെറ ഉത്തരാർദ്ധത്തിൽ ഒരുദിവസം മി. ബാൽബോവാ (Vasco Nunez de Balboa) പസിഫിക്കതീരത്തെത്തി. തന്മസംവിനം അദ്ദേഹത്തിൻെറ അനുയായി മി: ആൽവാരോ (Alvaro de sax vedra ceron) പനാമാകരയിടുക്കിൽ അത്യന്താപേക്ഷിതമായ ഒരു തോട്ടിൻെറ സാദ്ധ്യതയെ സംസ്കരിക്കയും ചെയ്തു. ഫഞ്ചുകാരായിരുന്ന ഇവർതങ്ങളുടെ രാജ (Charels V of Spain) സന്നിധിയിൽ സമർപ്പിച്ച ഏതദ്വിഷയകമായ റിപ്പോർട്ട ഗൗരവപൂർവ്വം പഠിപ്പിനാർഹമായി എങ്കിലും ഒന്നരണ്ടു നൂററാണ്ടുകാലം പ്രവർത്തനപരിപാടിയുമൊന്നുണ്ടായില്ല. മൈലൊന്നിനു 125 മനുഷ്യാത്മാക്കളുവീതം തിന്നൊടുക്കിക്കൊണ്ട് കാലിഫോർണിയായിലെ സ്വർണ്ണഖനികളിലേക്കു ചൂളംകുത്തി നീണ്ടുനിവന്ന പനാമാ റെയിൽപാത 1848 ൽ പൂർത്തിയായപ്പോഴും അനുവരേ പ്രകൃതിക്കും മനുഷ്യനും മുടയിൽ മുഴച്ചുനിന്നിരുന്ന ഈ ചോദ്യചിഹ്നം മാഞ്ഞുമറഞ്ഞു. 1870-ൽ സൂയസ്‌തോട്ടനിർമ്മാണത്തിൽ വിജയോന്മത്തനായി തിരിച്ചുവന്ന മി. ലസ്സി ഇക്കാര്യത്തിൽ നിയുക്തനാവുകയും 1882 ജാനുവരി 20-ാംതീയതി കലീബറാ (Culebra cut-now Gaillard) തുരങ്കത്തിൻെറ പണി ആരംഭിക്കുകയും ചെയ്തു. പ്ലേഗ്, വസൂരി, മലമ്പനി എന്നീ മഹാമാരികളോടും കഠിനക്ഷാമങ്ങളോടുമേററുകൊണ്ടുള്ള അതിഘോരമായ പോരാട്ടത്തിൽ പടവെട്ടുള്ള 70,000 കൂലിപ്പണിക്കാരും 40 കോടി ഡാളറും ആ ഉദ്യമത്തിൽ അർപ്പിച്ചിട്ടും ശാശ്വതവിജയത്തിലെത്തുകയുണ്ടായില്ല. 1893-ൽ മറെറാരു ഫ്രഞ്ചുകമ്പനി പ്രസ്തുത കൃത്യം ഏറെറടുത്തുവെങ്കിലും ഗണ്യമായ പുരോഗതി വരുത്തിയില്ല. ഏതായാലും അമേരിക്കൻ—ഫ്രഞ്ചുയുദ്ധവേളയിൽ വിലയേറിയ ആയുസ്സുകളും കൊടുംയാതനകളും താങ്ങി ഹാൺമുനമ്പിനെ ചുററിയുള്ള ഒറിഗൺ (oregon) പടക്കപ്പലിൻെറ 13000 മൈൽ ദീർഘമേറിയ നെട്ടോട്ടം പനാമാതോടിൻെറ അനിവാര്യതയെ അസന്ദിഗ്ദ്ധമായി സമർത്ഥിച്ചു.

കാലം വീണ്ടും കറങ്ങിക്കൊണ്ടിരുന്നു. പനാമാതോട് പല ദശാസന്ധികളും തരണം ചെയ്തു. കഴിഞ്ഞ അഷ്ടവർഷയുദ്ധ (Eight years war) കാലത്തു ഡോക്ടർ വില്യം ക്രാഫോർഡ് (Dr William Crawford Gorgas) ൻെറ അമൂല്യസേവനസന്നദ്ധതയുടെ തണലിൽ മി. ജനറൽ വാഷിംഗ്ടൺ (General George Washington Goethal) ൻെറ നേതൃത്വത്തിൽ 50,000 തുരങ്കജോലിക്കാർകൂടി അത്യന്തപരിശ്രമം ചെയ്ത് 20 കോടി ഘനഗജം പാറയും മണ്ണും ഖനനംചെയ്തു മാററി ഇന്നത്തെ പനാമാതോടിൻെറ ആദ്യരൂപം സൃഷ്ടിക്കുകയും ആ യുദ്ധത്തിൻെറ സമാപനദിവസമായ 1014 ആഗസ്റ്റ് 15-ാംനു- ആങ്കൺ (Ancon) പടക്കപ്പൽ പനാമാതോടുവഴി അതലാന്തികത്തിൽനിന്നും പെസിഫിക്കിലേക്കു കയറിയിറങ്ങുകയും ചെയ്തു. 1939 ജൂലൈ 25-ാംനു-യിലെ ഉടമ്പടിപ്രകാരം പനാമാ റിപ്പബ്ലിക്കിന് അമേരിക്കൻ ഗവർമ്മെൻറ് ഇതരആദായങ്ങൾക്കു പുറമെ 430,000 ഡാളർ പ്രതിവർഷം പാട്ടം കൊടുക്കുന്നുണ്ട്. 1939 ആഗസ്റ്റിൽ നടന്ന പ്രസ്തുതതോടിൻെറ വാർഷികാഘോഷങ്ങളിൽ ആങ്കൺ പടക്കപ്പൽ നടത്തിയ മൈത്രയാത്രയിൽ വിവിധരാജ്യങ്ങളിലുള്ള 155,131 വണിക്പ്രമുഖർ പങ്കെടുത്തിരുന്നു. ഇപ്പോൾ കാണുന്ന കൂടുതൽ ലോക്ക് അറ (Locks) കൾ തീർക്കുന്നതിനു 277,000,000 ഡാളറാണ് ചിലവായത്. സൂയസ്സുതോട് ബ്രിട്ടീഷുഭണ്ഡാഗാരത്തിലേക്ക് പ്രതിവർഷം 4 കോടി പവൻ മുതല്ക്കൂട്ടുമ്പോൾ പനാമാ അമേരിക്കൻ ഗവർമ്മെൻറിനു സംഭാവന ചെയ്യുന്നത് 50 കോടി ഡാളറാണ്. ഇതിൻെറ ജനയിതാക്കൾ അന്നു കല്പിച്ചിരുന്ന പ്രാധാന്യം വാണിജ്യപരമായിരുന്നു. എന്നാൽ ഇന്ന് അതു യുദ്ധതന്ത്രപ്രാധാന്യമർഹിക്കുന്നു.

ഇനി അതിൻെറ നിർമ്മാണരീതി പരിശോധിക്കാം. പ്രകൃതിരമണീയമായ പനാമാപ്രദേശത്തിൻെറ ഉപരിതലത്തിൽ കിഴക്കുപടിഞ്ഞാറായി രണ്ടു നീണ്ട കുന്നുകൾ (Darien Hills) കാണാം. അവകളുടെ മദ്ധ്യത്തുള്ള പാറനിറഞ്ഞ താഴ്‌വരപ്രദേശം തല്ലിത്തകർത്ത് സമുദ്രനിരപ്പിൽനിന്നും 662 അടി പൊക്കമുള്ള കൺട്രാക്ടേഴ്സ് (Contractors Hill) മല വെട്ടിത്തുരന്ന് (Culebra cut) നീളത്തിൽ നിർമ്മിച്ചിട്ടുള്ള ഒരു ചാല്. അതിനു ഇരുവശവും വിസ്തൃതമായി പരന്നുകിടക്കുന്ന വെള്ളക്കെട്ടായ നിമ്നപ്രദേശങ്ങളും ഉൾപ്പെടെ നിറഞ്ഞു പരക്കത്തക്ക നിലയിൽ തെക്കൻകുന്നുകളിൽനിന്നും കൈതട്ടി കളകളം പാടി ഒഴുകി ഇറങ്ങുന്ന ഒരു കാട്ടരുവി (Chagres) യുടെ ഗതി നിബന്ധിച്ചു (Gatun Dan) നിർത്തി ഉപയോഗസജ്ജമാക്കിയിട്ടുള്ള പനാമാതോട് കേവലം ഒരു തോടാണെന്നു ആരും ശങ്കിച്ചുപോകരുത്. ചില സ്ഥലങ്ങളിൽ മനുഷ്യകരങ്ങൾ പാടില്ലാത്തവിധം പ്രവിശാലസുന്ദരമായി സമുദ്രസമാനം ഗാംഭീര്യം ഉൾക്കൊള്ളുന്ന പ്രസ്തുത കല്പ്യയുടെ നീളം 45 മൈലാ (ഏതാണ്ട് തിരുവനന്തപുരം കൊല്ലം റോഡിൻെറ നീളം), ഞാനു പറയുമ്പോൾതന്നെ അതു നമ്മുടെ സങ്കല്പശക്തിയെതെല്ലാന്നു പരീക്ഷിക്കാതിരിക്കയില്ല. സമുദ്രാന്തരമായി സല്പ്പിക്കാൻ പ്രഗത്ഭയായ പ്രകൃതി 85 അടി ഉയരത്തിൽ സിമൻറഭിത്തികളിൽ കോർത്തിണക്കി ഒരുക്കിയിട്ടിട്ടുള്ള പള്ളിക്കട്ടിൽപോലെ പരിലസിക്കുന്ന ഈ തടാക (Gatun lake) ത്തെ അതിശയിക്കുന്ന മനുഷ്യനിർമ്മിതമായ മറെറാരു ജലാശയമുണ്ടോ എന്നു സംശയമാണ്. മനുഷ്യൻ പ്രകൃതിയുടെ മുകൾപ്പരപ്പിൽ കാണിച്ചിട്ടുള്ള കലാസുന്ദരമായ കസൃതിത്തരങ്ങളിൽ ഒരു പ്രദർശനസാമഗ്രി എന്നോണം പ്രശോഭിക്കുന്ന പനാമാതോട് ദൈവസൃഷ്ടിയുടെ വൈകല്യമറിഞ്ഞു മനുഷ്യൻ ഫലപ്രദമായി നടത്തിയ ഒരു ശസ്ത്രക്രിയ ആയിരിക്കാം.

അടുത്തതായി യാത്രാപരിപാടി നോക്കാം. 85 അടി പൊക്കമുള്ള പ്രസ്തുത തോടിൻെറ ഇരുമുഖപ്പിലും ജലധിയുടെ അടിത്തട്ടിൽനിന്നും ഒന്നിനുപുറകെ ഒന്നായി മുമ്മൂന്നു മുറികളുൾക്കൂടിയ രണ്ടു ലോക്ക് അറ (Locks) കൾ ഉണ്ടു. അവ യഥാക്രമം പൊങ്ങി മൂന്നാമത്തെ മുറി തോട്ടിൻെറ കിടപ്പിനോളം പൊങ്ങിക്കാണുന്നു. അനേകം നാഴികദൂരം അതലാന്തികസമുദ്രപ്പരപ്പിനെ ഉഴുതുമറിച്ച് പരിക്ഷീണയായി ഓടി അണയുന്ന ഒരു കപ്പൽ കരീബിയൻ കടലി (Carbbean) ൽ പ്രവേശിച്ച് തോട്ടിൻെറ കിഴക്കെ പോതപാലകനായ കോളൺ (Colon) പട്ടണപ്രാന്തത്തിൽ വിശ്രമം കൊള്ളുന്നു. വിശ്രമാനന്തരം കാണിക്കയിട്ട് പടികയറുകയായി. പൊക്കത്തിൽ കെട്ടിപ്പടുത്തിട്ടുള്ള ഭിത്തിവലയത്തിനുള്ളിൽ ജലനിരപ്പിനൊത്ത ഒന്നാമത്തെ മുറിയിൽ കപ്പൽ പ്രവേശിച്ചു കഴിഞ്ഞാൽ അതിൻെറ കവാടം ഭദ്രമായി ബന്ധിക്കുന്നു. അനന്തരം ഭീമയന്ത്രങ്ങളുടെ പ്രവർത്തനഫലമായി പൊങ്ങുന്ന മുറിയിലെ ജലനിരപ്പിൽനിന്നും അതോടൊപ്പം വെള്ളം ഉയർന്നിട്ടുള്ള രണ്ടാമത്തെ മുറിയിലേക്കു കപ്പൽ കയറിക്കഴിയും. ഉടനേ ആ രണ്ടാമത്തെ മുറിയുടെ വാതിലുംബന്ധിച്ചുജലനിരപ്പു പൊക്കുന്നു. അതോടൊപ്പം പൊങ്ങുന്ന കപ്പൽ 3-ാമത്തെ മുറിയിലേയ്ക്കു പ്രവേശിക്കുന്നു. ഇവിടെയും മുന്നാറകളിലെ രീതിയിൽ ജലം ഉയർത്തപ്പെടുകയും അങ്ങിനെ ഉയർന്ന കപ്പൽ തോട്ടിൽ പ്രവേശിക്കുകയും ചെയ്യുന്നു. എന്നാൽ പ്രാചീഭിത്തികളുടെ ചാഞ്ഞ ഉപരിതലങ്ങളിൽ രണ്ടിലും പല്ലുവച്ചു റെയിലുകളിൽ ബലശാലരായിനിന്നുകൊണ്ടു ഭീമാകാരങ്ങളായ ആവിയന്ത്രങ്ങൾ പ്രവർത്തനരഹിതങ്ങളായ കപ്പലുകളെ ചങ്ങലയിട്ടു ബന്ധിച്ച് അവകളുടെ ഗതികളെ നിയന്ത്രിച്ചുകൊണ്ടിരിക്കും. ഇതുപോലെ ഇറങ്ങുവാൻവന്നു നില്ക്കുന്ന കപ്പൽ തോട്ടിൽനിന്നും മൂന്നാമത്തെ അറയിൽ പ്രവേശിച്ച് അനുക്രമം താഴ്ത്തപ്പെടുന്ന ജലനിരപ്പിനെ ആശ്രയിച്ച് ഓരോ മുറികളിലേക്കു മാറിഇറങ്ങി സമുദ്രപ്പരപ്പിൽ ഒതുങ്ങുന്നു. തോട്ടിൽ പ്രവേശിച്ചുകഴിഞ്ഞാലനുവദനീയമായ വേഗതയിലും നിർദ്ദിഷ്ടമായ നിയമങ്ങളിലുംനിന്നു വ്യതിചലിക്കാതെ പടിഞ്ഞാറേമുഖത്തു Albrook Field കൂടി അറകളെ ഒന്നൊന്നായി തരണംചെയ്തു പസിഫിക്കിൻെറ അപരിമേയമായ അഗാധതയെ വിസ്മൃതിയുടെ വിദൂരതയിലേക്കു വലിച്ചെറിഞ്ഞു ജലധിശ്രേഷ്ഠൻെറ ആ പിരിഞ്ഞുപരന്ന മാറത്തടത്തിൽ നേരിനാചുളികൾ നിരത്തി വിജയിയായ ഒരു യുദ്ധവീരൻെറ ശുഭപ്രതീക്ഷകളോടെ ഓടി അകലുന്ന കപ്പൽ കണ്ടാലാർക്കാണ് പുളകം കൊള്ളാത്തത്.




ബോംബെ
മ്യൂച്വൽലൈഫ്
അഷ്വൂറൻസ്
സൊസൈററി
ലിമിററഡ്.
(1871-ൽ സ്ഥാപിച്ചതു്)

ഇന്ത്യയിലെ ഏററവും പ്രാചീനമായ ജീവരക്ഷാഭോഗസ്ഥാപനം

75 കൊല്ലക്കാലമായി ഇന്ത്യയെ സേവിച്ചു വരുന്ന ഒരു കമ്പനി

1945-ലെ പുതിയ ബിസിനസ്സ് 6¼ കോടി രൂപയ്ക്കുമേൽ

ബോംബെ മ്യൂച്വൽ ലൈഫ് അഷ്വൂറൻസ് സൊസൈററി, ലിമിററഡ്

ഹെഡാഫീസ്സ്:
"ബോംബെ മ്യൂച്വൽ ബിൽഡിംഗ്,
ഫോർട്ട് ബോംബെ.

ഉദാരമായ നിബന്ധനകളിൽ
ഏജൻറമാരെ
ആവശ്യമുണ്ട്.

അപേക്ഷിക്കുക:
എസ്. ഏ. രാമസ്വാമി & ബ്രദേഴ്സ്,
മദിരാശി സംസ്ഥാനത്തിലേക്കും തിരുവിതാംകൂർ കൊച്ചി എന്നി നാട്ടുരാജ്യങ്ങളിലേക്കും ചീഫ് ഏജൻറുമാർ.
ബോംബെ മ്യൂച്വൽ ബിൽഡിംഗ്, എസ്പ്ലനേഡ് മദ്രാസ്.

# * വിഷമവിചാരങ്ങൾ— അവയെ ദൂരീകരിക്കുക

എം. എൻ. ഗംഗാധരൻനായർ

വിഷമചിന്തകളും അവയുടെ അനന്തരഫലങ്ങളും മനുഷ്യന്റെ ആരോഗ്യത്തെ നശിപ്പിച്ച് അവനെ രോഗാധീനനാക്കുവാൻ ശക്തങ്ങളാണെന്നു വൈദ്യശാസ്ത്രത്തിലുള്ള ഗവേഷണം തെളിയിച്ചിരിക്കുന്നു. ഈ ദുഃസ്വഭാവം നമ്മുടെ ഹൃദയത്തെ ക്ഷോഭിപ്പിക്കുകയും ത്വക്ക്‌രോഗങ്ങൾ, ശ്വാസരോഗങ്ങൾ, വാതം, അന്ധത, ഹൃദയസ്തംഭനം മുതലായ രോഗങ്ങൾക്കു നമ്മെ അധീനരാക്കുകയും ചെയ്യുന്നു. വിഷമവിചാരങ്ങൾക്കു സൃഷ്ടിക്കുവാൻ പാടില്ലാത്ത രോഗങ്ങൾ ഒന്നുംതന്നെ ഇല്ല.

ഉദാഹരണമായി, ത്വക്ക്‌രോഗങ്ങളുടെ ചരിത്രംതന്നെ പരിശോധിയ്ക്കാം. ജയിൽപുള്ളികളുടെ ഇടയിൽ ഉണ്ടാകുന്ന ത്വക്ക്‌രോഗങ്ങളിലധികവും വികാരങ്ങളുടെ ഏററക്കുറവുകൊണ്ടാണെന്ന് മിക്ക ജയിൽഡാക്ടറന്മാരും പറയുന്നു. മാനസികമായ ഏതോ അസ്വസ്ഥതമൂലം ചിലപ്പോൾ നാമറിയാതെതന്നെ ശരീരം ചൊറിയുകയും അങ്ങിനെ തൊലി തടിയ്ക്കുകയും ചിലപ്പോൾ തൊലി പൊട്ടുകയും കൂടി ചെയ്തിട്ടുള്ളതു് പലരും അനുഭവമാണല്ലോ. ഈവിധമുള്ള രോഗങ്ങളെ നിവാരണം ചെയ്യാൻ മനസ്സിനെ ചികിത്സിയ്ക്കുന്നതാണ് കൂടുതൽ ഉത്തമം.

അസ്വസ്ഥമായ ഒരു ഹൃദയം വാതരോഗത്തിനു നിദാനമായേക്കാം. 1932-ൽ ഡാ: മില്ലാർഡ്സ്മിത്ത് (Dr. Millard-mith) എന്ന ശാസ്ത്രജ്ഞന്റെ ഗവേഷണഫലമായി ഈ സംശയം കൂടുതൽ ബലപ്പെട്ടു. രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതിനു മുമ്പായി രോഗി ഏതോ മാനസികമായ അസ്വാസ്ഥ്യങ്ങൾക്കു വിധേയനായിരുന്നു എന്നുള്ള വാസ്തവം വാതരോഗികളെ ധാരാളമായി ചികിത്സിയ്ക്കുന്ന ഡാക്ടറന്മാർക്കറിവുള്ളതാണ്. ഇക്കൂട്ടത്തിൽ വിവാഹസംബന്ധമായ വിഷമപ്രശ്നങ്ങൾ മുന്നിട്ടുനില്ക്കുന്നു.

വികാരങ്ങളുടെ 'ഓളംതല്ലൽ' ഒരാളെ അകാരണമായി ജലദോഷം തുടങ്ങിയ നിസ്സാരസുഖക്കേടുകൾക്കും വിധേയനാക്കും: ചുമ, ശ്വാസരോഗങ്ങൾ ഇവയും ഉണ്ടാകുക സാധാരണമാണ്.

പ്രക്ഷുബ്ധമായ ഹൃദയം രക്തസമ്മർദ്ദത്തിന്റെ വർദ്ധനവിനും അങ്ങിനെ മരണത്തിനും വഴിതെളിയ്ക്കും. ഉൽക്കണ്ഠ, ഭയം മുതലായ വികാരങ്ങളാണ് രക്തസമ്മർദ്ദം വർദ്ധിപ്പിയ്ക്കുവാൻ പ്രധാന കാരണങ്ങൾ. ആലസ്യംതുടങ്ങിയ സ്വഭാവദൂഷ്യങ്ങൾമൂലം രക്തസമ്മർദ്ദം ക്രമത്തിലധികം കുറയും. ആയതിനാൽ എല്ലായ്പ്പോഴും മനഃശ്ശാന്തി പാലിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാണല്ലോ.

വിഷമചിന്തകൾ മനസ്സിനെ ശക്തിയായി ബാധിക്കും. മിക്കവാറും മരണഹേതുകവും പ്രക്ഷുബ്ധവികാരങ്ങളോടു സമീപബന്ധമുള്ളതുമായ ഒരു രോഗമാണ് 'അൻജൈനാ പെക്ടോറിസ്' (Angina pectoris) ഇതാണ് വികാരങ്ങൾ നിർമ്മിച്ചതെന്ന് ആദ്യമായി തെളിയിക്കപ്പെട്ട രോഗം. ഇതുപോലെതന്നെയുള്ള ഒരു രോഗമാണ് 'സോൾജേഴ്സ് ഹാർട്ട്' (Solders Heart) ഇതു സാധാരണയായി സൈനികരുടെ ഇടയിലാണ് കാണാറുള്ളതു്.

ദുഷിച്ച ശ്വാസോച്ഛ്വാസം പലപ്പോഴും വായും തൊണ്ടയും മാത്രം കഴുകിയാൽ മാറുകയില്ല. അതിനു വികാരങ്ങളുമായി അടുത്ത ബന്ധമുണ്ട്. ചിലപ്പോൾ മധുരവും, ഹിതകരവുമായ ഉച്ഛ്വാസം മററു ചിലപ്പോൾ ദുർഗന്ധപൂരിതമായി തീരാറുണ്ട്, അതുപോലെതന്നെ പലപ്പോഴും വായിൽ മധുരരസവും കയ്പും അനുഭവപ്പെടാറുണ്ടല്ലോ.

ഉദരസംബന്ധമായും കുടൽസംബന്ധമായുമുള്ള ചില രോഗങ്ങൾ പലപ്പോഴും വികാരങ്ങളുമായി ബന്ധമുള്ളവയാണ്. ഈ രോഗങ്ങളെക്കുറിച്ചു നല്ല പരിജ്ഞാനം സിദ്ധിച്ച പ്രസിദ്ധ ഡാക്ടറന്മാരുടെ അഭിപ്രായപ്രകാരം, രോഗത്തിനു ശമനമുണ്ടാകുവാൻ രോഗികൾ വിഷമവിചാരങ്ങളിൽനിന്നും വിമുക്തരായാൽ മതിയാകുമെന്നാണ്.

വിഷമചിന്തകൾ ഒരു സ്വഭാവമായിത്തീർന്നിട്ടുള്ള പലരുടെയും പ്രത്യേകസമ്പാദ്യങ്ങളാണ് ചില രോഗങ്ങൾ. ഉദാഹരണമായി നാംമെല്ലാം വിഷമവിചാരങ്ങൾക്കു വിധേയരായി അവയെ ശക്തിമത്തായ ഒരു സ്വഭാവവിശേഷമാക്കാമെങ്കിൽ, അന്ധതയോ, അതുപോലെ ശസ്ത്രക്രിയയ്ക്കു വിധേയമാക്കേണ്ട മററു രോഗങ്ങളോ സംഭവിയ്ക്കാം. യുദ്ധകാലങ്ങളിലും അതുപോലെയുള്ള മററു വിഷമഘട്ടങ്ങളിലുമാണ് അന്ധത കൂടുതലായി ഉണ്ടാകാറുള്ളതു്. ചില പരിതഃസ്ഥിതികളെ നേരിടേണ്ടതും എന്നാൽ അതിനു തക്ക മനോബലമില്ലാത്തതുമായ അവസരങ്ങളിലാണ് രോഗബാധിതങ്ങളല്ലാത്ത കണ്ണുകൾക്കു കാഴ്ച കുറഞ്ഞു തുടങ്ങുന്നതു്. ഇരുളുനിറഞ്ഞ ലോകം ദുഃഖഭൂയിഷ്ഠമായ ലോകത്തിൽനിന്നും നിർഭാഗ്യനായ രോഗിയെ വിമുക്തനാക്കുന്നു. വിഷമചിന്തകൾ വളരെ ശക്തിയുള്ളവയാണെങ്കിൽ അന്ധത പൂർണ്ണമായും, അല്ലാത്തപക്ഷം അന്ധത അപൂർണ്ണമായും സംഭവിക്കാം. ചിലർ ഒരേസമയം അന്ധരും ബധിരരുമായെന്നും വരാം.

തൊണ്ടയിൽ സ്ഥിതിചെയ്യുന്ന 'തൈറോയിഡ് ഗ്ലാൻസ്' (Thyroid glands) പ്രവഹിപ്പിക്കുന്ന രസം ഒരുവന്റെ സ്വഭാവത്തിലും ശരീരഘടനയിലും ചെലുത്തുന്ന പ്രേരകശക്തി അസാമാന്യമാണ്. ഈ രസപ്രവാഹികളെ ഒരു അശാന്തഹൃദയം സാരമായി സ്പർശിക്കും. ആയതിനാൽ വിഷമവിചാരങ്ങൾ എത്രമാത്രം ആപൽക്കരങ്ങളാണെന്നു ചിന്തിയ്ക്കാമല്ലോ!

യുവത്വത്തിന്റെ ആദ്യദശയിൽ ഉണ്ടാകാവുന്ന 'ന്യൂറോ സർക്കുലേററി ആസ്തേനിയ' (neuro-circulating aesthenia) എന്ന രോഗത്തിനു കാരണം വിഷമവിചാരങ്ങളാണ്. ഇതു കൂടുതലായി കാണുന്നതു് സ്ത്രീകളുടെ ഇടയിലുമാണ്. അസംഭവ്യങ്ങളായ വിചാരങ്ങൾക്കു വിധേയരായി വിഷമിക്കുന്നതു് അവരുടെ ഒരു പ്രത്യേകതയാണല്ലോ. രോഗബാധിതരധികവും അഭ്യസ്തവിദ്യരും ബുദ്ധിമാന്മാരുമാണ്. പ്രൊഫസറന്മാർ, ഗ്രന്ഥകാരന്മാർ, കലാകാരന്മാർ, നടന്മാർ മുതലായവരിലാണ് ഈ രോഗം സാധാരണയായി കണ്ടുവരുന്നതു്.

നീരൊഴിവ്, വിഷമചിന്തകൾകൊണ്ടു വലയുന്ന ആളുകളിൽ കാണാറുണ്ട്. ഒന്നോ അതിലധികമോ രോഗങ്ങൾതന്നെ ഒരാളിൽ കണ്ടു എന്നും വരാം. നിസ്സാരങ്ങളായ വിഷമചിന്തകളാണ് പലപ്പോഴും ഒരുവന്റെ ആരോഗ്യത്തെ ഹനിയ്ക്കുന്നതു്. നിരവധി വിഷമചിന്തകളുടെ തുള്ളികൾ ഒരു രോഗസമുദ്രത്തെ സൃഷ്ടിക്കുന്നതിൽ അത്ഭുതമില്ലല്ലോ?

മേൽവിവരിച്ച ഏതുരോഗവും തക്കസമയത്തു മനസ്സിലാക്കി വേണ്ടതു പ്രവർത്തിച്ചാൽ നിശ്ചയമായും പൂർണ്ണമായി സുഖപ്പെടുത്താവുന്നതാണ്. വിഷമചിന്തകളെ ഒരു ശത്രുവെപ്പോലെ വെറുക്കുകയും ചെയ്യണം. വിവേകം വിഷമചിന്തകൾക്കുള്ള ഒരു സിദ്ധൗഷധമാണ്. വിവേകം വർദ്ധിയ്ക്കുമ്പോൾ വിഷമവിചാരങ്ങൾ ദൂരീകരിക്കപ്പെടുകയാണ് ചെയ്യുന്നതു്. അങ്ങിനെ ഒരു നിർമ്മലഹൃദയം, ഒരു നിശ്ചയം സ്ഫുരിക്കുന്ന മന്ദഹാസം ഇവയുമായി ലോകത്തെ അഭിമുഖീകരിക്കുക.

അലസമായ നിമിഷങ്ങൾ വിഷമചിന്തകളുടെ വിഹാരരംഗങ്ങളാണ്. അതുകൊണ്ട് അലസത ഉപേക്ഷിക്കുക. കായികമായ വിനോദങ്ങൾ മനസ്സിനെ അലസതയിൽനിന്നും വിമുക്തമാക്കും; കൂടാതെ ശരീരത്തിനു ആരോഗ്യവും നൽകും.

ഉത്തരം കണ്ടെത്തേണ്ട ജീവിതത്തിലെ ഏതെങ്കിലും വിഷമപ്രശ്നങ്ങളെ ഒരിക്കലും മനസ്സിൽ പൂഴ്ത്തിവയ്ക്കരുതു്. ഒന്നും ചെയ്യാൻ സാധിക്കാത്തപക്ഷം തല്ക്കാലം മാററിവയ്ക്കുകയാണ് ഉത്തമം. എല്ലായ്പ്പോഴും മനസ്സിനു വിശ്രമം, അതായതു് ശാന്തത നൽകണം. യാതൊരു സംഗതിയും ഹൃദയഭേദകമായ രീതിയിൽ ഗൗരവമായി കരുതരുതു്. ജീവിതത്തിലെ അശുഭസംഭവങ്ങളെപ്പോലും ഒരു മന്ദഹാസത്തിൽകൂടി കാണാൻ പഠിക്കുക. ചിരി പ്രകൃതിദത്തവും ഫലപ്രദവുമായ ഒരു ഉത്തമ സിദ്ധൗഷധമാണ്.

പലർക്കും ജീവിതം വളരെ ദുർഭരമായി തോന്നാം. ജീവിതത്തിലെ സുപ്രധാനപ്രശ്നങ്ങളൊഴികെ മററെല്ലാം ഗൗരവഹീനങ്ങളായി കരുതുക. ഇതു ജീവിതത്തെ കൂടുതൽ ലാഘവപ്പെടുത്തും.

ജീവിതത്തിൽനിന്നും അധികമൊന്നും പ്രതീക്ഷിക്കാതിരിക്കുന്നതു് നല്ലതാണ്. നാമെന്തിനുവേണ്ടിയാണ് ഇത്രയൊക്കെ ചിന്തിച്ചു ക്ലേശിക്കുന്നതു്? നമ്മുടെ ലക്ഷ്യപ്രാപ്തിക്കു ഈ വിഷമചിന്തകൾ നിശ്ചയമായും സഹായകങ്ങളല്ല. ചില പ്രശ്നങ്ങൾക്കു സമാധാനം കണ്ടെത്തുന്നതുവരെ പലരും ജീവിതത്തെ ആനന്ദിക്കാൻ തുടങ്ങുന്നില്ല! വിഷമചിന്തകൾ ആരോഗ്യഹരങ്ങൾ മാത്രമല്ല, രോഗകാരണങ്ങൾ കൂടിയാണെന്നു എല്ലായ്പ്പോഴും ഓർക്കേണ്ടതാണ്.

—o—

* 'ഹെൽത്തി'ൽ നിന്നും സംഗ്രഹിച്ചതു്.

# നേതാക്കന്മാർ

പ്രാക്കുളം കെ. കുഞ്ഞുരാമൻ

ജനസമ്മന്യത്തിന്റെ ആകമാനമുള്ള അഭ്യുന്നതിയെ ലാക്കാക്കി യാതൊരു സ്വാർത്ഥലേശവുമില്ലാതെ സർവ്വപ്രകാരേണയും ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ബഹുമാന്യവ്യക്തികളെയാണ് നാം യഥാർത്ഥനേതാക്കന്മാരായി ഗണിക്കുന്നതു്. ഈ പ്രകാരമുള്ള നേതൃസ്ഥാനം പെട്ടെന്നാർക്കും കരഗതമാകുന്ന ഒന്നല്ല. ഇത്തരം നേതാക്കന്മാരുടെ പ്രവർത്തനപരിപാടികൾ കേവലം വിദ്യാർത്ഥിജീവിതത്തിൽ ആരംഭിച്ച് ക്രമേണ അഭിവൃദ്ധിപ്രാപിച്ച് പ്രായം തികയുന്നതോടുകൂടി വിപുലമായതോതിൽ പ്രത്യക്ഷപ്പെടുന്നതായിട്ടാണ് കണ്ടുവരുന്നതു്. പൊതുജനസേവനം എല്ലാവർക്കും സാദ്ധ്യമായിട്ടുള്ളതോ എല്ലാവർക്കും എപ്പോഴും പ്രവേശിക്കത്തക്ക ഒരു ജീവിതമാർഗ്ഗമോ അല്ല. യഥാർത്ഥനേതാക്കന്മാരിൽ നാം സർവ്വസാധാരണമായി ദർശിക്കുന്ന സേവനാസക്തി ജന്മസിദ്ധമായിട്ടുള്ള ഒരു ദിവ്യഗുണവിശേഷമാണ്. യഥാർത്ഥനേതാക്കന്മാർ നേതൃസ്ഥാനം കൊതിക്കുകയോ അതിനുവേണ്ടിമാത്രം എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുന്നവരല്ല. അവരുടെ ലക്ഷ്യം പൊതുജനസേവനം മാത്രമാണ്. അതിൽകവിഞ്ഞു് ഒരു സ്ഥാനവും അവർക്ക് സ്വീകാര്യമല്ല. പൊതുജനങ്ങൾ ഒന്നടക്കം അവരെ നേതൃസ്ഥാനത്തേക്കു അവരോഹണം ചെയ്യുമ്പോഴും വെറും പൊതുജനസേവകന്മാരായിമാത്രം അവർ നിലകൊള്ളുന്നതു് ആർക്കും കാണാൻ കഴിയും. ഇപ്രകാരമുള്ള നേതാക്കന്മാരാണ് ഒരു രാഷ്ട്രത്തിനു അവശ്യം ആവശ്യമായിട്ടുള്ളതു്. അവരെ അനുകരിക്കുകയും അവരുടെ ഉപദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രമേ സാമാന്യജനങ്ങളും തദ്വാരാ രാഷ്ട്രവും അഭിവൃദ്ധിപ്രാപിക്കുകയുള്ളു. ഇന്നു ഇൻഡ്യൻരാഷ്ട്രീയരംഗത്തു പ്രശോഭിക്കുന്ന മഹാത്മാഗാന്ധി, നെഹ്റു തുടങ്ങിയുള്ള ബഹുമാന്യവ്യക്തികൾ മേൽപറഞ്ഞവണ്ണമുള്ള യഥാർത്ഥനേതാക്കന്മാരാണ്. ഇവരോട് യാതൊരുതരത്തിലും കിടനിൽക്കുന്നവരല്ലെങ്കിലും, നമ്മുടെ രാഷ്ട്രീയരംഗങ്ങളിലും സാമുദായികരംഗങ്ങളിലും അപൂർവ്വം ചില പൊതുജനസേവകന്മാരെ കാണുവാൻകഴിയുമെന്നുള്ളതു് ഒരു ഭാഗ്യം തന്നെ. യഥാർത്ഥനേതാക്കന്മാർ മുഖേന ഒരു രാജ്യത്തിന് എത്രമാത്രം നന്മയുണ്ടാകുമോ അതിൽ എത്രയോമടങ്ങു തിന്മയും മററുപദ്രവങ്ങളുമാണ് 'ചുമ്മാ' നേതാക്കന്മാർമുഖേന അനുഭവപ്പെടുന്നതെന്നു നമ്മുടെ ചുററുപാടും ഒന്നു കണ്ണോടിച്ചാൽ ബോദ്ധ്യമാകും. പൊതുജനസേവനവും നേതൃത്വവും ഒരു ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരിൽ നിന്നുമാണ് സാമാന്യജനങ്ങൾക്കു് ഏററവും ഉപദ്രവം ഉണ്ടാകുന്നതെന്നുള്ളതും ഒരു പരമാർത്ഥം മാത്രമാണ്. ഒരു രാഷ്ട്രത്തിന്റെ നട്ടെല്ല് അവിടത്തെ തൊഴിലാളിവർഗ്ഗമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. രാഷ്ട്രത്തിന്റെ മേന്മയും അഭ്യുന്നതിയും അവിടത്തെ തൊഴിലാളിവർഗ്ഗത്തിന്റെ മേന്മയേയും അഭ്യുന്നതിയേയും ആശ്രയിച്ചിരിക്കും. അതിനാൽ സാമാന്യജനങ്ങളുടെ അഭ്യുന്നതിയിൽ ആകാംക്ഷയുള്ള എല്ലാ നേതാക്കന്മാരുടെയും പ്രഥമവും പ്രധാനവുമായ കർത്തവ്യം തൊഴിലാളിവർഗ്ഗത്തിന്റെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ നില അഭിവൃദ്ധിപ്പെടുത്തുക എന്നുള്ളതാണ്. തൊഴിലാളിവർഗ്ഗത്തെ പ്രത്യേകമായി എടുത്തുപറയുവാൻ കാരണം 'ചുമ്മാ' നേതാക്കന്മാരുടെ വിഹാരരംഗം അവിടെ ആയതുകൊണ്ടുമാത്രമാണ്. തൊഴിലാളികളുടെ അഭ്യുന്നതിക്കുവേണ്ടി നിസ്സ്വാർത്ഥമായി പ്രവർത്തിക്കുന്ന നേതാക്കന്മാരും, ഇല്ലാതില്ല. എന്നാൽ അപ്രകാരമുള്ള നേതാക്കന്മാർ വളരെ വിരളമായിട്ടുമാത്രമേ കാണുന്നുള്ളു. അവരെ പ്രോത്സാഹിപ്പിക്കേണ്ടതും അനുമോദിപ്പിക്കേണ്ടതും തന്നെ; സംശയമില്ല. തൊഴിലാളികളുടെ അഭ്യുദയത്തിനുവേണ്ടി ത്യാഗപൂർവ്വം ആത്മാർത്ഥമായി പ്രവർത്തിക്കുന്ന എത്ര നേതാക്കന്മാരെയാണ് നമുക്കു കാണുവാൻ സാധിക്കുന്നതു്? പലവിധ സ്വകാര്യതാല്പര്യങ്ങൾക്കും ഉദ്ദേശങ്ങൾക്കുംവേണ്ടി തൊഴിലാളിവർഗ്ഗത്തെ ആയുധമാക്കിക്കൊണ്ടു പ്രവർത്തിക്കുന്ന ഇന്നത്തെ നേതൃസമൂഹത്തിന്റെ മുൻപിൽ മുൻപറഞ്ഞ ആത്മാർത്ഥതയുള്ള നേതാക്കന്മാരുടെ പ്രവർത്തനങ്ങളും നിഷ്ഫലമാകാനേ തരമുള്ളു.

നമ്മുടെ ആളുകൾ പൊതുജനസേവനങ്ങളിൽ ഏർപ്പെടുന്നതു് പല കാരണങ്ങളെ അടിസ്ഥാനമാക്കിയാണ്. അതുകൊണ്ടുതന്നെയാണ് ഇക്കൂട്ടരുടെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയുടെ കണികപോലും കാണാത്തതും. ചില ബിരുദധാരികൾ ഉദ്യോഗം ലഭിക്കാത്തതിലുള്ള നിരാശകൊണ്ട്, മററു ചിലർ ഉദ്യോഗം ലഭിക്കുന്നതിന് നേതൃസ്ഥാനം സുഗമമായ ഒരു മാർഗ്ഗമാണെന്നു തെററിദ്ധരിച്ചുകൊണ്ട്, ചിലർ വ്യക്തിവിദ്വേഷംകൊണ്ട്, ചിലർ പേരിനും പെരുമയ്ക്കുംവേണ്ടി കുറേ പേർ ഇതു് ഒരു ജീവിതമാർഗ്ഗമായി കരുതിക്കൊണ്ട്—ഇപ്രകാരം പൊതുകാര്യങ്ങളിൽ ഏർപ്പെട്ടു ചില എളുപ്പമാർഗ്ഗങ്ങളിൽക്കൂടി ചിലർ നേതൃസ്ഥാനങ്ങൾ കരഗതമാക്കുന്നു. ഇവരുടെ വിഹാരരംഗം പ്രധാനമായും തൊഴിലാളികളുടെയിടയിലാണ്. ഇവരുടെ കൂട്ടത്തിലുള്ള ഒരുകൂട്ടം ഉപനേതാക്കന്മാരുടെ ഉൽപ്പത്തിയാണ് ഏററവും രസാവഹമായിട്ടുള്ളതു്. അവരിൽ ചിലർ സാമാന്യവിദ്യാഭ്യാസവും പൊടിപ്പും ചുണയുമുള്ളവരും എന്നാൽ സ്വന്തമായി ഒരു തൊഴിൽ സ്വീകരിച്ച് അതുകൊണ്ടു ജീവിക്കുവാനും അഭിവൃദ്ധിപ്പെടാനും പ്രാപ്തി ഇല്ലാത്തവരുമാണ്. അവരുടെ ജീവിതമാർഗ്ഗം തൊഴിലാളിപ്രവർത്തനമായി രൂപപ്പെടുന്നു. ഇവർ ആദ്യം തൊഴിലാളിനേതാക്കന്മാരുടെ ഉററ സഹചാരികളും ചില തൊഴിലാളിപ്രമുഖന്മാരുടെ ഉററ ബന്ധുക്കളുമായിട്ടാണ് പ്രത്യക്ഷപ്പെടുന്നതു്. അനന്തരം നേതാക്കന്മാരുടെ അധ്വായി പ്രസംഗങ്ങൾ ശ്രവിച്ചുശ്രവിച്ച് 'തത്തമ്മേ പൂച്ചപൂച്ച' എന്ന രീതിയിൽ ചെറുപ്രസംഗകന്മാരായിതീരുകയും, അതോടുകൂടിത്തന്നെ അവർ ഉപനേതാക്കന്മാരായി സ്വയം ഉയർത്തപ്പെടുകയും ചെയ്യുന്നു. ഒരു കാര്യസാദ്ധ്യം കൂടി ഉണ്ടായാൽ അവർ നേതൃസ്ഥാനത്തേക്ക് അവരോഹിക്കപ്പെടുകയുമായി. ഈ ഉപനേതാക്കന്മാരുടെ അടുത്തയത്നം മുഴുവനും ഒരേ ലക്ഷ്യപ്രാപ്തിക്കുവേണ്ടി അതെ! ഒരാസന ററവരിക്കുന്നതിനുവേണ്ടി മാത്രമായിരിക്കും. ഇതു് സാമാന്യജനങ്ങൾ വിചാരിക്കുന്നതുപോലെ ഒരു നിസ്സാരകാര്യമല്ല. സ്ഥാനത്തും അസ്ഥാനത്തും ഗവൺമെന്റിനേയും ഗവൺമെന്റ് അധികൃതരേയും നഗ്നമായ ഭാഷയിൽ സം

(ശേഷം എട്ടാംപേജിൽ)

# ഹിന്ദുക്കളുടെ ഏകഭാര്യത്വം കുററകരമാകുന്നു

## ബാംബെയിലെ ആക്ട് ഗവർണ്ണർ ഒപ്പുവെച്ചു നിയമമായി

ബാംബെ, നവം 9– 1946-ലെ ബാംബെ ഹിന്ദു ദ്വിഭാര്യത്വ വിരോധ ആക്ട് ഗവർണ്ണർ ഒപ്പുവച്ചു നടപ്പിൽ വന്നിരിക്കുന്നു. ബാംബെ പ്രവിശ്യയിൽ മേലാൽ ഒരു ഹിന്ദുപുരുഷൻ ഒരു ഭാര്യ ജീവിച്ചിരിക്കെ രണ്ടാമതൊരു വിവാഹം നടത്തിയാൽ ആ വിവാഹം നിയമവിരുദ്ധ്യം അസാധുവായിരിക്കുന്നതും ആ രണ്ടാമത്തെ വിവാഹത്തിലെ കക്ഷികളും ആ വിവാഹം നടത്തുന്നവരും കുററകൃത്യം ചെയ്യുവരായി ഗണിക്കപ്പെടുന്നതുമാണ്.

(എ-പി)

—o—

### മാളവ്യജിയുടെ സ്ഥിതി ആശങ്കാജനകം

—o—

ബനാറീസ് നവം 10—പണ്ഡിത മദനമോഹനമാളവ്യജിയെ ഇന്നുകാലത്തു പരിശോധിച്ച ഡാക്കുറന്മാർ അദ്ദേഹത്തിന്റെ സ്ഥിതി ഇന്നലെ രാത്രിയിലത്തെക്കാൾ വഷളായിരിക്കയാണെന്നു പ്രസ്താവിക്കയുണ്ടായി. വൈകുന്നേരം പരിശോധിച്ചുകഴിഞ്ഞ ഡാക്കുറന്മാർ പറഞ്ഞതു അദ്ദേഹത്തിന്റെ ജീവിൻ രക്ഷിക്കാൻ കഴിയുമെന്ന ആശയില്ലെന്നാണ്. (എ. പി.)

—o—

### ഡച്ച്-ഇൻഡൊനീഷ്യൻ സംഭാഷണങ്ങൾ

—o—

ബറേവിയ നവ 8—ഡച്ച്-ഇൻഡൊനീഷ്യൻ സംഭാഷണങ്ങളിലെ സുപ്രധാന പ്രശ്നങ്ങളെപ്പററിയുള്ള സംഭാഷണങ്ങൾക്കായി ഇൻഡൊനീഷ്യൻ പ്രസിഡൻറ് ഡാക്കർ സൊക്കാർണോയും പ്രധാനമന്ത്രി ഡാക്കർ ഷാറിർ സെൻട്രൽജാവായിൽ ജോംഗ്ജൊക്കാർത്തിയിലുള്ള ഇൻഡൊനീഷ്യൻമന്ത്രിസഭയിലെ അംഗങ്ങളെ ഇന്നു സന്ദർശിക്കുകയുണ്ടായി. ഡച്ചും ഇൻഡൊനീഷ്യനും ഡെലിഗേഷനുകൾ തമ്മിൽ തിങ്കളാഴ്ച ചെറിബണിൽവച്ച് കില്ലേൺപ്രഭുവിന്റെ അദ്ധ്യക്ഷതയിൽ അടുത്ത രാഷ്ട്രീയസംഭാഷണം നടത്തുന്നതാണ്.

—o—

### യുവാക്കന്മാക്കു നിർബ്ബന്ധിതസൈനിക പരിശീലനം

—o—

#### കൗൺസിൽ അഫ് സ്റ്റേററിലേക്കുള്ള പ്രമേയം

ന്യൂഡൽഹി, നവംബർ ൯—൧൮-നും ൨൫-നും മദ്ധ്യേ പ്രായവും ശരീരശേഷിയുമുള്ള എല്ലാ യുവാക്കന്മാക്കും നിർബന്ധിത സൈനികസേവനം നൽകുവാൻതക്ക നടപടികൾ നടത്തണമെന്നാവശ്യപ്പെടുന്ന ഒരുപ്രമേയം കൗൺസിൽ അഫ് സ്റ്റേററിന്റെ സമ്മേളനത്തിൽ അവതരിപ്പിക്കുവാൻ മി. സുശീലറായിചൗധുരി നോട്ടീസ് നൽകിയിരിക്കുന്നു. കൗൺസിൽ പ്രസിഡൻറ പ്രമേയത്തിനു അനുവാദം നൽകി. (എ. പി.)

—o—

### ഉപവാസത്തെപ്പററി ഗാന്ധിജി

—o—

കൽക്കത്താ, നവം: 10—താൻ ഉദ്ദേശിച്ച ഉപവാസം ആരെയും ഞെരുക്കുവാനുള്ള ഒന്നല്ലെന്നും മൃതിഭവിച്ച അന്തഃകരണത്തിനു ജീവൻ നൽകുവാനുള്ള ഒന്നാണെന്നും മഹാത്മാഗാന്ധി പ്രസ്താവിച്ചിരിക്കുന്നു. (എ. പി.)

—o—

## പൂച്ച വെളിയിൽചാടി

—o—

### കേന്ദ്രഅസംബ്ളിയിലെ ഒരു രംഗം

ന്യൂഡെൽഹി നവം: 7—തുണിവ്യവസായത്തെപ്പററി സ്റ്റേററ്കൗൺസിലിൽ മി. തിരുമലറാവു വായിച്ചുകൊണ്ടു നിൽക്കമ്പോൾ കൗൺസിലിലെ ഒരു കർട്ടനു പിന്നിൽനിന്നു ഒരു വെള്ളപ്പൂച്ച വെളിയിൽവന്നു പണ്ഡിററു് കുൺസ്രുവിന്റെ സീററിനു പിന്നിൽനിന്നു. എന്നാൽ പ്രസംഗകന്റെ ശബ്ദംകേട്ടു് ഭയന്നിട്ടോ മററോ അതു് ബെഞ്ചുകളുടെയിടയിൽകൂടി ഓടി പ്രസിഡൻറിന്റെ അടുക്കലെത്തി അദ്ദേഹത്തിന്റെ പാദങ്ങൾക്കടിയിൽ കയറി. ഒടുവിൽ ചേംബറിനു മൂന്നു പ്രദക്ഷിണംവച്ചശേഷം അതു് ഒരു വാതലിൽകൂടി കടന്നു മറഞ്ഞു.

മി. തിരുമലറാവുവാകട്ടെ തന്റെ പ്രസംഗത്തിനിടയിൽ, ഖാദിപദ്ധതി സംബന്ധിച്ചു് മദ്രാസ് പ്രധാനമന്ത്രി ഉല്പത്തിൽ ചിന്തിക്കുകയാണ് ചെയ്യതെന്നു് പ്രസ്താവിച്ചു. അപ്പോൾ ഒരു മെമ്പർ, "സഞ്ചിയിൽനിന്നു് പൂച്ച വെളിക്ക് ചാടി" എന്നു് പറഞ്ഞു. സഭയിൽ കൂട്ടം ചിരിയായി. പ്രസംഗകനെ ഇടയ്ക്കു് ഉപദ്രവിക്കരുതെന്നു് പ്രസിഡൻറ് താക്കീതു നൽകി. "പക്ഷെ ഇടയ്ക്കു കടന്നു ഉപദ്രവിച്ചതു് സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പറല്ലല്ലോ" എന്നായിമററൊരുമെമ്പർ. അപ്പോൾ എല്ലാവരും കൂടുതൽ ചിരിച്ചു.

—o—

## യുറേനിയംതേടി അൻറാർട്ടിക്കിലേക്കു്

—o—

വാഷിംഗ്ടൺ നവം. 10—യുറേനിയം അന്വേഷിച്ചു അൻറാർട്ടിക്കിലേക്കു ഒരു പര്യടനം നടത്തുന്നതിലേക്കു 5000 പേരുകൂടിയ ഒരു പ്രവർത്തനസംഘത്തെ യുണൈറഡ്സ്റ്റേററ്സ് സജ്ജമാക്കിവരുന്നു. സമാധാനകാലത്തെ ഉപയോഗത്തിനായി അറാമിക് ശക്തിസംബന്ധിച്ച ഗവേഷണത്തിനു 2 കോടി ഡാളർ ചിലവാക്കിയുള്ള ലാബറട്ടറി സ്ഥാപിക്കുന്നതാണെന്നു യു. എസ്സ്. യുദ്ധവകുപ്പു പ്രസ്താവിക്കുന്നു.

—o—

## മദ്രാസിനു ൧൪൦൦൦-ടൺ അരി

—o—

### അതിൽ ൭൦൦൦ ടൺ തിരുവിതാംകൂറിനു്

മദ്രാസ്, നവം. 9— പമ്പായിൽനിന്നു മദ്രാസ് റീജിയനിലേക്കു ഇന്ത്യാഗവമെൻറു 14000 ടൺ അരികൂടി അനുവദിച്ചിരിക്കുന്നു. ഇതിൽ 4000 ടൺ മദ്രാസിനും 7000 ടൺ തിരുവിതാംകൂറിനും 3000 ടൺ മൈസൂറിനും ലഭിക്കുന്നതാണ്.

—o—

## ചൗമഹാനിയിലെ തീപിടിത്തം

—o—

ചൗമഹാനി, നവം. 9—കിഴക്കേബംഗാൾപര്യടനത്തിൽ ഗാന്ധിജിയെ അനുഗമിക്കുന്ന 25 പത്രപ്രതിനിധികൾ ചൗമതാനിബസാറിലുള്ളിലുള്ള തങ്ങളുടെ ക്യാമ്പിനെതിരായി ഉണ്ടായ തീപിടിത്തംനിമിത്തം പാതിരായ്ക്കു ഉണരുകയുണ്ടായി. ലാത്തികളും ധരിച്ച കടയുടമസ്ഥന്മാർ അവിടെ എത്തി. തീപിടിത്തം യാദൃശ്ചികമായിട്ടുള്ളതാണെന്നു അറിഞ്ഞപ്പോൾ ഉൽക്കണ്ഠ ശമിച്ചു.

# ലീഗിന്റെ ഉന്നം

—o—

## ഇടക്കാലഗവമെൻറിൽ ചേന്നതിൽ

ന്യൂഡെൽഹി നവം: 9—ഒരു അറബി വാർത്താവിതരണ ഏജൻസിലേഖകനോടു മി. ജിന്നാ ചെയ്ത ഒരു പ്രസ്താവന ഇടക്കാലഗവമെൻറിൽ ചേന്നതിൽ മുസ്ലീംലീഗിന്റെ ഉന്നമെന്തെന്നു വെളിപ്പെടുത്തുന്നതായി ഒരു റിപ്പോർട്ടുകാണുന്നു. കാൺഗ്രസ്സോ ഒരു കോയലിഷനോ വിജയകരമായി ഭരണംനടത്തുന്നതിനുള്ള സാദ്ധ്യതകളെ തകക്കണമെന്നുള്ളതാണത്രെ അവരുടെ ഉദ്ദേശം. മുസ്ലിംഇന്ത്യയും മദ്ധ്യപൂർവദേശവുംതമ്മിൽ ഗാഢതരമായ ബന്ധങ്ങൾ ഉറപ്പിക്കണമെന്നും മുസ്ലിംരാജ്യങ്ങളുടെ പ്രതിനിധികൾ 'പൊതുപ്രശ്നങ്ങൾ' ചർച്ചചെയ്യതായി ന്യൂഡൽഹിയിൽ സമ്മേളിക്കുമെന്നു പ്രത്യാശിക്കുന്നതായും ലീഗു് ഇടക്കാലഗവമെൻറിൽ ചേന്നിരിക്കുന്ന സ്ഥിതിക്കു ഇതു ആവശ്യമായിത്തീന്നിരിക്കുന്നതായും മി. ജിന്നാ പ്രസ്താവിച്ചതായിട്ടാണു റിപ്പോർട്ട്. സവർണ്ണഹിന്ദുപ്രാബല്യമുള്ള ഒരു ഗവമെൻറു് വൈസ്രായി രൂപീകരിച്ചതുകൊണ്ടാണ് മുസ്ലീങ്ങളുടെയും മററു സമുദായങ്ങളുടേയും താല്പര്യങ്ങളുടെ സംരക്ഷണത്തിനായി ലീഗു് ആ ഗവമെൻറിൽ ചേന്നതു്. 'ഹിന്ദുവും മുസ്ലീമുംതമ്മിൽ യാതൊരു താല്പര്യൈക്യവുമില്ലെന്നു മാത്രമല്ല, നമ്മുടെ ക്ഷേമത്തെ സംബന്ധിച്ച പല മുഖ്യവശങ്ങളിലും ഹിന്ദുക്കൾ മുസ്ലിങ്ങൾക്കെതിരാണ്. ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും ഇനി സഹകരിക്കാൻ കഴിവുള്ളതല്ല. രണ്ടും രണ്ടു നേഷനാണ്'.

മന്ത്രിസഭയ്ക്കുള്ളിൽ കാൺഗ്രസ്സിന്റെ നേതൃത്വം ലീഗു അംഗീകരിക്കുന്നില്ലെന്നും മന്ത്രിസഭ ഒരു യഥാർത്ഥ കോയലിഷനല്ലെന്നും പാകിസ്ഥാൻ മാത്രമാണ് പ്രശ്നങ്ങൾക്കു ഏകപരിഹാരമെന്നും ഡാൺപത്രം മുഖപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതും ശ്രദ്ധേയമാണെന്നു റിപ്പോർട്ടു തുടരുന്നു.

—o—

## ഇന്ത്യയ്ക്കു അരലക്ഷംടൺ യു. എസ്. ഗോതമ്പ്

—o—

വാഷിംഗ്ടൺ നവ 8—1946-ന്റെ അവസാന മൂന്നുമാസക്കാലത്തിനിടയ്ക്കു് ഇന്ത്യയ്ക്കു് 50000 ടൺ ഗോതമ്പ് യു. എസ്. ഗവർമ്മെൻറ് അനുവദിച്ചിരിക്കുന്നു. 1946-ന്റെ ഒടുവിൽ ഇന്ത്യയ്ക്കു ഗോതമ്പ് അനുവദിക്കേണ്ടതില്ലെന്നുള്ള ആദ്യത്തെ അമേരിക്കൻതീരുമാനം ഭേദഗതി ചെയ്യുകൊണ്ടുള്ള തീരുമാനമാണിതു്.

—o—

## കൊച്ചി മഹാരാജാ തിരുമേനി പേട്രൻ

—o—

### ചിത്രകാരസംഘടനയുടെ

മദ്രാസ്, നവം. 8—സൗത് ഇൻഡ്യൻ സൊസൈററി അഫ് പെയിൻറേഴ്സ് എന്ന സംഘടനയുടെ പേട്രനായിരുന്നുകൊള്ളുവാൻ കൊച്ചീമഹാരാജാവുതിരുമനസ്സുകൊണ്ടു കല്പിച്ചു സമ്മതിച്ചിരിക്കുന്നതായും സംഘടനയ്ക്കു കൊച്ചിഗവമെൻറ 10000 രൂപാ സംഭാവനചെയ്തിരിക്കുന്നതായും സംഘടനയുടെ ജായിൻറ ആണറിസെക്രട്ടറി എം. പി-യെ അറിയിക്കുന്നു.

(എ. പി)

—o—

# ബിഹാർ സ്ഥിതിഗതികളിൽ അഭിവൃദ്ധി

പാറ്റ്നാ നവംബർ 10—ബിഹാറിലെ സ്ഥിതിഗതികൾ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. കഴിഞ്ഞ 24-മണിക്കൂറിനുള്ളിൽ ബിഹാറിന്റെ യാതൊരുഭാഗത്തും അനിഷ്ടസംഭവങ്ങൾ നടന്നതായി റിപ്പോർട്ടില്ലെന്നു ഒരു പ്രസ്സ് നോട്ടിൽ പറയുന്നു.

—o—

## ഐ. എൻ. ഏ. തടവുകാരുടെ മോചനം

—o—

### സർവ്വസൈന്യാധിപൻ പ്രതികൂലിക്കുന്നു

ന്യൂഡൽഹി, നവം: 8—ഐ. എൻ. ഏ. തടവുകാരുടെ മോചനംസംബന്ധിച്ച മി: ഗോവിന്ദമാളവ്യയുടെ പ്രമേയം മാററിവയ്ക്കുവാൻ സഭയിലെ ആക്ടിംഗ് നേതാവായ മി. ലിയാക്കത്തലിഖാന്റെ പ്രേരണയിൽ ഉന്നയിക്കപ്പെട്ട ഉപക്ഷേപത്തിന്റെ പിന്നിൽ കുഴപ്പങ്ങൾ ഉളവാക്കുന്ന സംഭവവികാസങ്ങൾ ദശിക്കപ്പെടുന്നു. ഈ ഉപക്ഷേപത്തെപ്പററിയുള്ള ചർച്ചയ്ക്കു നിർബന്ധിപ്പിക്കുവാൻ കാൺഗ്രസ്സ്കക്ഷി ആഗ്രഹിക്കുന്നില്ല. എന്നാൽ അതു പിൻവലിക്കേണ്ടതു മി. മാളവ്യയാണ്. സൈനികകോടതി ശിക്ഷിച്ച ഐ. എൻ. ഏ. തടവുകാരെ മോചിപ്പിക്കണോ വേണ്ടയോ എന്നുള്ള പ്രശ്നത്തെപ്പററി ഇടക്കാലഗവമെൻറും ആക്കിൻലെക്കും തമ്മിൽ ഗൗരവാവഹമായ അഭിപ്രായവ്യത്യാസമുണ്ടായിരിക്കുന്നതായി അറിയുന്നു. ഈ പ്രമേയത്തെപ്പററി ഗവമെൻറ ഒരു പ്രസ്താവന പുറപ്പെടുവിക്കുമെന്നാണറിയുന്നതു്.

—o—

## പ്രധാന നാട്ടുരാജ്യ ഭരണാധിപന്മാർ

### നവംബർ 18-ാംതീയതി ന്യൂഡെൽഹിയിൽ സമ്മേളിക്കും

ന്യൂഡെൽഹി നവം: 8—നരേന്ദ്രമണ്ഡലത്തിന്റെ ......റിംഗ് കമ്മിററിയിലെയും നരേന്ദ്രമണ്ഡലത്തിലെയും അംഗങ്ങൾ മുൻ നിശ്ചയിച്ചതിനു ഭേദപ്പെടുത്തി കാൺസ്റ്റിററുവൻറ അസംബ്ളി സമ്മേളനകാലത്തു ന്യൂഡെൽഹിയിൽ സമ്മേളിക്കുന്നതാണെന്നു അസോഷ്യേറഡ്പ്രസ്സ് അറിയുന്നു. കാൺസ്റ്റിററുവൻറസംബ്ളിയുടെ സമ്മേളനം ഡിസംബർ 9-ാംനു സമാരംഭിക്കുന്നതാണ്.

പ്രധാന നാട്ടുരാജ്യങ്ങളിലെ നാടുവാഴികളുടെയും മന്ത്രിമാരുടെയും ഒരു പ്രാരംഭസമ്മേളനം പ്രാരംഭചർച്ചകൾക്കായി നവംബർ 18-ാംനു ന്യൂഡെൽഹിയിൽവച്ചു കൂടുന്നതാണെന്നും അറിയുന്നു.

(എ. പി.)

**Stop-Press**

കൊല്ലം S. M. P. പാലസ്സിൽ

കെ. തങ്കമണിദേവി, എം. ആർ. സന്താനലക്ഷ്മി, പി. എസ്. ശിവഭാഗ്യം, വി. എം. ചെല്ലപ്പ, രാമ അഭിനയിച്ച

ആരവല്ലി

# ഐക്യരാഷ്ട്രമെമ്പറാകാൻ കൊള്ളാത്ത ഏകരാജ്യം

## പോർട്ടുഗലിനെപ്പററി വിജയലക്ഷ്മി യു. എൻ. ഒ-യിൽ

ലേക്ക് സക്സസ്സ്, നവം. 8—ഐക്യരാഷ്ട്രസംഘടനയിൽ ചേരുന്നതിനുള്ള പോർട്ടുഗലിൻെറ അപേക്ഷയെ എതിർത്തുകൊണ്ട് ഐക്യരാഷ്ട്ര അസംബ്ളിയിൽ ഇൻഡ്യൻ ഡെലിഗേഷനിലെ മുഖ്യാംഗമായ ശ്രീമതി വിജയലക്ഷ്മിപണ്ഡിററ് ഇപ്രകാരം വാദിച്ചു. അപേക്ഷകരുടെ കൂട്ടത്തിൽ ഐക്യരാഷ്ട്രമെമ്പറാവാൻ യോഗ്യതയില്ലാത്ത ഒരേഒരു രാജ്യമേയുള്ളുവെന്നാണ് ഞങ്ങളുടെ അഭിപ്രായം—പോർട്ടുഗൽ. പോർട്ടുഗീസ് ഗവമ്മെൻറ ഒരു ഫാസിസ്റ്റ് ചുവയുള്ള ഒന്നാണ്. ഫ്രാങ്കോയുടെ സ്പെയിനുമായുള്ള അതിൻെറ സഹപ്രവത്തനവും അതിനു മേന്മയല്ല കൈവരുത്തുന്നത്. പോർട്ടുഗലിൻെറ കൊളോണിയൽനയം തികച്ചും പിൻതിരിപ്പനാണ്. അനുഭവത്തിൽനിന്നാണ് ഞാനിതു പറയുന്നത്. ഇൻഡ്യയിലെ ഗോവാ എന്ന ചെറിയൊരുപ്രദേശത്തെ പ്രജകളോടു പോർട്ടുഗൽ പെരുമാറുന്നരീതി എന്തെന്നു ഞങ്ങൾക്കു നല്ല നിശ്ചയമുണ്ട്.

അൽബേനിയാ, മംഗോളിയാ, ട്രാൻസ് ജോർഡിൻ എന്നിവയുടെ അപേക്ഷകൾ ശ്രീമതി വിജയലക്ഷ്മി പിൻതാങ്ങി. അവയുടെയും ഔട്ടർമംഗോളിയായുടെയും പോർട്ടുഗലിൻെറയും അപേക്ഷകൾ പുനരാലോചിക്കണമെന്നു രക്ഷാസമിതിയുടെ ടെസഡ് കമ്മിററി ഒരു പ്രമേയം അംഗീകരിച്ചു. പൊളിററിക്കൽ കമ്മിററി ഈ പ്രമേയത്തെപ്പററി പര്യാലോചന നടത്തും.

---

## മോഹിനിയാട്ടത്തിനു വന്നതല്ല

### ഫോട്ടോഎടുപ്പുകൊണ്ട് വിഷമിച്ച വിജയലക്ഷ്മി

ന്യൂയാർക്ക്, നവം 9—ഐക്യരാഷ്ട്രഅസംബ്ളിയിലെ പ്രമുഖഇൻഡ്യൻ ഡെലിഗേററ് മിസ്സിസ് വിജയലക്ഷ്മിപണ്ഡിററ് ഫോട്ടോഎടുപ്പുകാരുടെ നിരന്തരശല്യംകൊണ്ട് 'സഹികെട്ടിരിക്കുന്നു.' ഫോട്ടോഎടുപ്പുകാരിൽ ഒരുവനോടു ശ്രീമതി വിജയലക്ഷ്മി ഒടുവിൽ ഇപ്രകാരം പറഞ്ഞുപോയി. 'വേണ്ടാ. ദയവുചെയ്തു വേറെ വല്ലവരേയും തേടിപ്പിടിക്കുക. കുട്ടികൾ വീട്ടിൽ കാത്തിരിക്കയാണ്. ഞാൻ ഇവിടെ മോഹിനിയാട്ടത്തിനു വന്നിരിക്കയല്ല'. 'ആണേ' മുടിനരച്ച ഒരു ഡെലിഗേററ് തന്നോടുതന്നെ പറഞ്ഞു.

---

## കൊളമ്പിലെ ക്ഷയരോഗാസ്പത്രി

### ആക്ടിംഗ് ഗവണ്ണർ ഉൽഘാടനം ചെയ്തു

കൊളമ്പ് നവം: 8—ജാർജ്ജ് പഞ്ചമസ്മാരകമായി പൊതുജനസംഭാവനകൾകൊണ്ടു പണിയിച്ച ക്ഷയരോഗാസ്പത്രി ആക്ടിംഗ് ഗവണ്ണർ സർ ജാൺഹാവേർഡ് ഇന്നലെ വൈകുന്നേരം ഉൽഘാടനം ചെയ്തു. മുന്നൂറു കിടക്കകൾ ഈ ആസ്പത്രിയിൽ സജ്ജമാക്കിയിട്ടുണ്ട്. ക്ഷയരോഗചികിത്സയും തൽസംബന്ധമായ ഗവേഷണവും ആധുനികരീതിയിൽ നടത്തുന്ന ഒരു കേന്ദ്രമായിരിക്കും ഈ ആസ്പത്രി. ഇതിൻെറ പണി 1942-ൽ പൂത്തിയായെങ്കിലും യുദ്ധംനിമിത്തം ഉൽഘാടനത്തിനു ഇത്രയും വിളംബം നേരിട്ടു.

---

## ഡൽഹിയിലെ നിശാനിയമം

### മൂന്നുദിവസത്തേയ്ക്കുകൂടി നീട്ടി

ന്യൂഡൽഹി, നവം 9—കത്തേറു രണ്ടുപേരെ ഇന്നലെരാത്രി ഇർവിൻ ആസ്പത്രിയിലാക്കി. ഡൽഹി മുനിസിപ്പാലിററി പ്രദേശത്തും ഫോർട്ടുപ്രദേശത്തും നിശാനിയമം മൂന്നുദിവസത്തേയ്ക്കുകൂടി നീട്ടിയിരിക്കുന്നു. (എ-പി)

---

## അസ്വാസ്ഥ്യങ്ങൾ സംബന്ധിച്ച വാത്തകൾ

### കുളിച്ചുകൊണ്ടുനിന്ന സ്ത്രീകളെ കല്ലെറിഞ്ഞു

ബോംബെ നവ: 9—നാഗപാഡപ്രദേശത്തു ഇന്നുകാലത്തു ആസിഡ് പ്രയോഗം നടത്തിയെങ്കിലും ആക്കും പരുക്കേൽക്കയുണ്ടായില്ല. പൈഡോണിപ്രദേശത്ത് ഒരു ചെറിയ ജനക്കൂട്ടം നിശാനിയമം വകവയ്ക്കാതെ ചില ജൗളിക്കടകളിലേയ്ക്കു നീങ്ങുവാൻ ശ്രമിച്ചു. കല്ലേറുനിമിത്തം കാതിപുരപ്രദേശത്ത് ഒരു ചുററുവെടിയും നാഗപാഡപ്രദേശത്ത് രണ്ടുചുററുവെടിയും വച്ചു. ലാമിംഗ്ടൻറോഡിൽ ഓടിക്കൊണ്ടിരുന്ന ഒരു ലോറിയിൽനിന്നു സോഡാക്കുപ്പി എറിയപ്പെട്ടു. രണ്ടുപ്രാവശ്യം സിഗ്നൽ കാണിച്ചിട്ടും ലോറി നിത്തുകയുണ്ടായില്ല.

ഗുണ്ടൂർ നവ 9—ഇന്നലെരാത്രിഒരു വർഗ്ഗീയസംഘട്ടനംമൂലം മുറിവേററ ഒരു പോലീസുകാരനേയും മററു രണ്ടുപേരെയും ആശുപത്രിയിലാക്കിയിരിക്കുന്നു. പഴയ ഗുണ്ടൂരിൽ ഒരു ആരാധനാസ്ഥലത്തിനു സമീപം കുളിച്ചുകൊണ്ടിരുന്ന സ്ത്രീകളുടെമേൽ കല്ലെറിഞ്ഞതായി റിപ്പോർട്ടുചെയ്യപ്പെടുന്നു. തൽഫലമായി ഒരാൾ മരിയ്ക്കുകയും നാല്പേക്കു പരുക്കേൽക്കയുംചെയ്തു. ഡിസ്ട്രിക്ട് മജിസ്ട്രേട്ടും സൂപ്രണ്ടും അസ്വാസ്ഥ്യപ്രദേശത്തു സഞ്ചരിക്കയുണ്ടായി. സ്ഥിതിഗതികൾ നിയന്ത്രണാധീനമായിരിക്കുന്നു.

### ബോംബെഗവർമ്മെൻറു ഗൗരവമായി വീക്ഷിക്കുന്നു

ബോംബെ, നവം. 9—ബോംബെഗവമ്മെൻറ് ഇപ്രകാരമൊരു പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിരിക്കുന്നു:—ബോംബെയിലെ മതപരമായ സ്ഥലങ്ങൾ ഹീനമാക്കുന്നതായുള്ള റിപ്പോർട്ടുകളെപ്പററി ഗവമ്മെൻറു ഗൗരവത്തോടെയാണു വീക്ഷിക്കുന്നത്. ഇപ്രകാരമുള്ള അക്രമപ്രവൃത്തികൾ ഉടനടി നിത്തുന്നതിനു ഗവമ്മെൻറു കശനനടപടികൾ കൈക്കൊള്ളുന്നതാണ്.

---

### ബനാറിസിൽ അറസ്റ്റ്

ബനാറീസ്, നവം 10—ഈയിടയുണ്ടായ അസ്വാസ്ഥ്യങ്ങൾ സംബന്ധിച്ച് 249 പേർ അറസ്ററുചെയ്യപ്പെട്ടിരിക്കുന്നു. വെള്ളിയാഴ്ചക്കുശേഷം അനിഷ്ടസംഭവങ്ങളൊന്നുമില്ല.

### വൈസ്രായിയും നെഹ്റുവും തിരിച്ചെത്തി

ഡെൽഹി, നവം. 9—വൈസ്രായി ബീഹാർപര്യടനംകഴിഞ്ഞു തിരിച്ചെത്തിയിരിക്കുന്നു. പിന്നീട് പണ്ഡിതനെഹ്റുവും ഇവിടെ തിരിച്ചെത്തുകയുണ്ടായി.

---

### മീററ്റ് ലഹള

മീററ് നവം. 7—ഗാർക് മുക്തേശ്വരമേളയിൽ 46 പേർമരിക്കുകയും, 39 പേർക്കു പരുക്കേൽക്കയും ചെയ്തിരിക്കുന്നു. അധികാരികൾ സ്ഥലത്തെത്തി ഉടൻതന്നെ സ്ഥിതിഗതികൾ നിയന്ത്രണാധീനമാക്കി പട്ടാളം റോന്തുചുററുന്നുണ്ട്. 30 പേരെ അറസ്ററുചെയ്തു.

---

# കൊല്ലം രണ്ടാം വഞ്ചിയോ?

(ജിജ്ഞാസു)

സർ,

1946 ലെ മലയാളരാജ്യം തിരുനാൾ പ്രതിയിൽ, 'കുലശേഖരരാജധാനിയായിരുന്ന കൊല്ലം' എന്ന ലേഖനത്തിൽ ചെങ്കുട്ടുവപ്രഭൃതികളായ ആദിചേരന്മാരുടെയും ചേരകുലശേഖരആഴ്വാരാദിയായരണ്ടാം ചേരസാമ്രാജ്യചക്രവത്തികളുടെയും തലസ്ഥാനം വഞ്ചി (തിരുവഞ്ചിക്കുളം) ആയിരുന്നെന്നും, ക്രിസ്ത്വബ്ദം 1102-ൽ ഒടുവിലത്തെ തിരുവഞ്ചിക്കളത്തുപെരുമാൾ എന്ന രാജഷിവര്യൻ "തലസ്ഥാനം വഞ്ചിയിൽനിന്നും കൊല്ലത്തേയ്ക്കു മാററി" എന്നും പറഞ്ഞുകാണുന്നു.

ആദ്യവസാനം ചേരരാജധാനി തിരുവഞ്ചിക്കുളത്തായിരുന്നു, അതു തെക്കോട്ടോ വടക്കോട്ടോ ഒരിക്കലും മാററിയിട്ടില്ലാ എന്നാണ് ചരിത്രങ്ങളിൽനിന്നു കാണുന്നത്. "മാശ്ശിംപൂകിയോ", "മക്കത്തുപോയോ" രാജധാനിവിട്ടപെരുമാൾ നീലമ്പേരൂർ എന്ന സ്ഥലത്തു (തിരുവിതാംകൂറിൽ)താമസിച്ചെന്നുകേട്ടിട്ടുണ്ട്; എന്നാൽ അദ്ദേഹം കൂട്ടുതലസ്ഥാനം മാററിയില്ല.

കൊല്ലത്തോട്ടു ചേരതലസ്ഥാനം മാററിയെന്നും, അതു 1102-ൽ ആയിരുന്നെന്നും വിശ്വസിക്കുന്നതിനു ആധാരമായ രേഖകൾ ഏതെല്ലാം എന്നു ലേഖനകാരൻ മ: രാ: അഴുപതിപ്പിൽ പ്രസ്താവിച്ചാൽ നന്ന്.

2) ഒക്ടോബർ 21-ലെ മ. രാ. ആഴ്ചപ്പതിപ്പിൽ ശ്രീ. ജയസിംഹദേവനെപ്പററിയുള്ള ലേഖനത്തിൽ 3-ാംകോളത്തിൽ തിരുവഞ്ചിക്കുളത്തുവാണ ചേരകുലശേഖരന്മാരിൽ അന്തിമൻ രാമവമ്മകുലശേഖരചക്രവത്തികളായിരുന്നു എന്നു പറഞ്ഞിരിക്കുന്നു. മേല്പടി ഒടുവിലത്തെ ചേരരാജാവു രാമവമ്മൻ ആയിരുന്നു എന്നു തെളിയിക്കുന്നതിനു ലിഖിതങ്ങളോ മററോ ഉണ്ടോ? ഭൂതരായരായിരുന്നു ഒടുവിലത്തെ പെരുമാളെന്നു പറയാറുണ്ടല്ലോ. രാമവമ്മഭൂതരായർ ഒന്നായിരുന്നോ അന്തിമവഞ്ചിക്കുളത്തുപെരുമാളിൻെറ പൂണ്ണനാമധേയം?

3) ഈ രാമവമ്മ നാഞ്ചിനാട്ടുവരെയുള്ള സ്ഥലങ്ങൾ കൊല്ലം 277-ൽ പിടിച്ചടക്കി എന്നു പ്രസ്താവിക്കുന്ന രേഖകളുണ്ടോ?

4) ചിങ്ങം 31-ലെ 'സ്ഥാണുരവികുലശേഖരൻ' എന്ന ലേഖനത്തിൽ ശങ്കരനാരായണീയത്തിലെ രവിവമ്മകുലശേഖരൻ മൂഴിക്കളത്തു മേച്ചേരിഇല്ലത്തെ താമ്രശാസനത്തിലും മററു ലിഖിതങ്ങളിലും കാണുന്ന സ്ഥാണുരവിതന്നെ ആകുന്നു എന്നു പറഞ്ഞിരിക്കുന്നു. എങ്കിലും സ്ഥാണുരവിഎന്നനാമം ശങ്കരനാരായണീയത്തിൽനിന്നുദ്ധരിച്ച ഭാഗങ്ങളിൽ കാണുന്നില്ല. സ്ഥാണുരവിഎന്ന ഇരട്ടപ്പേർ ശങ്കരനാരായണീയത്തിലുണ്ടോ?

---


## ടാക്കീസ്

കരുനാഗപ്പള്ളി ക്രൗണിൽ

പുഷ്പവല്ലി, എം. കെ. രാധാ, എം. ആർ. സ്വാമിനാഥൻ, കൊത്തമംഗലം ശീനു, എൽ. നാരായണറാവു മുതലായവർ അഭിനയിച്ച

'ദാസി അപരഞ്ചി'

അമ്പലപ്പുഴ ഗോപിടാക്കീസിൽ

വി. വി. ശാഗോപൻ, സുശ്ലകുമാരി മിസ്സ് ചെല്ലം, കൊത്തമംഗലം സുബ്ബു മുതലായവർ അഭിനയിച്ച

അതിർഷ്ടം

അഥവാ

ഭാഗ്യം

എന്ന നവീന തമിഴ് ചിത്രം

ചവറ ബേബിടാക്കീസിൽ

നവമണിദേവി, ശാരദ, പൊന്നപ്പാഭാഗവതർ, കൃഷ്ണൻ, മധുരം മുതലായവർ അഭിനയിച്ച

ഭക്തകാലതി


---

# ആർട്ടിക്കിൻെറ പ്രതിരോധം

### യു. എസ്സിലെ ആംഗ്ലോ-അമേരിക്കൻ ചർച്ചകൾ

ലണ്ടൻ, നവം: 8—മേജർജനറാൽ ആർ. ഇ. ലേക്കാക്ക യുണൈറഡ് സ്റ്റേററ്സിലേക്കു പോയിരിക്കുന്നതു കാനഡായായിൽ യുണൈറഡ് സ്റ്റേററ്സ് സങ്കേതങ്ങൾ സമ്പാദിക്കുന്നതുസംബന്ധിച്ചുള്ള ബ്രിട്ടീഷ് അഭിപ്രായഗതി അറിയിക്കാനാണെന്നു കാര്യജ്ഞകേന്ദ്രങ്ങൾ കരുതുന്നു. മേജർജനറൽ ലേക്കാക്ക് സംയുക്തപ്രവത്തനത്തെ എതിക്കുന്ന ബ്രിട്ടീഷുകാരിൽ പ്രധാനിയും ആ കമാൻഡിലെ ബ്രിട്ടീഷ് സവ്വീസുകളുടെ മേധാവിയുമാണ്. ഫീൽഡ് മാർഷൽവൈക്കൌണ്ട് മാണ്ടുഗോമറി ഈയിടെ വടക്കേഅമേരിക്കാ സന്ദശിച്ചപ്പോൾ ക്യാനേഡിയനും യുണൈറഡ് സ്റ്റേററ്സും നേതാക്കന്മാരുമായി സംഭാഷണം നടത്തുകയുണ്ടായി.

ആർട്ടിക്കിൻെറ പ്രതിരോധം ക്യാനഡായും യുണൈറഡ് സ്റ്റേററ്സുംചേന്നു നടത്തണമെന്നുള്ളമെന്നുള്ള യു. എസ്സിൻെറ ആഗ്രഹമാണ് ഈ ചർച്ചകളുടെ പിന്നിലുള്ളശക്തിയെന്നു കരുതപ്പെടുന്നു. വിമാനസങ്കേതങ്ങളുടെ ഒരു പരമ്പര നിമ്മിച്ചു ക്യാനഡാ അതിൻെറ വടക്കെ അതിത്തിയിലെ പ്രതിരോധം ശക്തിപ്പെടുത്തണമെന്നാണ് യുണൈറഡ് സ്റ്റേററ്സിൻെറ അഭിപ്രായം. ഈ ജോലി യുണൈറഡ് സ്റ്റേററ്സിൽനിന്നും കാര്യമായ ധനസഹായംകൂടാതെ ക്യാനഡായ്ക്കു നിവ്വഹിക്കാൻകഴികയില്ലെന്നാണ് പൊതുവേ ബ്രിട്ടീഷ് അഭിപ്രായം. ഇന്നത്തെ അന്താരാഷ്ട്രസംഘർഷങ്ങളുടെ ഒരു കാരണം സൈന്യവികസനത്തിൻെറ ചിലവിൽ ആളുകൾ വിഭവങ്ങൾ മുതലായവ വീതിക്കുന്നതിനെ സംബന്ധിച്ചുള്ളതാണെന്നു വിശ്വസിക്കപ്പെടുന്നു. ആ നിർദ്ദേശങ്ങളുടെ ഈ ഘട്ടത്തിലുള്ള ചർച്ച അഡ്മിറൽററിമേധാവിയായിരുന്ന മി. ഏ. വി. അലക്സാണ്ടറെ ഡിഫൻസുമന്ത്രിയായി നിയമിച്ചതിൻെറ ഫലമായുള്ളതാണെന്നും പ്രസ്താവിക്കപ്പെടുന്നു. (റായിട്ടർ)

---

## ജപ്പാനിൽനിന്നുള്ള നഷ്ടപരിഹാരം

### വിവിധരാജ്യങ്ങൾക്കു വീതിക്കുന്നതിനെപ്പററിയുള്ള ആലോചന

വാഷിംഗ്ടൺ, നവംബർ ൧—ജപ്പാനിൽനിന്നുള്ള നഷ്ടപരിഹാരമുതലുകൾ വീതിക്കുന്നതിനെസംബന്ധിച്ചു ജനറൽ മക്കാർത്തറിനു നൽകേണ്ട നിർദ്ദേശം തയ്യാറാക്കുന്നതിൽ സഹായിക്കാമോ എന്നു പത്തു രാജ്യങ്ങളോടു യുണൈറഡ് സ്റ്റേററ്സ് ചോദിച്ചിരിക്കുന്നു. നഷ്ടപരിഹാരത്തെ സംബന്ധിക്കുന്ന കോൺഫറൻസിൽ പങ്കുകൊള്ളുവാനുള്ള റഷ്യയുടെ വൈമനസ്യം കണ്ടപ്പോൾ ഫാർഈസ്ററുകമ്മിഷനിൽ പ്രാതിനിധ്യമുള്ള രാജ്യങ്ങളോടു സ്റ്റേററ് ഡിപ്പാർട്ടുമെൻറു ഈവിധമൊരു നിർദ്ദേശം പുറപ്പെടുവിച്ചിരിക്കയാണെന്നു നയതന്ത്രകേന്ദ്രങ്ങൾ ഇന്നു രാത്രി പ്രസ്താവിക്കയുണ്ടായി. അമേരിക്കയുടെ അഭിപ്രായംതാഴെപ്പറയുംപ്രകാരമാണ്. വലിയരാജ്യങ്ങൾ അഞ്ചും ഉൾപ്പെടുന്ന പ്രസ്തുത കമ്മിഷനിൽപെട്ട രാജ്യങ്ങളെല്ലാം ജനറൽ മക്കാർത്തറിനു നൽകേണ്ട താൽക്കാലികഉത്തരവു രൂപപ്പെടുത്തുന്നകാര്യത്തിൽ അമേരിക്കൻഗവമ്മെൻറുമായി ആലോചനകൾ നടത്തണം. ആ താൽക്കാലികഉത്തരവ് രണ്ടുകാര്യങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. ജപ്പാനിൽനിന്നു ലഭിക്കുന്ന നഷ്ടപരിഹാരമുതലുകളിൽ 15 ശതമാനത്തിനുമേൽ 20 ശതമാനത്തിനകം ഉടനടിതന്നെ അവകാശമുള്ള രാജ്യങ്ങൾക്കു വീതിച്ചുകൊടുക്കുകയാണ് അതിൽ ഒന്നാമത്തേത്. ശേഷമുള്ള 80 ശതമാനം വീതിക്കേണ്ടതെങ്ങനെയെന്നു വഴിയെ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശിമാണു രണ്ടാമത്തെകാര്യം.

ഗ്രന്ഥവിചാരം

# തേന്മുള്ളുകൾ

ഗ്രന്ഥകർത്താ,
പി. സി. കുട്ടിക്കൃഷ്ണൻ
പ്രസാധകന്മാർ
മംഗളോദയം ലിമിററഡ്
തൃശ്ശിവപേരൂർ
വില ക്ക—൨

ഒരു കഥാകൃത്തെന്ന സ്ഥാനത്തേക്കാൾ കഥാകാലക്ഷേപവിചക്ഷണൻ എന്ന ബഹുമതിയാണ് ശ്രീ. പി. സി. കുട്ടിക്കൃഷ്ണൻ തേന്മുള്ളുകൾ കൊണ്ടു ആർജ്ജിക്കപ്പെടുന്നതെന്നു തോന്നുന്നു. ടാഗോർകഥകളിൽ അന്യാദൃശവിജയം നേടിയിരിക്കുന്ന ഈ പ്രസ്ഥാനത്തിൽ കൈവച്ചു കൈരളിക്കു ഒരു പുതുമയും കഥാലോകത്തിനു ഒരു തെളിമയും ഉണ്ടാക്കിയ ഗ്രന്ഥകാരൻ അഭിനന്ദനാർഹനാണ്. ചരിത്രം ആവർത്തിക്കപ്പെടുന്നു എന്നുള്ള ഇതിലെ കഥ ദൃഷ്ടാന്തം കാബൂലിവാലായുടെ കരുപിടിച്ചു വാർത്തുതുടങ്ങുന്നു... ആ വിശ്വമഹാകവിയുടെ അസാധാരണമായ പ്രതിഭാപ്രഭാവത്തിന്റെ സ്വർല്ലോക സൗരഭിലത വ്യാപരിക്കുന്ന പിതൃഹൃദയത്തിന്റെ ലോകോത്തരസന്ദേശം, കാബൂലിവാലായുടെ സജീവമായ ഏടുകളിലല്ല ഇതു പുനരവതരിച്ചുകാണുന്നതു്. ഒരു നൂതനസംവിധാനമാക്കി കല്പിക്കാനുള്ള ഗ്രന്ഥകർത്താവിന്റെ ശ്രമം എങ്ങനെയാണെന്നാൽ എങ്ങിനെയായിരുന്നാലെങ്കിൽ ആ കഥയെ സംക്ഷിപ്തപ്പെടുത്തി കാണിച്ചാൽ തെളിയിക്കാം. ഒരു വളക്കച്ചവടക്കാരനായ മുത്തു തന്റെ വ്യാപാരസാധനങ്ങളുമായി ഗ്രാമപ്രദേശങ്ങളിൽ ചുററിത്തിരിയവേ തഹശീൽദാരുടെ മകളായ സുലോചന അവനെ വീട്ടിൽ വിളിച്ചുവരുത്തുന്നു. ക്രമേണ അവൻ അവിടത്തെ പതിവുകച്ചവടക്കാരനായി തീരുന്നു. മുത്തുവിനു ഇരുപത്തഞ്ചും സുലുവിനു പതിനാറും ആണ് വയസ്സപ്പോൾ. അവരുടെ പരിചയം ചക്ഷുഃ പ്രീതിമനസ്സംഗം, എന്നു തുടങ്ങുന്ന സ്മരദശകളിലേക്കു ഗ്രന്ഥകർത്താവു് പടർത്തിത്തുടങ്ങുന്നു. തഹശീൽദാരുടെ മകൾ കുലക്രമാഗതമായ വിവാഹത്തിൽ പെട്ടു അവിടം വിടേണ്ടിവരുന്നു. മുത്തുവിന്റെ വിവാഹസമ്മാനം അവളും അതിന്റെ പ്രതിസംഭാവന അവനും പ്രേമപ്രതീകമായി ഉപച്ഛന്ദനം ചെയ്യുന്നു. ഒന്നുരണ്ടു നക്ഷത്രപ്പൂക്കളുടെ മറവിലിട്ടു പതിനെട്ടുകൊല്ലക്കാലത്തെ ഗ്രന്ഥകർത്താവ് ഞെരിക്കുന്നു. സുലോചന രണ്ടു കുട്ടികളുടെ മാതാവായി പഴയസ്ഥലത്തു തിരിച്ചെത്തുന്നു. അവളുടെ മൂത്തമകൾ സരോജിനി താൻ വള വാങ്ങിക്കാൻതുടങ്ങിയ പരുവത്തിൽ, പഴയ മുത്തുവിന്റെ മകൻ വളക്കച്ചവടക്കാരനായി അവൾക്കു മുൻപിലും. അമ്മ പത്തിരകാളിയെങ്കിൽ മോളുമത്രപോരുമേ, എന്ന ഗ്രാമീണസന്ദേശമുറക്കെ ഉള്ളുന്ന അപഹാസ്യതയെ ഈ ചരിത്രം ആവർത്തിക്കപ്പെടുന്നാവെന്ന കഥകൊണ്ടു ഗ്രന്ഥകർത്താവ് സരസമായി പ്രത്യക്ഷപ്പെടുത്തുന്നു. മുത്തുവിന്റെ ഇരുമ്പുവള ഭർത്താവിന്റെ മംഗല്യസൂത്രത്തേക്കാൾ ഭദ്രമായി പെട്ടിയിൽ സൂക്ഷിക്കുന്ന സുലോചന മാനസികവ്യഭിചാരത്തിന്റെ മാനദണ്ഡമല്ലാതെ ഒരു കുലകന്യകയുടെ മഹാമനസ്വിനീ പദത്തിനു ഉതകുന്നില്ല. അങ്ങനെ വേണമെന്നു മി. പി. സി. ഉദ്ദേശിക്കുന്നുമില്ല.

അച്ഛന്റെ മകൻ, എന്ന അടുത്ത കഥ പുത്രൻ, ജാമാതാവിനെ ഒരു ഡാക്ടരെ പരിചയപ്പെടുത്തുന്നരീതിയിലാണ് നിബന്ധിക്കപ്പെട്ടിരിക്കുന്നതു്. ഒരു ഒന്നാംതരം നാട്ടുവാഴിനായക് ഉൾപ്പുരക്കാരിയിലുണ്ടായ ശിശു ഒടുവിൽ കരടിഡാക്ടർ എന്നപേരിൽ പ്രസിദ്ധനായി പ്രതാപവും പണവും കമിക്കുന്ന സംഭവകഥനങ്ങളാണ് ഈ കഥ ഉൾക്കൊള്ളുന്നതു്. ഡാക്ടരുടെ കൈയ് പുണ്യത്തിനും കായ്യാറത്തിനും ഉദാഹരണമായി കല്പിച്ചിരിക്കുന്ന കത്തുലവിയും മുസല്യാരുമൊക്കെ ഒരു കലാകാരന്റെ മനോധർമ്മ സന്താനമെന്ന പ്രതീതിവിട്ടു സ്വാഭാവികതയുടെ രസികവിധാനതയാൽ പരിചയപരിധിയിൽ ജീവനുള്ള കഥാപാത്രങ്ങളായിത്തന്നെ പ്രത്യക്ഷപ്പെടുന്നു. പക്ഷേ നാട്ടുവാഴി നായരുടെ മകനായി പിറന്നുവളർന്ന അദ്ദേഹത്തിനെക്കൊണ്ടു അരക്കാശിന്റെപോലും ഉപകാരമില്ലാതെ കഷ്ടപ്പെട്ടു ചില മിഷ്യനറിമാരുടെയുംമററും സഹായത്താൽ പഠിച്ചു ഡാക്ടരായി വലിയ സ്ഥിതിയിലെത്തിയതിനുശേഷം ഉള്ളതെല്ലാം കളഞ്ഞു കുളിച്ചു തുപ്പാപ്പരായി കണ്ണീരും-കയ്യുമായി തന്റെ മകനെന്നു പറയുന്ന ഡാക്ടരദ്ദേഹത്തോടു പത്തു ക്രൂപായ്ക്കു കരഞ്ഞപേക്ഷിച്ചിട്ടു ഇറങ്ങിപ്പോകാൻപറഞ്ഞ അച്ഛന്റെ മകൻ ആ കരടിഡാക്ടർ എന്താ തരക്കേടുണ്ടോ. ഇങ്ങനെ അച്ഛനു പിറന്നാൽ അപ്പടി ഇരിക്കം-എന്നലോകോക്തിയെ ചമൽക്കാരപൂർണ്ണമാക്കിയിട്ടുണ്ടെങ്കിലും കലാകാരന്റെ ആദർശപ്രതിപത്തിയിൽനിന്നും ഗ്രന്ഥകർത്താവ് വഴുതിപ്പോകുന്നു. നിലയ്ക്കാത്ത നിഷേധം എന്ന അടുത്തകഥ ഒരു നാടോടി കഥയാണ്. ദുഷ്യന്തൻ ശകുന്തളാവൃത്താന്തത്തെപ്പററി മാഢവ്യനോടു പറയുന്നമാതിരി തന്റെ മാനസിക രഹസ്യങ്ങളെ അയവിറക്കി തനിക്കു രസിക്കണം കേൾക്കുന്നവനെ വിഡ്ഢിയാക്കണം. ഈ വിചാരത്തോടുകൂടി കരുതിക്കൂട്ടി ചതുരവടിവിൽ സംഭാഷണം ചെയ്യുന്ന ഒരുനേരംകൊല്ലിയെ നമുക്കിതിൽ കണ്ടുമുട്ടാം. ഒരുശാസ്ത്രത്തിനിടയിൽ ഒരുചോദ്യം നൂറുതവണ ആവർത്തിച്ചു നമ്മോടു ചോദിച്ചു ബോറപിടിപ്പിക്കുന്ന പ്രകൃതം ആ പാത്രസൃഷ്ടികൊണ്ടു അദ്ദേഹം സവിശേഷം പ്രത്യക്ഷമാക്കിത്തരുന്നു. അച്ഛനമ്മമാരുടെ ഏകസന്താനമായ നാരായണൻകുട്ടിയെ ഇന്നത്തെ സകലവിധാതിനകളിലും ഒപ്പടാതെ വളർത്തിക്കൂട്ടുത്തു ബി. ഏ വരെ പഠിപ്പിച്ചു ഒടുവിൽ മദ്രാസിലേക്കു ഉദ്യോഗനിലയിൽ പോകുന്നതിനു പിതാക്കൾ അഭിനന്ദിച്ചുയാത്രയാക്കുന്നു. ഒരു ധർമ്മഭീരുവായി വളർന്ന നാരായണൻകുട്ടി മദ്രാസിലെ കൂട്ടുകെട്ടിൽപെട്ടു ഒടുവിൽ ഒരടിച്ചുതളിക്കാരിയുടെ കൊച്ചിന്റെ അച്ഛനാകുന്നതും കുട്ടികളെ ചെറുപ്പത്തിലെ തന്റേടത്തോടുകൂടി വളർത്താഞ്ഞതിനാൽ ഇളമാൻ കടവറികയില്ല എന്ന വിധത്തിൽ അവർ അബദ്ധത്തിൽചെന്നു ചാടുന്നതുമായ സ്ഥിതിയാണ് തീന്മയെന്ന അനന്തരകഥകൊണ്ടു ഗ്രന്ഥകർത്താവ് സാധിക്കുന്നതു്. അതിൽ അദ്ദേഹം വിജയിയാകുകയും ചെയ്തിരിക്കുന്നു. സ്വന്തംഭർത്താവിനെകഴിക്കകൊണ്ടു ഒടുവിൽ അമ്മാവിയ്ക്കു ലയ്ക്കുന്ന ജാനകിക്കുട്ടി, അവളുടെ ഭർത്തൃദുഃഖം, ഈ കഥാഗാത്രത്തിലെ സുഭഗസ്ഥാനം ആയി നമ്മെ ആകർഷിക്കപ്പെടുന്നു. പ്രകൃതിരമണീയമായ വർണ്ണനം, സ്ത്രീപ്രകൃതത്തിന്റെ ദുരവഗാഹമായ പ്രചോദനം എന്നിവയിലും ഇതു് അതിശയേന പ്രഥമസ്ഥാനം കൈക്കൊള്ളുന്നു. കഥാസംഭവത്തിൽ വൈചിത്ര്യമോ വൈശിഷ്ട്യമോ കല്പിച്ചിട്ടുള്ളതിനാലല്ല ഇതിനെ ഇവിടെ ശ്ലാഘിക്കുന്നതു്. അവളുടെ ഭർത്തൃദുഃഖത്തെപ്പററി ജാനകിക്കുട്ടി പറയുന്നതിലടങ്ങിക്കിടക്കുന്ന ആ രസികത്വം അതു് ഏതു സഹൃദയനും സമ്മതിച്ചുകൊടുക്കുകയേ ഒരുമുള്ളു. പക്ഷെ അവളുടെ ഭർത്തൃദുഃഖത്തെപ്പററി കേട്ടുകൊണ്ടിരുന്ന ആ ശ്രോതാവിനെന്നപോലെതന്നെ നമുക്കും അവളുടെ കന്നത്തതിനു കരണപ്പിഴ തീർക്കാനുള്ള മനസ്സുവരുന്നപോകും. അത്രമാത്രം ആ പാത്രത്തെ സജീവമാക്കിയിട്ടുണ്ടു്. ലീലാവതിഎന്ന ഒരു പരിഷ്കൃതമലയാളവനിതയുടെ പ്രസംഗവിഷയം അഥവാ പല്ലവിയാണ് അടുത്ത കഥയുടെ ശിരോലിഖിതമായ പുരുഷനെ അകററുക- സ്ത്രീയുടെ വർപ്പും വീരവാദവുംഎല്ലാം പൌരുഷത്തിന്റെ മുൻപിൽ എറിഞ്ഞടങ്ങുന്ന വിധമാണ് ഈ കഥയിൽ. ലീലാവതിയെക്കൊണ്ടു സമസ്തം പരായവും .പറയിക്കുന്ന കൃഷ്ണമേനോൻ പൊടിപൊടിപ്പനായിട്ടുണ്ടു്.

ചിത്രകാരൻ, ഒരു കലാകാരന്റെ ലളിതപ്രകൃതിയും ധനസമ്പാദനത്തിനുള്ള നിവേദനസ്ഥിതിയും അങ്ങനെയുള്ള ലൗകികവിരക്തന്മാർക്കു വന്നുകൂടുന്ന ഭാര്യമാരുടെ പണമേ എന്നുള്ള അത്യാർത്തിയുംകൂടി കൂട്ടിമുട്ടി ഉണ്ടാകുന്ന കുടുംബദുരിതകോലാഹലങ്ങളും ആ കഥാകഥനത്തിൽ നമ്മുടെ ചെവിയടപ്പിക്കുന്നു. ഒററനോട്ടത്തിൽ, എന്ന അനന്തരകഥാവിഭാഗവും സ്ത്രീപ്രകൃതത്തിന്റെ ദുഷിച്ചുവശത്തെ വിശദപ്പെടുത്തുവാൻതന്നെ കഥികൻ ചെലവാക്കുന്നു. സമുദായസ്ഥിതിയിൽ ഉന്നതമണ്ഡലത്തിൽ വർത്തിക്കുന്നവരുടെ ജീവിതസംഭവങ്ങളെയാണ് ശ്രീ. പി. സി. കുട്ടിക്കൃഷ്ണൻ നമ്മെ പരിചയപ്പെടുത്തുന്നതു്. അതിലെല്ലാംതന്നെ മാനസികവ്യഭിചാരത്തിന്റെ വിഷാണുക്കൾ സാംക്രമികമായി ബാധിച്ചുകാണുന്നുണ്ടു്. ആ നിലയിലല്ലാതെ അദ്ദേഹത്തിനു ഇന്നത്തെ സമുദായനിലയെ വീക്ഷിക്കാൻ സാധിക്കാത്തപോലിരിക്കുന്നു. ആ പോക്കുകണ്ടാൽ. അനുഭവങ്ങൾ, അവലോകനങ്ങൾ, ഇവ അദ്ദേഹത്തെ ആ വഴിക്കു പ്രേരിപ്പിച്ചിരിക്കാം, എന്നാൽ സാഹിത്യദൃഷ്ട്യാ നോക്കുന്നതായാൽ സ്ഥായൈകമാനമായ ഒരു പ്രതിപാദനം പ്രതിപദസൗക്ഷ്മ്യം നിറഞ്ഞുതുളിനിൽക്കുകതന്നെയാണതിൽ. ഒരു ഘട്ടത്തിൽ, ഒരു വാചകത്തിൽ, ഒരു പദത്തിൽആകട്ടെ അശ്ലീല സ്പർശം ഏർശിക്കാൻ സാധിക്കാത്തവിധം ഗ്രന്ഥകാരൻ തന്റെഔന്നത്യം പരിപാലിക്കുന്നുണ്ടു് എന്നാൽ ൧൭-വരിമാത്രമുള്ള ഒരു പുറത്തിൽ ൧൩-വരികളിൽ അവൾ എന്നപദം ആവർത്തിച്ചിരിക്കുന്നതിന്റെ അസ്വാരസ്യവും, 'ഉടനെ തടിച്ചു പ്രതാപശാലിനിയായ ഒരുസ്ത്രീ പുറത്തേയ്ക്കു വന്നു' എന്നമട്ടിലുള്ള വിശേഷഭാഷാച്ചുവയും രചനയിൽ വന്നപോയ നിഷ്പക്ഷമറവുകളായി കാണാം. വസന്തദേവതയുടെ പുഞ്ചിരിപ്പുനിലാവേൽക്കുന്ന ആനന്ദനിമഗ്നതയിൽ അങ്ങിങ്ങു പാറിക്കാണാകുന്ന കരിനിഴലുകളെനോക്കി നാം എന്തിനു വിഷാദപ്പെടണം.

സി. എം. പി.

—०—

# ഒരുതിരുനാളാഘോഷം

അമ്പലപ്പുഴ, തുലാം ൬—മഹാരാജാവു തിരുമനസ്സിലെ മുപ്പത്തിനാലാമമത്തെ ആട്ടത്തിരുനാൾ മഹാമഹമായ ഇന്നേദിവസം രാവിലെ എല്ലാ ദേവാലയങ്ങളിലും വിശേഷാൽ വഴിപാടുകൾ നടത്തി. തിരുവയസ്സു കണക്കാക്കിക്കൊണ്ടുള്ള കതിനാവെടികളുടെ പ്രതിധ്വനി എല്ലാവരേയും ഉത്സാഹഭരിതരാക്കി. കച്ചേരിയുടേയും ഇംഗ്ലീഷ്സ്ക്കൂളിന്റെയും, പരിസരങ്ങളും കവലയും ക്ഷേത്രസങ്കേതവും മററും നയനാനന്ദകരമായി, കൊടി-തോരണങ്ങൾ മുതലായവകളാൽ അലങ്കരിക്കപ്പെട്ട് ഒരു പ്രത്യേക സൗഭാഗ്യസങ്കേതമായി കാണപ്പെട്ടു. പോലീസ്, എക്സൈസ് മുതലായവരുടെ രാജഭക്തി പ്രചോദിതമായ പരേഡുകളും ബാൻഡമേളങ്ങളും കാണികളുടെ ഹൃദയത്തിൽ തിരുനാൾമഹത്തിന്റെ ആ മഹിമയെ പൂർവ്വാധികം ഉജ്ജീവിപ്പിച്ചുകൊണ്ടിരുന്നു: തദനന്തരം സ്ഥലത്തെ പൊതുകമ്മിററിയുടെ നേതൃത്വത്തിൽ എല്ലാ സ്ക്കൂളുകളിലും വച്ചു് കുട്ടികൾക്ക് മധുരഭക്ഷണവും എം. എം. സ്ക്കൂളിൽവച്ചു് സാധുക്കൾക്ക് അരിയും മുണ്ടിനിയും വിതരണം ചെയ്യുകയും ഉണ്ടായി.

മൂന്നുമണിക്ക് സാഹിത്യപഞ്ചാനന തീയേററിൽവച്ചു് ശ്രീ: ആർ. പത്മനാഭപിള്ള ബി. ഏ., ബി. എൽ. (അഡ്വോക്കേററ്) അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു ഒരു മഹായോഗം കൂടുകയും, റിട്ട: എക്സ്: കമ്മീഷണർ ശ്രീ: ഗോവിന്ദപ്പിള്ള ഡാ: പി. ആർ. പരമേശ്വരക്കുറുപ്പു, മി: ജെ: ജോസഫ് ബി. ഏ., ബി. എൽ. എന്നിവർ പൊന്നുതമ്പുരാന്റെ മഹത്തായ അപദാനവിശേഷങ്ങളെ പുരസ്കരിച്ചു് ശ്രദ്ധേയമായ പ്രസംഗങ്ങൾ ചെയ്കയുമുണ്ടായി. കൂടാതെ "ചെമ്പകശേരി നടനകലാമണ്ഡല"ക്കാരുടെ ഹൃദയമോഹനമായ ഒരു നടനകലാ പ്രദർശനവും ഏറ്റവും വിജയകരമായ രീതിയിൽ നടത്തപ്പെട്ടു. അസ്തമയത്തോടുകൂടി നഗരപ്രദേശമാകമാനം ഒരു ദീപക്കാഴ്ചകൊണ്ടു് അലങ്കരിക്കപ്പെടുകയും വിശേഷാത്തരമായ ആ മഹാമഹം അങ്ങനെ സമംഗളം സമാഹരിക്കപ്പെടുകയും ചെയ്തു.

സ്ഥലം പി. കെ. മെമ്മോറിയൽ വായനശാലയിൽവച്ചു് പൊന്നുതമ്പുരാൻ തിരുമനസ്സിലെ ആയുരാരോഗ്യത്തെ ആകാംക്ഷിച്ചുകൊണ്ടു് റിട്ട: ഡാ: പി. ആർ. പരമേശ്വരക്കുറുപ്പുളുടെ അദ്ധ്യക്ഷതയിൽ ഒരു പ്രാർത്ഥനായോഗവും പ്രത്യേകം നടത്തപ്പെടുകയുണ്ടായി.

വ്യ-ന-ഫ-ഫ-ം ഇന്നു് രണ്ടായിരത്തിൽപരം സാധുക്കൾക്ക് ധർമ്മകഞ്ഞി നൽകി. (സ്വ-ലേ)

## മലയാളരാജ്യം

(അഞ്ചാംപേജിൽനിന്നും തുടർച്ച)

സ്കാരമോ സംസർഗ്ഗഗുണമോ ഇല്ലാത്ത രീതിയിൽ കാര്യകാരണവിവേചനം കൂടാതെ അവർ അധിക്ഷേപിച്ചു് പ്രസംഗങ്ങൾ ചെയ്യുതുടങ്ങും. കാരുണ്യമേറിയ ഗവമ്മെണ്ടു് ഇക്കൂട്ടരുടെ അജ്ഞതയെ ആസ്പദമാക്കി, വിവേകമില്ലായ്മയെ പരിഗണിച്ചു്, യാതൊന്നും ചെയ്യാതിരിക്കുന്നതു് ഒടുവിൽ ഭീരുത്വമാണെന്നു് വ്യാഖ്യാനിച്ചു് ശകാരവർഷം അതിന്റെ എല്ലാ സീമകളേയുംഅതിലംഘിച്ചു് പ്രവഹിച്ചുതുടങ്ങും. അപ്പോൾ 'അച്ഛൻ ആശിച്ചതും വൈദ്യൻ കല്പിച്ചതും' ഒന്നു എന്നപോലെ ഈ ഉപനേതാവിനെ അറസ്റ്റുചെയ്യുവാൻ അധികൃതർ നിർബന്ധിതരായിതീരും. അറസ്റ്റിനെ തുടർന്നു് ഹർത്താലുകളും ഘോഷയാത്രകളും പ്രതിഷേധയോഗങ്ങളും ഉണ്ടാവുകയായി. ഈ പ്രകടനങ്ങൾ എല്ലാം ആരുടെ അറസ്റ്റിനെ പ്രകീർഷിച്ചാണോ എന്നു അന്വേഷിച്ചാൽ ആ നേതാവിനെ അയാളുടെ അയൽവാസികൾപോലും ചിലപ്പോൾ അറിഞ്ഞില്ലെന്നുവരാം. പിന്നീടു ഈ ഉപനേതാവു് പ്രത്യക്ഷപ്പെടുന്നതു് അസ്സൽനേതാവായിട്ടായിരിക്കും. ഇപ്രകാരമുള്ള നേതാക്കന്മാരെ പിൻതുടന്നാൽ സമാന്യജനങ്ങൾക്ക് വിശിഷ്യ തൊഴിലാളിവർഗ്ഗത്തിനു എന്തു ഗുണം സിദ്ധിക്കുവാൻപോകുന്നു എന്നുള്ള കാര്യം അവധാനമായി ആലോചിക്കേണ്ട ഒന്നാണ്. തൊഴിലാളികളുടെ സാമ്പത്തികനില ഉയർത്താതെ ഒരു രാജ്യവും അഭിവൃദ്ധിപ്രാപിക്കുവാൻ പോകുന്നില്ല. തൊഴിലാളിവർഗ്ഗത്തിന്റെ അവശതകൾ പരിഹരിക്കുന്നതിനും അവരുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുംവേണ്ടി അനവരതംപ്രവർത്തിക്കുന്നതിനു ഉറച്ച സംഘടനകൾ അത്യന്താപേക്ഷിതമാണ്. അവർക്ക് ആവശ്യമായ പ്രവർത്തനപരിപാടികൾ രൂപീകരിക്കുന്നതിനും അവ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിനും നേരായ മാർഗ്ഗങ്ങൾ അവസരോചിതം ഉപദേശിക്കുന്നതിനും അവർക്കും നേതാക്കന്മാർ വേണം. പക്ഷേ നേതാക്കന്മാർ ആരായിരിക്കണം എങ്ങനെയുള്ളവരായിരിക്കണം എന്നുള്ളതു് ഒരു വലിയ പ്രശ്നമാണ്. തൊഴിലാളികൾ അവരുടെ നേതാക്കന്മാരെ തിരഞ്ഞെടുക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കണം. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വം കരസ്ഥമാക്കിക്കൊണ്ടു്, അവരുടെ പിൻതുണയുണ്ടെന്നു് അഭിമാനിച്ചുകൊണ്ടു്, സ്വകാര്യസാദ്ധ്യതകൾക്കുവേണ്ടി വെമ്പൽകൊള്ളുന്ന നേതാക്കന്മാരുടെ ഉപദേശം സ്വീകരിച്ചു്, തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സമ്പാദിക്കുന്നതിനു സുഗമമായ മാർഗ്ഗങ്ങൾ തെളിഞ്ഞുകിടക്കുന്നതു് വിസ്മരിച്ചു പ്രവർത്തിച്ചതിനാൽ ഉണ്ടായ ദുരന്തദുഃഖങ്ങൾ പലരും അനുഭവിച്ചുകഴിഞ്ഞിട്ടുണ്ടു്. തൊഴിലാളിപ്രശ്നങ്ങളും രാഷ്ട്രീയവും സാമുദായികവുമായ പ്രശ്നങ്ങളും തമ്മിൽ കൂട്ടിക്കുഴയ്ക്കാതെ തൊഴിലാളികളുടെ അവശതാപരിഹാരത്തിനു് ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ തന്റേടവും പ്രാപ്തിയുമുള്ള യഥാർത്ഥ തൊഴിലാളികളെ നേതൃസ്ഥാനത്തേക്കു് ഉയർത്തി അവരുടെ ഉപദേശാനുസരണം പ്രവർത്തിക്കുവാൻ എല്ലാ തൊഴിലാളിസംഘടനകളും തയ്യാറാകേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അങ്ങനെയാണെങ്കിൽ തൊഴിലാളിവർഗ്ഗം അഭിവൃദ്ധിപ്രാപിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. വിവിധരംഗങ്ങളിൽ പ്രവർത്തനം നടത്തുന്ന നേതാക്കന്മാരും, സംഘടനകളും തൊഴിലാളികളുടെ ന്യായമായ അവകാശവാദങ്ങൾക്ക് ശക്തിയായ പിൻതുണ നൽകുമെന്നുള്ള കാര്യത്തിൽ സംശയത്തിനു് തെല്ലും അവകാശമില്ല. സ്വാർത്ഥേച്ഛുക്കളായ നേതാക്കന്മാരിൽനിന്നും പൊതുജനങ്ങളും തൊഴിലാളിവർഗ്ഗവും രക്ഷപ്രാപിക്കട്ടെ!

—•—

സയൻസിൻെറ പുരോഗതി, പ്രപഞ്ചരഹസ്യങ്ങളെന്നപോലെ സീമാരഹിതമാണെന്ന സമ്മതിച്ചേ കഴിയൂ. ഓരോ 'പുതിയ' കണ്ടുപിടിത്ത'വും തത്തൽകാലങ്ങളിലെ അത്ഭുതസംഭവങ്ങളെന്നല്ലാതെ, അന്ത്യത്തിലെ ഭാവാവിഷ്കരണമാണെന്ന സമ്മതിക്കുക സാധ്യമല്ല. ഭാവനാത്മകമല്ലാത്തതു് സംഭവിച്ചേക്കുമ്പോൾ. അതു മനുഷ്യൻെറ നിരന്തരഗവേഷണജന്യമായ ശാസ്ത്രപുരോഗതിക്ക് ഉദാഹരണമാണെന്നേയുള്ളു. പരമാണുഭേദനംകൊണ്ട് പ്രകൃതിക്ഷോഭമുണ്ടാക്കാൻ കഴിയുമെന്ന് വിഭാവനം ചെയ്യുക അശക്യമായിരുന്നെങ്കിലും, ആധുനികശാസ്ത്രജ്ഞൻെറ അവിശ്രമപരിശ്രമം വിജയംനേടുകതന്നെ ചെയ്തു. വാസ്തവം സമ്മതിക്കുവാൻ സന്നദ്ധതയുണ്ടെങ്കിൽ ഉപഭോഗോചിതമല്ലാത്ത പ്രപഞ്ചരഹസ്യങ്ങളിലൊന്ന് രേഖപ്പെടുത്തുവാൻ സയൻസിന് സാധിച്ചുവെന്ന സമ്മതിക്കണം. ശാസ്ത്രജ്ഞൻെറ നിരീക്ഷണപരീക്ഷണങ്ങൾ വിരാമരഹിതങ്ങളായിരിക്കുമെങ്കിൽ ശാസ്ത്രം അനുനിമിഷം വികസിക്കുകതന്നെചെയ്യും. പര്യവേക്ഷണകുതുകിയായ ശാസ്ത്രജ്ഞൻ പ്രതിബന്ധങ്ങളെ വകവയ്ക്കാതെ, ഏതു സാഹസകൃത്യത്തിനും സമുത്സുകനാകുമെന്നതിന് സയൻസിൻെറ അതീതചരിത്രം പര്യാപ്തദർശനമാണ്.

പരമാണുശക്തിയുടെ കണ്ടുപിടിത്തം പാശ്ചാത്യശാസ്ത്രജ്ഞന്മാരുടെ ഗവേഷണതൃഷ്ണയെ ഉത്തരോത്തരം വികസിപ്പിച്ചിട്ടുണ്ടെന്ന് സമ്മതിക്കുകതന്നെ വേണം. ഇതരഗോളങ്ങളിൽ സഞ്ചരിച്ച് ശാസ്ത്രീയഗവേഷണംനടത്താൻ അവർ അഭിലഷിച്ചുതുടങ്ങിയിട്ടു നാളേറെയായി. ചൊവ്വാ, ശുക്രൻ, ചന്ദ്രൻ എന്നീ ഗോളങ്ങളിൽ പോകണമെന്നായിരുന്നു ഈ ശാസ്ത്രജ്ഞന്മാർ ആഗ്രഹിച്ചുകൊണ്ടിരുന്നത്. എന്നാൽ പരമാണുശക്തി നയിക്കുന്ന വാഹനത്തിൽകയറി ഉടനടി ചന്ദ്രഗോളത്തിലേ-

# സയൻസിൻെറ പുരോഗതി

## ചന്ദ്രലോകപര്യടനസംരംഭം

(വി. എസ്സ്. എസ്സ്. കണിയാർ, കോതമംഗലം)

ക്കുതന്നെ പ്രയാണമാരംഭിക്കണമെന്ന് അമേരിക്കൻ ശാസ്ത്രജ്ഞന്മാർ തീരുമാനിച്ചിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടുകാണുന്നു. ഇത്തരുണത്തിൽ ചന്ദ്രഗോളസംബന്ധമായ ചില സംഗതികൾ അറിഞ്ഞിരിക്കുന്നതു് വിജ്ഞാനപ്രദവും, നമ്മുടെ ശാസ്ത്രജ്ഞന്മാർ കൈക്കൊള്ളാൻപോകുന്ന സാഹസപ്രവൃത്തിയുടെ വൈപുല്യം എത്രയെന്ന് മനസ്സിലാക്കാൻ പര്യാപ്തവുമായിരിക്കുമെന്ന വിശ്വസിക്കുന്നു.

### സുകരമല്ല

അന്യഗോളങ്ങളിൽ സഞ്ചരിച്ച് പര്യവേക്ഷണം നടത്തുക ലഘുസാധ്യമായ ഒരു കാര്യമല്ലെന്നുള്ളതു് ശരിയാണ്. പക്ഷെ ആധുനികശാസ്ത്രജ്ഞൻ പ്രതിബന്ധങ്ങളെ വകവയ്ക്കുവാൻപോകുന്നില്ല. വ്യോമസഞ്ചാരത്തിനുള്ള പ്രഥമപരിശ്രമത്തിൻെറ പരാജയം വാനശാസ്ത്രജ്ഞന്മാരെ ഭഗ്നമനോരഥന്മാരാക്കിയിരുന്നുവെങ്കിൽ 'ആത്തോത്സാഹരായ്' വിമാനത്തിൽ കയറി ജ്യോതിസ്സുകൾക്കിടയിൽ വിഹരിക്കാൻ ഇന്നു നമുക്ക് സാധ്യമായിരുന്നില്ലതന്നെ.

ഇന്നത്തെ വിമാനങ്ങൾ ഉപയോഗിച്ചു അന്യഗോളങ്ങളിൽ പോവുക സാധ്യമല്ല. ആറുമൈലിൽ കൂടുതൽ ഉയരത്തിലെ കാററ് വിമാനയാത്രയ്ക്കനുകൂലമായിരിക്കയില്ല. തന്മൂലം ഗോളയാത്രയ്ക്കു ഉപയോഗപ്പെടുത്തുന്ന വാഹനം കാററിൻെറ സഹായം ആവശ്യമില്ലാത്തതായിരിക്കണം. അതാണ് ബാണബലംബിൻെറ മാതൃകയിലുള്ള 'റാക്കററ്' വിമാനം. ഏതുവിധവാഹനമുപയോഗിച്ചാൽ ഗോളയാത്ര നിർവ്വഹിക്കാമെന്നുള്ള പര്യവേക്ഷണം 1927-ൽതന്നെ ആരംഭിച്ചതാണ്. 'മേക്സ് വേലിയർ' എന്ന ജർമ്മൻശാസ്ത്രജ്ഞനാണ് ഈ ഗവേഷണത്തിൻെറ പ്രാരംഭപ്രവർത്തകനെന്നുപറയാം.

ഉഗ്രാതിവേഗത്തിൽ സഞ്ചരിക്കാൻ കഴിവുള്ള വാഹനങ്ങൾ ഉപയോഗിച്ചാൽ മാത്രമേ, ദൂരാംവിദൂരത്തിൽ ഭിന്നകക്ഷ്യകളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഗോളങ്ങളിൽ ചെന്നെത്താൻ സാധിക്കയുള്ളു. അഭിനവഗണിതശാസ്ത്രമനുസരിച്ചു ഭൂമിയുടെ ആകർഷണപരിധി 25000 മൈൽ അകലെയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ ദൂരം അനായാസം കടന്നുകിട്ടിയാൽ വിജയം അല്പമാത്രമായി കൈവന്നുവെന്നു കരുതാം. മനുഷ്യൻ നിമേഷമാത്രത്തിൽ 25000 മൈൽ സഞ്ചരിച്ചാൽ അന്തരീക്ഷത്തിലെ സമ്മർദ്ദശക്തി സഹിക്കുവാൻ സാധിച്ചില്ലെന്നുവരാം. ആ യാത്രയിൽ മരണം അനിശ്ചിതമല്ല. അങ്ങനെ സഞ്ചരിക്കുന്ന വാഹനം ഗതിവേഗത്തിൽ വായുവിൽ ഉരസി അഗ്നിമയമായിപ്പോകും. പ്രതിബന്ധസഹസ്രങ്ങളെ നേരിടാൻ പര്യാപ്തമായ ഒരു റാക്കററിനിർമ്മാണത്തിനു രണ്ടുകോടി പവൻെറ ചിലവാണത്രെ പ്രതീക്ഷിക്കുന്നതു്. സുരക്ഷിതമായ ഈ വാഹനമുപയോഗിച്ചു എട്ടു മിനിട്ടുകൊണ്ട് 25000 മൈൽ പിന്നിടാമെങ്കിൽ, സംരക്ഷണസജ്ജീകരണങ്ങളോടുകൂടി വർത്തിക്കുന്ന അദ്ധ്യാനീനരു ആപത്തൊന്നും നേരിടുകയില്ലെന്നും, ഭൂമിയുടെ ആകർഷണമേഖലയ്ക്കപ്പുറമെത്തുന്ന വാഹനം യാതൊരു ശക്തിയുടേയും സഹായംകൂടാതെ എങ്ങോട്ടെങ്കിലും സഞ്ചരിച്ചുകൊള്ളുമെന്നും, നമ്മുടെ ലക്ഷ്യത്തിലേക്കു ആ വാഹനത്തെ നയിക്കേണ്ട ഭാരംമാത്രമേ അവശേഷിക്കുന്നുള്ളുവെന്നും ശാസ്ത്രജ്ഞന്മാർക്ക് അഭിപ്രായമുണ്ട്. ഈ ശൂന്യപ്രദേശത്തിലെ അത്യുഷ്ണത്തെ തടുക്കാനുള്ള ഉപകരണങ്ങളും ഘടിപ്പിച്ചിരിക്കണം.

ഗോളയാത്രയിൽ വേറൊരു അപായത്തെ നേരിടേണ്ടി വന്നേക്കും. ഭൂഗോളത്തെ ചുററി എപ്പോഴും കൊള്ളിമീൻ കറങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവയെ കണ്ടിട്ടാണ് നക്ഷത്രം പൊഴിഞ്ഞുപോകുന്നതായി നാം കരുതുന്നതു്. ഗോളയാത്രയിൽ ഈ 'തീക്കല്ലു'കളുടെ ആഘാതം നമ്മുടെ വാഹനത്തിൽ വന്നുതട്ടിയാൽ വാഹനം തവിട്ടുപൊടിയായിപ്പോകും. പക്ഷെ ആ അപായം ആകാശവിസ്തൃതിയെ സംബന്ധിച്ചിടത്തോളം പത്തുലക്ഷത്തിനൊന്നുപോലെ അസാധാരണമായിരിക്കും.

ഈ യാത്രയിൽ ചന്ദ്രനാകുന്ന നമ്മുടെ ലക്ഷ്യം തെററിയാൽ ശൂന്യാകാശത്തിൽ നാം എങ്ങിനെ സഞ്ചരിച്ചുകൊണ്ടേയിരിക്കും. നാം വാഹനത്തിലായാലും, വാഹനത്തിൽനിന്ന് വെളിയിൽ ചാടിയാലും സഞ്ചാരത്തിനു മാററമുണ്ടാകയില്ല. മറേറതെങ്കിലും ഗ്രഹത്തിൻെറ ആകർഷണപരിധിയിൽ നാം പെട്ടുപോയാൽ നമ്മുടെ കഥ അവസാനിച്ചതുതന്നെ. ഈ പ്രതിബന്ധബഹുലതയെ നേരിടാനാണ് നമ്മുടെ ശാസ്ത്രജ്ഞർ ഉദ്യുക്തരാകുന്നതു്.

ശരിയായ ലക്ഷ്യത്തിൽതന്നെ നാം ചെന്നുചേർന്നാലും അവിടത്തെ സുരക്ഷിതാവസ്ഥ എങ്ങിനെ ഇരിക്കുമെന്ന് കണ്ടുതന്നെ അറിയണം. ചന്ദ്രൻെറയും ഭൂമിയുടേയും ആകർഷണശക്തിക്കു വ്യത്യാസമുണ്ട്. നാം ചന്ദ്രനിൽചെന്ന് ഇറങ്ങണമെങ്കിൽ ചന്ദ്രൻെറ ആകർഷണംമൂലം നമ്മുടെ വാഹനം തകർന്നുപോകാതെ സൂക്ഷിക്കണം. ഭൂമിയുടെ ആകർഷണസീമ കഴിഞ്ഞാൽ നമ്മുടെ ശരീരത്തിനു യാതൊരു ഭാരവും തോന്നുകയില്ല. ഭാരം ഓരോ ഗോളത്തിലും ആകർഷണശക്തിക്കു വിധേയമായി, ഭിന്നരീതിയിലായിരിക്കും. ഒരുവസ്തുവിൻെറ ഭാരം ഭൂമിയിൽ 24, റാത്തലാണെങ്കിൽ ചന്ദ്രനിൽ അതു 4 റാത്തലായിരിക്കുകയുള്ളു. മറെറാരുവിധത്തിൽ പറഞ്ഞാൽ ഭൂമിയിൽനിന്ന് 25000 മൈൽ വേഗത്തിൽ സഞ്ചരിക്കേണ്ട വാഹനം ചന്ദ്രനിൽനിന്നാണെങ്കിൽ 4000 മൈൽ വേഗത്തിൽ സഞ്ചരിച്ചാൽമതിയാകും.

ചന്ദ്രനെ അപേക്ഷിച്ച് ചൊവ്വായും, ശുക്രനുമാണ് മനുഷ്യവാസയോഗ്യങ്ങളെന്നു കരുതി, അങ്ങോട്ടുതന്നെ പോകണമെന്നാണ് ശാസ്ത്രജ്ഞന്മാർ വിചാരിച്ചിരുന്നതു്. പരമാണുശക്തി കണ്ടുപിടിച്ചതോടുകൂടി പ്ലാനെല്ലാം പരിഷ്കരിച്ച്, ചന്ദ്രഗോളയാത്രതന്നെ നിർവ്വഹിക്കണമെന്ന് തീരുമാനിക്കുകയാണ് ചെയ്തതു.

### ചന്ദ്രനിലേക്കാണു് എളുപ്പം

ഗോളയാത്രക്കാരനു് എപ്പോഴെങ്കിലും, യഥേഷ്ടം പുറപ്പെടാമെന്നു കരുതുക സാധ്യമല്ല, താൻപോയിച്ചേരാനാശിക്കുന്ന ഗോളം സൗകര്യമായ സ്ഥാനത്തെത്തുമ്പോൾ മാത്രമേ വാഹനവും പുറപ്പെടാവൂ. ഇതിനു വളരെക്കാലം കാത്തിരിക്കേണ്ടിവരാം. ഉദാഹരണം ചൊവ്വാതന്നെയാകട്ടെ, ഭൂമിയും ചൊവ്വായും സൂര്യനെ ചുററി ഭിന്നവേഗത്തിൽ, ഭിന്നകക്ഷ്യകളിൽ സഞ്ചരിച്ചുകൊണ്ടിരിക്കയാണ്. സൂര്യഗോളം ഭൂമിക്കും ചൊവ്വാക്കും മദ്ധ്യയാകുമ്പോൾ, ഭൂമിയും, ചൊവ്വായും തമ്മിലുള്ള അകലം 22½ കോടി മൈലാണെങ്കിൽ, ഭൂഗോളം കുജസൂര്യന്മാരുടെ മദ്ധ്യത്തിലാകുമ്പോൾ ടി ദൂരം 5 കോടിമൈൽ മാത്രമായിരിക്കും. ഈ 5 കോടി 100 ദിവസംകൊണ്ടു തരണംചെയ്യാമെന്നുള്ള ശാസ്ത്രജ്ഞന്മാരുടെ 'സ്കീം' ഫലിച്ചാൽതന്നെയും ഉടനെ മടങ്ങിപ്പോന്നില്ലെങ്കിൽ ഈ സൗകര്യം വീണ്ടും കിട്ടാൻ ചൊവ്വായിൽ 2½ കൊല്ലം നാം കാത്തിരിക്കേണ്ടിവരും.

ശുക്രൻ (വീനസ്സ്) ഭൂമിയുടെ വലിപ്പത്തോടു് ഏതാണ്ടു സമാനമാണ്. മേഘാവൃതമായ ഒരു ഗോളമായതുകൊണ്ടു് അതിനു ദൈനംദിനഭ്രമണമുണ്ടോ എന്നു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ശുക്രനിലെ ഉഷ്ണം 20F-ൽ നിന്ന് 50F വരെ ആയതുകൊണ്ടു മനുഷ്യനു ജീവിക്കാമായിരിക്കണം. ചൊവ്വായിലേക്കെന്നപോലെ ദീർഘദൂരം സഞ്ചരിച്ചാലെ ശുക്രനിലെത്തുകയുള്ളു. ഇതുകൊണ്ടായിരിക്കണം മനുഷ്യവാസയോഗ്യങ്ങളെന്നു കരുതപ്പെടുന്ന—ചൊവ്വായിൽ മനുഷ്യരുണ്ടെന്നുതന്നെയാണ് ശാസ്ത്രജ്ഞമതം—കുജശുക്രഗോളയാത്ര ഇനിയൊരവസരത്തിലേക്ക് ശാസ്ത്രജ്ഞന്മാർ മാററിവച്ചിരിക്കുന്നതു്.

### ചന്ദ്രൻ

പരമാണുശക്തിയോ മറേറതെങ്കിലും ശക്തിയോ നയിക്കുന്ന വാഹനത്തിൽ കയറി നാലഞ്ചുപേരിൽ കുറയാതെ ചന്ദ്രനിലേക്ക് പോയി നോക്കാമെന്നാണത്രെ വാനശാസ്ത്രജ്ഞന്മാർ വിചാരിക്കുന്നതു്.

ചന്ദ്രനിൽ താമസിക്കാൻ—ജീവിക്കാൻ—മനുഷ്യനു കഴിയുമോ? ഭൂമി തന്നിയേ ചുററിയും (ഭ്രമണം) സൂര്യനെച്ചുററിയും വരുന്നു. ചന്ദ്രനു് തനിയെ ഭ്രമണമില്ല. തന്മൂലം ചന്ദ്രൻെറ ഒരുവശം ചൂടും വെളിച്ചവും നിറഞ്ഞിരിക്കുമെങ്കിൽ മറുവശം ഇരുട്ടും തണുപ്പും നിറഞ്ഞതുമായിരിക്കും. സൂര്യാഭിമുഖമാകുന്ന ചന്ദ്രബിംബഭാഗത്തിലെ ഉഷ്ണം 216 F ആയിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഒരുവശത്തു നാം ചെന്നെത്തിയാൽ തണുപ്പുകൊണ്ടു മരവിച്ച് ചത്തുപോകുമെങ്കിൽ, മറുഭാഗത്തു അത്യുഷ്ണത്താൽ ദഹിച്ച് ഭസ്മമായിപ്പോകും. തന്മൂലം നാം 'അസ്ബെററാസ്സ്' ഡ്രസ്സുകൾ കൊണ്ടുപോകേണ്ടിവരും. ചന്ദ്രൻെറ മുകൾഭാഗം മുഴുവനും അഗ്നിപർവ്വതധൂളികൾ നിറഞ്ഞിരിക്കുന്നതുകൊണ്ടു് ഒരുപക്ഷെ ഉഷ്ണത്തിനു കുറവു കണ്ടേക്കാമെന്നും അഭിപ്രായമുണ്ട്.

ഭൂമിയുടെ ഒരുപഗ്രഹമാണ് ചന്ദ്രൻ. ഭൂമിയുടെ ആകർഷണത്തിനു വിധേയമായി ചന്ദ്രൻ തൻെറ കക്ഷ്യാവൃത്തത്തിൽ സഞ്ചരിക്കുകയാണ്. ചന്ദ്രഗോളവ്യാസം 2163. മൈലും, ഭൂമിയുടേതു് 7927 മാണത്രെ.

ഗോളങ്ങൾക്ക് മൂന്നവസ്ഥകളാണുള്ളതു്. വാതകം, ദ്രവകം, ഘനം. ഘനാവസ്ഥക്ക് രണ്ടു ഘട്ടമുണ്ട്; ജീവകാലം, നിർജ്ജീവകാലം. ഭൂമിക്കിപ്പോൾ ഘനാവസ്ഥയിലെ ജീവകാലമാണെങ്കിൽ ചന്ദ്രനു് ഘനാവസ്ഥയിലെ നിർജ്ജീവകാലമാണ്. ചന്ദ്രനിൽ ഇന്നു് യാതൊരു ജീവികളും, ലവലേശം വായുവുമില്ലെന്നു് ശാസ്ത്രജ്ഞന്മാർ കരുതുന്നു. പ്രാണവായുവിൻെറ അഭാവംമൂലം സസ്യലതാദികൾപോലും ചന്ദ്രഗോളത്തിലില്ലത്രെ. ചന്ദ്രനിലെ സൂര്യപ്രകാശം തട്ടാത്തഭാഗം നീരാവിയുടെ അഭാവത്താൽ രാത്രികാലങ്ങളിൽ ഭൂമിയിലേക്കാൾ പ്രകാശവത്തായിരിക്കണം. ചന്ദ്രനിൽ ജലരഹിതങ്ങളായ നിരവധിതടാകങ്ങളും, പർവ്വതങ്ങളും, ഗുഹകളും, പാറക്കൂട്ടങ്ങളും, ഉണ്ടെന്നു വാനശാസ്ത്രജ്ഞന്മാർ ശക്തിയേറിയ ദൂരദർശിനിയിൽകൂടി കണ്ടറിഞ്ഞിട്ടുണ്ട്. ഗുഹകൾ അഗ്നിപർവ്വതങ്ങൾ പൊട്ടിയുണ്ടായിരിക്കണം. ചന്ദ്രനും സാമാന്യമായ കേന്ദ്രാകർഷണശക്തിയുണ്ട്. ദിവസംപ്രതി ചന്ദ്രൻ തൻെറ കക്ഷ്യയിൽ 13° ഡിഗ്രിയിൽപരം സഞ്ചരിക്കുന്നു. ഭൂമിയിൽനിന്നു ചന്ദ്രനിലേക്ക് നാം തരണംചെയ്യേണ്ടതു് 238000 മൈലാണ്. ചന്ദ്രൻ ഭൂമിയുടേയും സൂര്യൻെറയും മദ്ധ്യത്തിൽകൂടി സഞ്ചരിക്കുമ്പോൾ, സൂര്യചന്ദ്രന്മാരുടെ അകലത്തിന് ഭൂമിയെ അപേക്ഷിച്ച് 2 ലക്ഷം മൈൽ കുറവുണ്ടായിരിക്കും. ഭൂ, സൂര്യഗോളങ്ങൾതമ്മിലുള്ള അകലം ഏതാണ്ട് 9 കോടി 30. ലക്ഷം മൈലാണെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്. ചന്ദ്രൻ, ഭൂ,സൂര്യഗോളങ്ങളുടെ മദ്ധ്യ സഞ്ചരിക്കുമ്പോഴാണ് അകലക്കുറവും, ചന്ദ്രലോകപര്യടനത്തിന് സൗകര്യവും. നമ്മുടെ വാഹനത്തിൻെറ ഗതിവേഗവും, ചന്ദ്രൻെറ ഭ്രമണവേഗവും തമ്മിൽ കണക്കാക്കി ശരിപ്പെടുത്തിയില്ലെങ്കിൽ വാഹനം ചെല്ലുമ്പോൾ ചന്ദ്രൻ ലക്ഷ്യത്തിൽനിന്നു് അകലെ പോയെന്നുവരാം. പിന്നത്തെസ്ഥിതി ഊഹാഗോചരംപോലുമല്ലല്ലൊ?

യാത്രയ്ക്കുതന്നെ വലിയ കരുതൽവേണ്ടിവരും. അങ്ങോട്ടെല്ലാം കൊണ്ടുപോകാൻ സാധ്യമല്ല. ഹൈഡ്രജൻ അടങ്ങിയ എന്തെങ്കിലും വസ്തു കയ്യിലിരിക്കണം. ഈ പ്രയാസങ്ങളെല്ലാം ജയിക്കുക ആധുനികസയൻസിനസാധ്യമല്ല.

ഇത്രയും പ്രസ്താവിച്ചതിൽനിന്ന് നമ്മുടെ ശാസ്ത്രജ്ഞന്മാരുടെ ചന്ദ്രലോകയാത്രാസംരംഭത്തിൻെറ വൈപുല്യവും, വൈഷമ്യവും ഏറെക്കുറെ ഊഹിക്കുവാൻകഴിയും. ഈ പര്യടനം വിജയശ്രീലാളിതമായാൽ ലോകത്തിൽ ഉണ്ടായിട്ടുള്ള ഭഗീരഥപ്രയത്നങ്ങളിൽ ഇതിനായിരിക്കും പ്രമുഖസ്ഥാനം. നമുക്കു കൗതുകപൂർവ്വം കാത്തിരിക്കുക തന്നെ.

—o—

(൧൨-ാംപേജിൽനിന്നും തുടർച്ച)

നമുക്കെന്നും അഭിമാനിക്കാവുന്ന ഒന്നാണ്. നമ്മുടെ സഹോദരന്മാർ അനവധി കഷ്ടതകൾ സഹിച്ചിട്ടുണ്ട്. പക്ഷേ അവരുടെ ത്യാഗമാണ് ഇന്നത്തെ വിജയശക്തിയുടെ ജനയിതാവ്. ഇന്ന് സ്വാതന്ത്ര്യപ്രേമികൾ പ്രബുദ്ധരായിട്ടുണ്ട്. 1942-ലെ സമരത്തിൽ ചില ചില്ലറതെറ്റുകൾപറ്റി. പക്ഷെ അവ ആവർത്തിക്കപ്പെടാതിരിക്കുന്നതിലാണ് വിജയം. ഇന്നത്തെ നമ്മുടെ ശക്തിയെ സംയമനംചെയ്ത് അടിമകളായിരിക്കേണ്ട ആവശ്യം ഇല്ല. സ്വാതന്ത്ര്യം കൈവന്നുകഴിഞ്ഞു എന്നു പറയാറായി. പാവപ്പെട്ട തൊഴിലാളികൾ, കർഷകന്മാർ ജീവിക്കാനുള്ള അവകാശങ്ങൾ ആ സുപ്രഭാതത്തിൽ ജന്മമെടുക്കും.

ആഗസ്റ്റ് 9-ാംതീയതി 'കമേഴ്സ്യൽ കാളേജിൽ' രാഷ്ട്രഭാഷയിൽ അദ്ധ്യക്ഷം ചെയ്യുന്നതിനു നിശ്ചയിച്ചു: ആ മംഗളകർമ്മം മഹാത്മജി ഉൽഘാടനംചെയ്തു. മാതൃഭാഷയിൽ ശിക്ഷണം നടത്തണമെന്ന് ഗാന്ധിജി പ്രസ്താവിച്ചു. ഇംഗ്ലീഷുഭാഷയിൽ അദ്ധ്യയനം നടത്തിയാലുള്ള ദോഷങ്ങൾ അദ്ദേഹം വിശദീകരിച്ചു. എത്രയുംവേഗം ഇംഗ്ലീഷിനെ ഒഴിവാക്കാമോ അത്രയും നന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. 40 കോടി ജനങ്ങളും വിദ്യാഭ്യാസമുള്ളവരായിരിക്കണം അവരെ അഭ്യസിപ്പിക്കേണ്ടത് ഒരു വിദേശഭാഷ പെട്ടെന്നുപഠിക്കാൻ സാധിക്കയില്ല. രാജ്യത്തിനു പൊതുഭാഷ ആവശ്യമായിരിക്കയാലും, ഹിന്ദി ആ സ്ഥാനം കരസ്ഥമാക്കിയിരിക്കയാലും ഹിന്ദി പഠിക്കാൻ ശ്രമിക്കാത്ത ഭാരതീയൻ തെററുകാരനാണ്. ഇംഗ്ലീഷുഭാഷാപണ്ഡിതരാക്കി ഇന്ത്യക്കാരെ ഉയർത്താൻവേണ്ടിയല്ല കണക്കെഴുതാൻ ആളുകിട്ടുന്നതിനുവേണ്ടിയാണ് അവർ തങ്ങളുടെഭാഷ ഇവിടെ പ്രചരിപ്പിച്ചതു്. ആ കുതന്ത്രത്തിൽനിന്നും നാം ചാടേണ്ടതുണ്ട്. നമ്മുടെ മാതൃഭാഷയിൽ നാം വിദ്യാഭ്യാസം നടത്തണം. അതു പുരോഗതിയുടെ ലക്ഷണമാണ്. നമ്മുടെ കാര്യം സ്വാതന്ത്ര്യമാകുകയാണ്. ഭാഷയുടെകാര്യത്തിലും നാം സ്വതന്ത്രരായിരിക്കണം. നമ്മുടെ രാഷ്ട്രഭാഷ പഠിക്കേണ്ടതു നമ്മുടെ ഒരു കടമകൂടേയാണ്.

—o—

## കോർട്ട്പരസ്യം

പറവൂർ മുൻസിഫ്കോർട്ടിൽ

121-ാമാണ്ടു സ്യൂട്ടുനമ്പ്ര 1.

വാദികൾ—1, കോട്ടുവള്ളിപകുതി കൈതാരംമുറിയിൽ 812-ാംനമ്പ്ര കൈതാരം എൻ. എസ്സ്. എസ്സ്. കരയോഗത്തിലേക്കുവേണ്ടി ഇപ്പോഴത്തെ പ്രസിഡന്റ് കൈതാരംമുറിയിൽ കൊറവമ്പാത്തു താമസിക്കും തേനത്തിൽ രാമൻ കുമാരമേനോൻ. 2, ടി കരയോഗം ഖജാൻജി ടി മുറിയിൽ നെല്ലിപ്പിള്ളിവീട്ടിൽ രാമൻ ശേഖരപിള്ള. 3, ടി കരയോഗം സെക്രട്ടറി ടി മുറിയിൽ അത്തിപ്പടിക്കൽ വേലായുധൻ കൃഷ്ണൻനായർ.

അഡ്വക്കേറ്റ് മിസ്റ്റർ ജി. പി. നാരായണപിള്ള.

പ്രതികൾ—1. കോട്ടുവള്ളിപകുതി കോട്ടുവള്ളിമുറിയിൽ പെരുമ്പിള്ളിവീട്ടിൽ കൃഷ്ണൻ ഗോപാലപിള്ള. 5. ടി പെരുമ്പിള്ളിപുത്തൻവീട്ടിൽ താമസിക്കും കടമാച്ചപറമ്പുവീട്ടിൽ ഗോപാലൻ ദാമോദരൻപിള്ള.

ചിട്ടി ഉടമ്പടിപ്രകാരം ഈടാക്കേണ്ട മുതൽപലിശയ്ക്കു മേൽനമ്പ്ര വ്യവഹാരം 812-ാംനമ്പ്ര കൈതാരം എൻ. എസ്സ്. എസ്സ്. കരയോഗത്തിലേക്കുവേണ്ടി ടി കരയോഗം ഭരണകർത്താവായ പ്രസിഡന്റും, ഖജാൻജിയും, സെക്രട്ടറിയുംആയ ടി വാദികൾ ബോധിപ്പിച്ചിട്ടുള്ളതും, അതിലേക്കു ഡയറി നിശ്ചയം പാസ്സാക്കിട്ടുള്ളതുഅനുസരിച്ച് വാദികൾക്കു അധികാരംഉള്ളതും ആകുന്നു. ടി കരയോഗത്തിലെ എല്ലാ അംഗങ്ങളും ചേർന്നു വ്യവഹാരം ബോധിപ്പിക്കുന്നതു് അനാവശ്യമായ കഷ്ടനഷ്ടങ്ങൾക്കും മററും ഇടയുള്ളതുകൊണ്ട് ടി വാദികളെ പ്രതിനിധീകരിച്ചു ഈ വ്യവഹാരം നടത്തുവാൻ അനുവദിക്കണമെന്നു ടി വാദികൾ ബോധിപ്പിച്ചിട്ടുള്ള 122 പലവക 105-ാംനമ്പ്ര ഹർജി അനുവദിക്കുന്നതിൽ ടി പ്രതികൾക്കോ, ടി കരയോഗത്തിൽപ്പെട്ട മററ അംഗങ്ങൾക്കോ മററവല്ലവർക്കുമോ ആക്ഷേപം വല്ലതുംഉണ്ടെങ്കിൽ ഈ കേസ് വിചാരണദിവസമായ 122-ാമാണ്ടു തുലാംമാസം 29-ാം തീയതി വെള്ളിയാഴ്ച, പകൽ 11 മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും ആകുന്നു.

ഉത്തരവുപ്രകാരം ഹെഡ്ക്ലാർക്ക് (ഒപ്പ്)

122-ാമാണ്ടു തുലാംമാസം 12-ാംനു-.

### അപ്പീൽവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു അപ്പീൽ പ്രതിക്കുള്ള. നോട്ടീസ്.

സിവിൽ നടപടി നിയമത്തിന്റെ

ആഡർ 40, റൂൾ 13.

തിരുവിതാംകൂർ സംസ്ഥാനത്തു്

ഹൈക്കോർട്ടിൽ 117-ാമാണ്ടു

അപ്പീൽ 946-ാംനമ്പർ

അപ്പീൽവാദി — നാരായണിപ്പിള്ള അമ്മ കല്യാണിപ്പിള്ള അമ്മ.

അപ്പീൽപ്രതി— 9. കൊല്ലം പകുതിയിൽ പുന്നത്തലച്ചേരിയിൽ ആനോപ്പിൽ വീട്ടിൽ അയ്യപ്പൻ ശങ്കു, 12. ടിയിൽ അയ്യപ്പൻ കേശവൻ, 13. ടിയിൽ അയ്യപ്പൻ ഭാസ്കരൻ.

കൊല്ലം ജില്ലാക്കോർട്ടിൽ 113-ാമാണ്ടു സി—32-ാം നമ്പരിൽ 117-ാംമാണ്ടു വൃശ്ചികം 25-ാംനു-നിശ്ചയിച്ച വിധിയിന്മേൽ ബോധിപ്പിച്ച അപ്പീൽ.

അപ്പീൽപ്രതിയെ തെര്യപ്പെടുത്തുന്നതു്

മേല്പറഞ്ഞ വ്യവഹാരത്തിൽ ടി കോർട്ടിൽനിന്നും നിശ്ചയിച്ച വിധിയിന്മേൽ അ: മി. സി. എസ്. സുബ്രഹ്മണ്യയ്യർ അപ്പീൽ ബോധിപ്പിക്കയും അതു് ഈ കോർട്ട് അപ്പീൽ രജിസ്റ്ററിൽ ചേർക്കയും ചെയ്തിരിക്കുന്നതും ഈ അപ്പീൽ വിചാരണയ്ക്കായി 1122-ാമാണ്ടു തുലാംമാസം 29 ാംനു-നിശ്ചയിച്ചിരിക്കുന്നതും ആകുന്നു

ഈ അപ്പീൽകാര്യത്തിൽ പ്രതിക്കുവേണ്ടി പ്രതിതന്നെയോ പ്രതിയുടെ വക്കീലോ കാര്യം നടത്താൻ നിയമപ്രകാരം അധികാരപ്പെടുത്തിയ മററു വല്ലവരുമോ മേല്പറഞ്ഞ ദിവസം പകൽ 12 മണിക്കു് ഹാജരായിട്ടില്ലെങ്കിൽ പ്രതിയെ കൂടാതെ എക്സ്പാർട്ടിയായി അതു വിചാരണചെയ്തു തീർച്ചപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ഹൈക്കോർട്ടു രജിസ്ട്രാർക്കുപകരം

മാനേജർ (ഒപ്പ്)

1122-ാമാണ്ടു കന്നിമാസം 29-ാംനു-

### അപ്പീൽവിചാരണ നിശ്ചയിച്ച തീയതിയേക്കുറിച്ച് അപ്പീൽ പ്രതിക്കുള്ള നോട്ടീസ്

—ഠ—

സിവിൽ നടപടി നിയമത്തിന്റെ

ആർഡർ 40, റൂൾ 13.

തിരുവിതാംകൂർ സംസ്ഥാനത്തു്

ഹൈക്കോർട്ടിൽ 1120-ാമാണ്ടു

അപ്പീൽ 719-ാംനമ്പർ

അപ്പീൽവാദി—എബ്രഹാം ഇരവ്വിയിർസേട്ടു്.

അപ്പീൽപ്രതി—1. കിടങ്ങൂർപകുതി കിഴക്കുംകര കരയിൽ കപ്പടയൻ വീട്ടിൽ പോത്തൻ മത്തു, 3. ടി കരയിൽ കവടയിൽവീട്ടിൽ പോത്തൻ ഫിലിപ്പോസ്.

കോട്ടയം ജില്ലാക്കോർട്ടിൽ 1118-ാമാണ്ടു ഡി. ആർ. പി. 13 ാം നമ്പരിൽ 1120-ാമാണ്ടു കന്നിമാസം 28-ാംനു- നിശ്ചയിച്ച വിധിയിന്മേൽബോധിപ്പിച്ച അപ്പീൽ.

അപ്പീൽപ്രതിയെ തെര്യപ്പെടുത്തുന്നതു്

മേല്പറഞ്ഞ വ്യവഹാരത്തിൽ ടി കോർട്ടിൽനിന്നും നിശ്ചയിച്ച വിധിയിന്മേൽ അ. മി. എസ്. വേലുപ്പിള്ള അപ്പീൽ ബോധിപ്പിക്കയും അതു ഈ കോർട്ടുഅപ്പീൽ രജിസ്റ്ററിൽ ചേർക്കയും ചെയ്തിരിക്കുന്നതും ഈ അപ്പീൽ വിചാരണക്കായി 1122-ാമാണ്ടു തുലാംമാസം 29--ാംനു-നിശ്ചയിച്ചിരിക്കുന്നതും ആകുന്നു.

ഈ അപ്പീൽകാര്യത്തിൽ പ്രതിക്കുവേണ്ടി പ്രതിതന്നെയോ പ്രതിയുടെ വക്കീലോ കാര്യം നടത്താൻ നിയമപ്രകാരം അധികാരപ്പെടുത്തിയ മററ വല്ലവരുമോ മേല്പറഞ്ഞ ദിവസം പകൽ 12 മണിക്കു് ഹാജരായിട്ടില്ലെങ്കിൽ പ്രതിയെ കൂടാതെ എക്സ്പാർട്ടിയായി അതു വിചാരണചെയ്തു തീർച്ചപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ഹൈക്കോർട്ടു രജിസ്ട്രാർക്കു പകരം

മാനേജർ (ഒപ്പ്)

1122-ാമാണ്ടു കന്നിമാസം 29-ാംനു-

### അപ്പീൽവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് അപ്പീൽപ്രതിക്കുള്ള നോട്ടീസ്

—ഠ—

സിവിൽനടപടിനിയമത്തിന്റെ

ആർഡർ 40, റൂൾ 13

തിരുവിതാംകൂർസംസ്ഥാനത്തു്

ഹൈക്കോർട്ടിൽ 1121-ാമാണ്ടു

അപ്പീൽ 268-ാംനമ്പർ

അപ്പീൽവാദി—സി. ശങ്കരമേനോൻ.

അപ്പീൽപ്രതി - 6. കണ്ടല്ലൂർപകുതി പുതിയവിളമുറിയിൽ കുന്നേത്തുവീട്ടിൽ നാരായണിഅമ്മ കുട്ടിഅമ്മ 8. ടിയിൽനിന്നും ടി മുറിയിൽ മായംമുട്ടത്തുപടിഞ്ഞാറെപുത്തൻവീട്ടിൽ രാഘവക്കുറുപ്പ് കൃഷ്ണക്കുറുപ്പ് 12. കാർത്തികപ്പള്ളി ചിങ്ങോലമുറിയിൽ പുതുവാക്കൽവകവരമ്പുംതാനത്തുവീട്ടിൽതാമസം കല്യാണിഅമ്മ ലക്ഷ്മിഅമ്മ 13. ടിയിൽ രാഘവക്കുറുപ്പ് ജനാർദ്ദനക്കുറുപ്പ് 14. ടിയിൽ ലക്ഷ്മിഅമ്മ ഉമയമ്മ 17 ടി പുതിയവിളമുറിയിൽ പേരത്തുവീട്ടിൽ കേശവക്കുറുപ്പ് രാഘവക്കുറുപ്പ് 18 ടിയിൽ കേശവക്കുറുപ്പ് ശിവശങ്കരക്കുറുപ്പ് 21 ടിയിൽ ഗൌരിഅമ്മ ജാനകിഅമ്മ 25. ടിയിൽ കേശവക്കുറുപ്പ് അച്യുതക്കുറുപ്പ് 34, മുതുകുളംപകുതി തെക്കുംമുറിയിൽ കാഞ്ഞിരത്തിൽവീട്ടിൽ താമസം കുന്നത്തുവീട്ടിൽ കേശവക്കുറുപ്പ് ശങ്കരക്കുറുപ്പ് 35. ടിയിൽ കുട്ടിഅമ്മ പാറുക്കുട്ടിഅമ്മ 37. ടിയിൽ കുട്ടിഅമ്മ സുമതിഅമ്മ 38. ടിയിൽകുട്ടിഅമ്മ മീനാക്ഷിഅമ്മ 39. ടിയിൽ കുട്ടിഅമ്മ ഭദ്രാണിഅമ്മ

കൊല്ലം ജില്ലാകോർട്ടിൽ 1113-ാമാണ്ടു സിവിൽ 39 ാംനമ്പരിൽ 1120-ാമാണ്ടു മീനമാസം 8-ാംനു- നിശ്ചയിച്ച വിധിയിന്മേൽ ബോധിപ്പിച്ച അപ്പീൽ

അപ്പീൽപ്രതിയെ തെര്യപ്പെടുത്തുന്നതു്

മേല്പറഞ്ഞ വ്യവഹാരത്തിൽ ടി കോർട്ടിൽനിന്നും നിശ്ചയിച്ച വിധിയിന്മേൽ അ: മ: കെ. എൻ. നാരായണൻനായർ അപ്പീൽ ബോധിപ്പിക്കയും അതു് ഈ കോർട്ട് അപ്പീൽ രജിസ്റ്ററിൽ ചേർക്കയും ചെയ്തിരിക്കുന്നതും ഈ അപ്പീൽ വിചാരണക്കായി 1122-ാമാണ്ടു തുലാംമാസം 29-ാംനു- നിശ്ചയിച്ചിരിക്കുന്നതും ആകുന്നു. ഈ അപ്പീൽകാര്യത്തിൽ പ്രതിക്കുവേണ്ടി പ്രതിതന്നെയോ പ്രതിയുടെ വക്കീ

### അപ്പീൽവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു അപ്പീൽപ്രതിക്കുള്ള നോട്ടീസ്

—ഠ—

സിവിൽ നടപടി നിയമത്തിന്റെ

ആർഡർ 40 റൂൾ 13.

തിരുവിതാംകൂർസംസ്ഥാനത്തു

ഹൈക്കോർട്ടിൽ 1120-ാമാണ്ടു്

അപ്പീൽനമ്പർ 73.

അപ്പീൽവാദി—അൽഫോൺസ് റൊഡ്രിക്സ്.

അപ്പീൽപ്രതി—5 കൊല്ലം മുണ്ടക്കൽ കുന്നത്തബംഗ്ലാവിൽ മിസസ്സ് ലൈസാ മെഹറയിൻ. 6 മാനാമധുരയിൽ മധുർമാനഫാക്ടറീസ് ക്ലിപ്പം, എർണസ്റ്റ് എം. സ്റ്റീഫൻ. 8 ടി കുന്നത്തബംഗ്ലാവിൽ വിക്ടർ സ്റ്റീഫൻ. 9 ടിയിൽ മിസ്സ് ബീട്രിസ്സ് സ്റ്റീഫൻ. 10 ടിയിൽ അർച്ചിബാൾഡ് സ്റ്റീഫൻ. 13 ടിയിൽ ജാണി സ്റ്റീഫൻ.

കൊല്ലം, മുൻസിഫ്കോർട്ടിൽ 113-ാമാണ്ടു് സി 949-ാം നമ്പരിൽ 118-ാമാണ്ടു തുലാംമാസം 28-ാംനു- നിശ്ചയിച്ച വിധിയിന്മേൽ ബോധിപ്പിച്ച അപ്പീൽ.

അപ്പീൽപ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽപ്പറഞ്ഞ വ്യവഹാരത്തിൽ ടി കോർട്ടിൽനിന്നും നിശ്ചയിച്ച വിധിയിന്മേൽ അ: മി: എൻ. കെ. നാരായണപിള്ള അപ്പീൽ ബോധിപ്പിക്കയും അതു് ഈ കോർട്ടുഅപ്പീൽ രജിസ്റ്ററിൽ ചേർക്കയും ചെയ്തിരിക്കുന്നതും ഈ അപ്പീൽവിചാരണയ്ക്കായി 1122-ാമാണ്ടു് തുലാമാസം 29-ാംനു- നിശ്ചയിച്ചിരിക്കുന്നതും ആകുന്നു.

ഈ അപ്പീൽകാര്യത്തിൽ പ്രതിക്കുവേണ്ടി പ്രതിതന്നെയോ പ്രതിയുടെ വക്കീലോ കാര്യംനടത്താൻ നിയമപ്രകാരം അധികാരപ്പെടുത്തിയ മററവല്ലവരുമോ മേല്പറഞ്ഞദിവസം പകൽ 12 മണിക്കു ഹാജരായിട്ടില്ലെങ്കിൽ പ്രതിയെക്കൂടാതെ എക്സ്പാർട്ടിയായി അതു വിചാരണചെയ്തു തീർച്ചപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ഹൈക്കോർട്ടുരജിസ്ട്രാർക്കുപകരം

മാനേജർ (ഒപ്പ്)

1122-ാമാണ്ടു കന്നിമാസം 30-ാംനു-

—ഠ—

### നോട്ടീസ്സ്

—ഠ—

ഹൈക്കോർട്ടിൽ സ്പെഷ്യൽഅപ്പീൽ വിചാരണനിശ്ചയിച്ച തീയതിയെക്കുറിച്ച സ്പെഷ്യൽ അപ്പീൽപ്രതിക്കുള്ള നോട്ടീസ്സ്

സിവിൽനടപടിനിയമത്തിന്റെ

ആർഡർ 40 റൂൾ 13

തിരുവിതാംകോട്ട സംസ്ഥാനത്തു

ഹൈക്കോർട്ടിൽ 1119-ാംമാണ്ടു

സ്പെഷ്യൽ അപ്പീൽ 466-ാംനമ്പർ

സ്പെഷ്യൽ അപ്പീൽ വാദി—യോഹന്നാൻഏബ്രഹാം.

അഡ്വക്കേറ്റ് മി. ഇ സുബ്രഹ്മണ്യയ്യർ.

സ്പെഷ്യൽ അപ്പീൽ പ്രതി. 3. തിരുവല്ലാപകുതിയിൽ പുന്നക്കുന്നംമുറിയിൽ പാട്ടുപ്പറമ്പിലായ ,ആഞ്ഞിലിമൂട്ടിൽ യോഹന്നാൻതോമസ്. 4. ടിയിൽ യോഹന്നാൻചാക്കോ, 6. ടിയിൽ യോഹന്നാൻമത്തായി.

തിരുവല്ലാമുൻസിപ്പുകോർട്ടിൽ 1113-ാമാണ്ടു വക ആദ്യവ്യവഹാരം 710-ാംനമ്പർ.

മാവേലിക്കരജില്ലാകോർട്ടിൽ 1117-ാംമാണ്ടുവക അപ്പീൽ 414-ാംനമ്പർ.

മേല്പറഞ്ഞ സ്പെഷ്യൽ അപ്പീൽപ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേല്പറഞ്ഞ വ്യവഹാരത്തിൽ മേല്പറഞ്ഞ ജില്ലാകോർട്ടിൽനിന്നും 1119-ാമാമാണ്ടു് തുലാമാസം 24-ാംതീയതി നിശ്ചയിച്ച അപ്പീൽവിധിയിന്മേൽ സ്പെഷ്യലായി അപ്പീൽബോധിപ്പിക്കയും അതു ഈ കോർട്ട് സ്പെഷ്യൽ അപ്പീൽ രജിസ്റ്ററിൽ ചേർക്കയുംചെയ്തിരിക്കുന്നതും ഈ സ്പെ

---

ലോ കാര്യംനടത്താൻ നിയമപ്രകാരം അധികാരപ്പെടുത്തിയ മററവല്ലവരുമോ മേൽപറഞ്ഞ ദിവസം പകൽ 12 മണിക്കു ഹാജരായിട്ടില്ലെങ്കിൽ പ്രതിയെക്കൂടാതെ എക്സ്പാർട്ടിയായി അതു വിചാരണചെയ്തു തീർച്ചപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ഹൈക്കോർട്ടുരജിസ്ട്രാർക്കുപകരം മാനേജർ

(ഒപ്പ്)

29-2-1122

## പ്രതിസമൻസ്

—ഠ—

നെടുമങ്ങാട്ട മുൻസിഫ്കോർട്ടിൽ

121-സിവിൽ-469

വാദി:—പുളിമാത്തുപകുതിയിൽ വാമനപുരംദേശത്തു പുളിമാത്തു കൃഷ്ണവിലാസത്തുവീട്ടിൽ നീലകണ്ഠൻകുറുപ്പു മാധവൻകുറുപ്പ്. 2

4-ാംപ്രതി:—മൂവാററുപുഴ താലൂക്കിൽ പിറവംപകുതിയിൽ കക്കാട്ടുകരയിൽ പുളിക്കായിററത്തു ഇല്ലത്തു പരമേശ്വരൻ വാസുദേവൻനമ്പൂതിരി.

ടി 4-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ 4-ാംപ്രതിക്കയച്ചിട്ടുള്ള സമൻ മടങ്ങിവന്നിരിക്കുന്നതും വീണ്ടും 122 തുലാം 29-ാംനു- വിചാരണ വച്ചിരിക്കുന്നതുമാകയാൽ ടി നമ്പർ സംഗതിയെപ്പററി വല്ല തക്കവും ടി നാലാംപ്രതിക്കുള്ളപക്ഷം ടി പ്രതി നേരിട്ടോ, കോർട്ടുവക്കീൽ മുഖാന്തിരമോ ടി നമ്പർ വിചാരണദിവസമായ 122-തുലാം 29-ാംനു- പകൽ 11 മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെക്കൂടാതെ ടി കേസ് തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

122-തുലാം-11

—ഠ—

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ

൧൧൨൦ സിവിൽനമ്പർ ൩൬൯.

വാദികൾ,—വാഴപ്പള്ളി പടിഞ്ഞാറുഭാഗംപകുതിയിൽ ടി മുറിയിൽ മുറിയംച്ചേരിഎടത്തിൽനിന്നും കൊങ്ങിണിപ്പറമ്പിൽ പാർക്കും കൃഷ്ണപിള്ള നാരായണപിള്ള മുതൽപേർ.

വക്കീൽ പി. കെ. പത്മനാഭപിള്ള.

കൂട്ടൽ ൩-ാംപ്രതി— ചങ്ങനാശേരി പകുതിയിൽ പെരുന്നപടിഞ്ഞാറുംമുറിയിൽ മററത്തിൽ ഇരവി എന്നു പറയപ്പെടുന്ന കൊച്ചുപിള്ള വാസുദേവൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ സംഗതിക്കു ടി പ്രതിക്കു പലപ്രാവശ്യവും സമൻസയച്ചതിൽ മനഃപൂർവ്വം കൈപ്പററാതെ മടങ്ങിവന്നിട്ടുള്ളതും ഇനിയും കേസു വിചാരണക്കു ഈ മാസം ൩൦-ാംനു-ക്കു വച്ചിരിക്കുന്നതും ആകയാൽ ഈ നമ്പർ അന്യായസംഗതി സംബന്ധിച്ച ടി പ്രതിക്കു എന്തെങ്കിലും തക്കം ഉണ്ടെങ്കിൽ ടി ദിവസം പകൽ ൧൧ മണിക്കു ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ കേസു തീരുമാനിക്കുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്.)

൧൧൨൨ തുലാംമാസം ൧൮-ാംനു-

—ഠ—

## വിവാഹത്തിന്

ബാംബെയിൽ മാന്യമായ ജീവിതം നയിക്കുന്ന മൈസൂർസ്വദേശിയായ മുപ്പതുവയസ്സുള്ള ഒരു ബ്രാഹ്മണയുവാവ് ഹിന്ദുജാതിയിൽപ്പെട്ട ഒരു യുവതിയെ (വിധവയുമാകാം) വിവാഹത്തിനാഗ്രഹിക്കുന്നു. വിവരങ്ങൾ എഴുതുക.

പോസ്റ്റ് ബാക്സ്നമ്പർ 1306

ബാംബെ 1.

---

ഷ്യൽ അപ്പീൽ വിച്ചാരണക്കായി 1122-ാംമാണ്ടു് തുലാമാസം 29-ാംതീയതി നിശ്ചയിച്ചിരിക്കുന്നതും ആകുന്നു.

ഈ സ്പെഷ്യൽ അപ്പീൽകാര്യത്തിൽ പ്രതിക്കുവേണ്ടി പ്രതിതന്നെയോ പ്രതിയുടെ വക്കീലോ കാര്യംനടത്താൻ നിയമപ്രകാരം അധികാരപ്പെടുത്തിയ മററുവല്ലവരുമോ മേല്പറഞ്ഞദിവസം പകൽ 11 മണിക്കു ഈ കോർട്ടിൽ ഹാജരാകണം. അപ്രകാരം ഹാജരാകാതിരുന്നാൽ പ്രതിയെ കൂടാതെ എക്സ്പാർട്ടിയായി ഈ സ്പെഷ്യൽഅപ്പീൽ വിചാരണചെയ്തു തീർച്ചപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ഹൈക്കോർട്ടു രജിസ്ട്രാർക്കുപകരം

1122 കന്നി 30 മാനേജർ(ഒപ്പ്)

—ഠ—

# പുലരി

(ജഗദി വേലായുധൻനായർ)

(നരനായിങ്ങനെ....)

പ്രകൃതിമഞ്ഞുമ്മൊരിതളിൻപാളിയാം
കുടിലകുന്തളം വിതറിയും,...
നെടിയപാടല പടലിയാം നിജ-
നിടിലകുങ്കുമം ചിതറിയും...
മദകരാഭകലാകുറയും വാർമതി-
വദനമല്പമായ് വിളറിയും...
വടിവിലങ്ങിങ്ങു ചുരുളുംതുമേഘ-
ച്ചുരുളികളാം കുറനിരയോട്ടും
പുതുപിലാശിൻമൊട്ടോളിനഖക്ഷതം
തെളിയുംപൊന്നിളംതണ്ടൊട്ടും
ഉദയപർവ്വതമണിയറയിൽനി-
ന്നരുതരാലസവിലാസയായ്
പ്രഥമസംഗമവിധികഴിഞ്ഞുഷ-
സ്സതീലമന്നിഴം സുദതിപോൽ
പുലരിയാളുണർന്നുണർന്നമോ-
മരിയജാലകസവിധയായ്
തലയണമേലത്തെമധുരചിന്തയോ-
ത്തലസയായ്പോന്നിലക്കൊണ്ടോ...
കുളിരിളംകൊച്ചു മലയമാരുത-
ലളിതനിശ്വാസമിളിതയായ്!!...
അരുണവർണ്ണമാം യവനികയെല്ലു-
സരസംമാറ്റിനിന്നതിമോദം
വിടവിലൂടയാ മധുപ ശരിയാം
ചട്ടലലോചനം പതിയുമ്പോഴും...
കമലിനിമണിനിലയനങ്ങളി-
ലുണരുംതാമരസുമുഖിമാർ,
മദഭരംനിന്നെക്കളിയാക്കിട്ടുന്ന
പകുതിപൊന്തിച്ച നയനത്താൽ...!!
കുളിർജലങ്ങളിലണിനിരന്നുനി-
ന്നാഹാ!ഹാ'ക്രപ്പുന്നു കുമുദങ്ങൾ!!!
ലളിതനിർമ്മല മധുരപല്ലവ-
ച്ചുണ്ടിയിണവിട്ടത്തിമോദം
തരളകോമള ലതികളോരോന്നും(?)
സരസംപൂഞ്ചിരിക്കതിർതൂകി!!?
ഹരിതലാവണ്യമണിയുംമാമര-
നിരകളാഘ്ലാദവിവശരായ്
ചതുരമമ്മരസരളസംഗീത-
കുതുകരാകുന്നു സകലവും!,
തെളിതേനുണ്ണമക്കളെഗളങ്ങളും-
പ്പുളകംപാട്ടുന്നു പലമട്ടിൽ
പതഗപാളികൾ പലതുംതാളമി-
ട്ടുയരുന്നംബരനടനത്തിൽ...!!
(?)മലർവനങ്ങളിലെളികളോടിളം
മലർകൾപുഞ്ചിരിച്ചുണരുന്നു...!!
ഇവകൾകണ്ടുകണ്ടലസയായ് നില്ക്കും
പുതിയജായയാം പുലരിയിൽ
പ്രണയകോപമാർന്നനതമാദിത്യ-
നവളെയുംവിട്ടോട്ടകലുമ്പോഴും...
അവ്യക്തന്നോമനവദനരാജിത-
മഹിത'രാഗ'ങ്ങൾ വിളറിപ്പോയ്!!!

—o—

# കൽത്തുറുങ്കിൽനിന്നു്!

പാലാ നാരായണൻനായർ.

(ഉണമേരം...)

വലനാളയ്ക്കാത്തു ഞാൻ നിന്നയെ-
പ്പുലരൊളി വീശിപ്പടർന്നകാണാൻ
പരിഭവിച്ചുന്നു നീ യെന്നിൽ നിന്നു
പരശതം നാഴിക ദൂരനിന്നു.
വരുമൊരുനാളിലെൻ മുന്നിലെന്നു
കരുതി ഞാൻ പിന്നെയും കാത്തിരുന്നു.
വിഫലമായ്തീർന്നിതെന്നാശയെല്ലാം
വിമുഖയോ? സ്വാതന്ത്ര്യ ദേവതേ, നീ.
വിഗണിപ്പാനെന്താണു കാരണ മീ-
വിഗതനവ്സ്വപ്നെ യിന്നാളും
മലിനമാം മന്നിൻ സമാഗമത്താൽ
മലിതയായ്ത്തീർന്നു കഴിഞ്ഞുവോ നീ?...
മധുരസുഖങ്ങൾ പിഴിഞ്ഞെടുക്കാൻ
മദിരോത്സവത്തിലിറങ്ങിമർത്ത്യൻ
സഹജരെക്കൊന്നു കബന്ധരാക്കാൻ
സകലവഴിയും പഠിച്ച മർത്ത്യൻ
നിഖിലവും തൻകൈക്കുള്ളിലാക്കിനിർത്താൻ
നിയമപരിധി രചിച്ചുമർത്ത്യൻ
ജനിയിലേ നീതികേടഭ്യസിച്ചും
ധനികനേ കൂട്ടുപിടിച്ചു നീയും!
പരിഭവംതേന്നോതിരിക്കയാമെങ്കിൽ
പറയാംഞാനെൻ പരാജയങ്ങൾ.
ദുരിതവും ദുഃഖവും കൊണ്ടു പാര-
മിരുളകയാംന്നുമെന്റെജന്മം
പരിചാടതിലൊരു വെള്ളവീശാൻ
പരിചയക്കാരില്ല ബന്ധുവില്ല.
കദനംനിറഞ്ഞു കവിഞ്ഞിടട്ടെ
കഴിവില്ലെനിയ്ക്കു കവർന്നിന്നാൻ
ധനവും കളവും നടത്തിനേടും
പണവും സുഖവുമെനിയ്ക്കുവേണ്ട
പരനനുകമ്പയാൽ തന്നിടുന്ന
പരിമിതാഹാരമെനിയ്ക്കു വേണ്ട.
പരമാർത്ഥമാണീ കുറിച്ചതെന്നു
പറയാതറിയേണ്ടേ ദേവതേ, നീ!
നിരവധിവർഷമിക്കൽത്തുറുങ്കിൽ
നിവസിച്ചു കണ്ണുകഴഞ്ഞു ദേവി!
നിരുപിയ്ക്കാതുള്ള വിപത്തുയത്താൽ
മരവിച്ചുപോയിമനോഗതങ്ങൾ
വിരമിയ്ക്കാനാവാത്ത ജീവിതത്താൽ

# വിജയലക്ഷ്മി

(ആയുർവേദാചാര്യ, കെ. കുഞ്ഞുരാമൻശാസ്ത്രി)

(കേക)

അഭിമാനിപ്പിൻ ഭാരതീയരെ, നമുക്കെന്നു-
മഭിമാനിക്കാം'ഐക്യരാഷ്ട്രസമ്മേളന'ത്തിൽ,
വിജയലക്ഷ്മി,യിന്ത്യൻദേശീയത്തിന്റെയാ-
വിജയപതാകയങ്ങുയർത്തിച്ചും ശോഭിപ്പതുപോൽ!
സർവ്വരാഷ്ട്രങ്ങളിലും നിന്നണ്ടുവാഗ്മിതയിൽ-
സവ്യസാചികളാണു സമ്മേളിച്ചിരിക്കുന്നു;
'കഴമ്പില്ലവരുടെ ഭാഷണങ്ങളിൽ'-'പ്രവ്ദ'
കഥിപ്പൂ—'മിസ്സിസ് പണ്ഡിറ്റാരാരാംതാൻ പ്രസംഗിച്ചു'
ശാശ്വതവിശ്വസമാധാനം നെഞ്ഞേറ്റക്ഷമാ-
നന്ദക്ഷുഭ്രമയച്ച 'ന്യൂറ്റൽപൃകാർ'യാണവർ,
ഇന്നലത്തെയജയിൽ പൂജികാഭരിക്കന്നോ-
രന്നാട്ടിൻപ്രതിനിധ്യം ന്യൂപുകാരിക്കം ചേരും.
'കറുത്തവർഗ്ഗക്കാരെത്തിരിച്ചുനിർത്താൻപാടി-
ല്ലാരുപോൽ സ്വാതന്ത്ര്യ,ത്തിന്നർഹരാണെല്ലാവരും'
അവരിത്തകക്കയാണാവീരസിംഹി,പൊട്ടി-
ച്ചെറിയ്ക 'ജവഹറിൻ'സോദരി,യടിമത്തം!
വാഴുകനേന്നിട്ടവിൻ ഭാരതീയരേ,യൊപ്പം
വിളിപ്പിൻ സാഭിമാനം വിജയലക്ഷ്മി-കീ-ജയ്!
പാർത്ഥസാരഥിസ്സ്വാസ്ഥ്യമാകിയസുഭദ്രപ-
ണ്ടാർത്തകൗതുകം രഥമായിച്ചിട്ടുണ്ടു പാലും,
ഭരണസാരഥ്യംവഹിച്ചീടുന്ന 'നെഹ്റു'വിന്റെ
ഭഗിനി, നശിച്ചിട്ടില്ലിന്നുമാപാരമ്പര്യം!

വികസിയ്ക്കാതായി വിഭാവനങ്ങൾ
പ്രഹരിക്കയെന്നും പരീക്ഷണത്താൽ
പ്രചരിക്കാതായി പരിശ്രമങ്ങൾ.
ഒരുമണൽക്കാട്ടെന്റെ മുന്നിലാകെ
പ്പരിണമിയ്ക്കുന്നു, പരന്നിടുന്നു
മലരും മണവുമിതിങ്കലില്ല
മരതകപ്പച്ച വിരിപ്പുമില്ല.
പെരവെയിലത്ത്, നിണംകുടിക്കും
പൊരിവെയിൽ; പൊള്ളുന്നജീവനാളം.
കരപുടം നീട്ടിത്താലോടിയെന്നെ
ത്തിരുമടിത്തട്ടിലണച്ചിടുമോ?...
നവനിലാവിന്റെ ജഗത്തിൽനിന്നു
നിറകതിരോലുന്ന ദേവതേ,നീ!

(രണ്ടാംപേജിൽനിന്നും തുടർച്ച്)

അതാണു് ഈശ്വരനിശ്ചയമെങ്കിൽ കൂടാതെ കഴിയുമോ?'

'എനിക്കു പട്ടിണി കിടക്കേണ്ട ആവശ്യമൊന്നുമില്ല എന്റെ വീട്ടിൽ ഉണ്ണാനുള്ള വകയുണ്ട്. എന്നെ അവിടെക്കൊണ്ടാക്കിയാൽ മതി.'

'നിന്നെ തേന്നുമ്പോളൊക്കെ വീട്ടിലെഴുന്നള്ളിക്കാൻ എനിക്കു സൗകര്യമില്ല.'

'എന്നാൽ ഞാൻ തനിയെ പൊയ്ക്കൊള്ളാം'

'തനിയെ പോകുന്നതു് നിന്റെ പ്രതാപത്തിനു യോജിച്ചതാണോ? നീ ഒരുകാര്യം ചെയ്യു. അച്ഛനൊരെഴുത്തിടു. അദ്ദേഹം വന്നു നിന്നെ കൊണ്ടുപോകട്ടെ.'

അവൾ അല്പനേരത്തേക്കു ഒന്നും മിണ്ടിയില്ല. എന്റെ അഭിപ്രായം അവൾ അംഗീകരിച്ചിരിക്കണം.

ഞാൻ അലമേര തുറന്നു് അതിലുണ്ടായിരുന്ന ബിസ്കറ്റും മധുരനാരങ്ങയും എടുത്തു പത്മത്തിനു കൊടുത്തു. അവളെ മടിയിൽ പിടിച്ചിരുത്തി ഞാൻ നേരമ്പോക്കുകൾ പറഞ്ഞു കൊഞ്ചിച്ചുകൊണ്ടിരുന്നു.

ബിസ്കറ്റിന്റെ മണം കേട്ടപ്പോൾ ഭാനു അടുത്തെത്തി. യാതൊരു സങ്കോചവുംകൂടാതെ അവൾ ആ 'ടിൻ' കയ്യിലെടുത്തു. ഞാൻ അവളെ കളിയാക്കി:

'കഷ്ടം, നാണമില്ലല്ലോ കുഞ്ഞിനുള്ള ബിസ്കറ്റു തിന്നാൻ.'

'കുഞ്ഞിനു മാത്രമല്ല, വിശപ്പു എല്ലാവർക്കുമുണ്ട്.'

'ഓഹോ! വിശപ്പു എല്ലാവർക്കുമുണ്ടെന്നു നിനക്കു മനസ്സിലായിവരുന്നു.'

എനിക്കു ഉള്ളിൽ അടക്കാൻപാടില്ലാത്ത ചിരിയുണ്ടായി. ഞാൻ അവളുടെ മുഖത്തു സൂക്ഷിച്ചുനോക്കി. ദേഷ്യവും ലജ്ജയും അവളുടെ കവിളുകളിൽ നൃത്തം വയ്ക്കുന്നുണ്ടായിരുന്നു. അവൾ ആർത്തിയോടെ ബിസ്കറ്റുകൾ തിന്നുകയാണ്. അങ്ങനെ വിശപ്പിന്റെ മുമ്പിൽ അവളുടെ വാശിയും വൈരാഗ്യവും, അന്തസ്സും ആഭിജാത്യവും അപ്രത്യക്ഷമായിപ്പോകുന്നതു കണ്ടു ഞാൻ രസിച്ചു.

അടുത്തദിവസം രാവിലെ ഞാൻ ആഫീസിൽ പോകാൻ തയാറായപ്പോഴും ഭാനു കിടക്കയിൽനിന്ന് എഴുന്നേറ്റിട്ടില്ല. പട്ടിണിയുടെ ക്ഷീണംകൊണ്ടോ എന്നോടുള്ള വൈരാഗ്യംകൊണ്ടോ അവൾ അവിടെത്തന്നെ കിടക്കുകയാണ്. അവൾ ഇടയ്ക്കിടെ തേങ്ങിക്കരയും പിറുപിറുക്കുന്നതു് ഞാൻ കേൾക്കാതിരുന്നില്ല. പത്മത്തിനു അന്നത്തേക്കു ധാരാളം ബിസ്കറ്റും മധുരനാരങ്ങയും ഉണ്ടായിരുന്നതുകൊണ്ടു അവളുടെ കാര്യത്തിൽ എനിക്കു സമാധാനമുണ്ടായിരുന്നു.

ആഫീസിൽ ചെന്നിട്ടും എനിക്കു വീട്ടുകാര്യമായിരുന്നു വിചാരം. ഭാനുവിന്റെ വിശപ്പിനെക്കുറിച്ചുള്ള രസാവഹമായ ചിന്തയിൽ മുഴുകി ഞാൻ നേരം പോക്കി.

വൈകിട്ടു ആഫീസുവിട്ടു വീട്ടിൽ മടങ്ങിയെത്തിയപ്പോൾ ഭാനുവിന്റെ അച്ഛൻ എന്നെ കാത്തു വരാന്തയിൽ ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ പരസ്പരം അഭിവാദ്യം ചെയ്തശേഷം സംഭാഷണത്തിലേർപ്പെട്ടു. തിരുവനന്തപുരത്തെ ഉദ്യോഗസ്ഥന്മാരെപ്പറ്റി തനിക്കു കൂടുതൽ അറിവുണ്ടെന്ന ഭാവത്തിൽ അദ്ദേഹം കുറച്ചധികം സംസാരിച്ചു. ഞാൻ എല്ലാം ക്ഷമയോടും സന്തോഷത്തോടും കേട്ടുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം ഇങ്ങനെ അവസാനിപ്പിച്ചു.

ഭാനുവിന്റെ ഒരെഴുത്തു ഇന്നു മൂന്നമണിക്കു ആഫീസിൽവച്ചു എനിക്കു കിട്ടി. ഞാൻ അത്യാവശ്യമായിട്ടു ഇങ്ങോട്ടുവരണമെന്നുമാത്രം. കാര്യമറിയാതെ ഞാൻ വല്ലാതെ അന്ധാളിച്ചു. ഏതായാലും ആഫീസു ജോലി ഉടനെ നിർത്തി ഞാൻ കാറിൽ ഇങ്ങോട്ടുതിരിച്ചു. ഇവിടെ വന്നപ്പോളാണറിയുക, കാര്യമൊന്നുമില്ല. അനാവശ്യമായ ബുദ്ധിമുട്ടുകൾ. ഭാനുവിന്റെ ബുദ്ധിയില്ലായ്മയുടെ. കൂടുതൽ അല്ലാതെന്തു പറയാനാണ്. എനിക്കാണെങ്കിൽ നാളെരാവിലെ പരിശോധനാർത്ഥം തെക്കൻതിരുവിതാംകൂറിലേക്കു തിരിക്കണം. ആകയാൽ എനിക്കു ഇപ്പോൾതന്നെ പോകണം.'—

അദ്ദേഹം കസാലയിൽനിന്നും എഴുന്നേറ്റു. അരുകിൽ നിന്നിരുന്ന പത്മത്തെ കെട്ടിപ്പിടിച്ചു ചുംബിച്ചശേഷം, അദ്ദേഹം കാറിൽ കയറാനുള്ള ഭാവമായി.

വാതുക്കൽ നിന്നുകൊണ്ടു ഭാനു ഞങ്ങൾ കേൾക്കത്തക്കവിധം ഉറക്കെ പറഞ്ഞു.

'ഞാനും അച്ഛന്റെകൂടെ വീട്ടിലേക്കു വരുന്നു. എനിക്കുവയ്യ ഇവിടെ ഇങ്ങനെ പട്ടിണികിടക്കാൻ'

അദ്ദേഹം തിരിഞ്ഞുനിന്നുകൊണ്ടു അവളെ ഉപദേശിച്ചു.

'ഭാനു! പട്ടിണിയായാലും' പാൽപായസം കുടിച്ചായാലും നീ ഇവിടെയാണു താമസിക്കേണ്ടതു്. നിന്റെ വീട് ഇപ്പോൾ ഇതാണു്. നീ ഇന്നു കുഞ്ഞല്ല. ഒരു കുഞ്ഞിന്റെ അമ്മയാണ്. നിന്റെ കുട്ടിക്കാലത്തെ നിർബന്ധങ്ങളും വാശിയും കളയണം. നിന്നെ രക്ഷിക്കാനും ശിക്ഷിക്കാനും അർഹത നിന്റെ ഭർത്താവിനാണ്. അവിടെയാണു് നിന്റെ സന്തോഷവും സങ്കടവും ബോധിപ്പിക്കേണ്ടതു്.'

അദ്ദേഹം കാറിൽ കയറി. ഞാൻ തൊഴുകയ്യോടെ യാത്രപറഞ്ഞു. അദ്ദേഹം ചിരിച്ചു യാത്രയായി. കാർ, പുകകോട്ട പുകതുപ്പി, മുന്നോട്ടുകുതിച്ചു.

ഞാൻ വീട്ടിനകത്തു മടങ്ങിവന്നപ്പോൾ ഭാനു കട്ടിലിൽ കമഴ്ന്നുകിടന്നു വിങ്ങിവിങ്ങിക്കരയുകയായിരുന്നു.

'വിശപ്പു മനുഷ്യനെ പഠിപ്പിക്കുന്ന പാഠങ്ങൾ' ഞാൻ ചിരിച്ചുകൊണ്ടു അവളെ തന്നെ നോക്കിനിന്നു.


അവകാശം കഥികനു്


— o —

ബാങ്കർ ചന്ദ്രശേഖരൻ.
വില രൂ 1. ണ 4.

ജാതകപാരിജാതം
വ്യാഖ്യാതാ,
ചേപ്പാട്ടു് അച്യുതവാര്യർ
വില രൂ. 1. ണ. 8.
മാനേജർ,
ശ്രീരാമവിലാസംപ്രസ്സ് കൊല്ലം







ഇടത്തു്:—ആർ. ഏ. എഫ്. റാഡാർ സജ്ജീകരണത്തിന്റെ പ്രദർശനം: ഹെർട്ട്ഫോർഡ്ഷയറിലെ ബാസിംഗ്ബൺ ആർ ഏ. എഫ്. വിമാനസങ്കേതത്തിൽവച്ചു് നടന്ന റാഡാർ പ്രദർശനസമയത്തു് ഒരു ആർ. ഏ എഫ് ആഫീസർ "യുറേക" എക്വിപ്മെന്റിൽ പ്രവർത്തനം നടത്തുന്നതാണ് ചിത്രം.

വലത്തു്:—പുതിയ എയർക്രൂറാങ്ക് ബാഡ്ജുകൾ. ചക്രവർത്തിതിരുമനസ്സുകൊണ്ടു് അംഗീകരിച്ചിട്ടുള്ള പുതിയ എയർക്രൂബാഡ്ജുകൾ കമ്മിഷൺഡ് റാങ്കിനു താഴെയുള്ള ആർ. ഏ. എഫ്. എയർക്രൂ താമസിയാതെ ധരിക്കുന്നതാണ്. മുകളിൽ ഇടത്തു് മാസ്റ്റർ എയർക്രൂ. അതിനുതാഴെ എയർക്രൂ II. അതിനുതാഴെ എയർക്രൂ IV. മുകളിൽ വലത്തു്:-എയർക്രൂ I. അതിനുതാഴെ എയർക്രൂ III. അതിനുതാഴെ എയർക്രൂ കാഡെററു്.

# സേവാഗ്രാമം—നാലുവർഷത്തിനുശേഷം

(കൊല്ലം, കൃഷ്ണപിള്ള)

മഹാത്മജി താമസിക്കുന്ന സ്ഥലം ഭാരതത്തിന്റെ തലസ്ഥാനമാണ്. ഓരോ രാഷ്ട്രീയ പ്രവർത്തകന്റെയും സാധാരണക്കാരന്റെയും ആശ, ആകാംക്ഷ എല്ലാം അവിടെ കേന്ദ്രീകൃതമാണ്.

1934 മുതൽ ഗാന്ധിജി വാർദ്ധായിൽ താമസിക്കുന്നു. അന്നുമുതൽ സമീപസ്ഥമായ സേവാഗ്രാമം, മഹാത്മജിയുടെ പ്രത്യേക ശ്രദ്ധാകേന്ദ്രം വാസസ്ഥാനം വിശ്വവിഖ്യാതമായിട്ടുണ്ട്. 1934 മുതൽ ഭാരതീയരുടെ സ്വാതന്ത്ര്യത്തിനു ശ്രമംകൊണ്ടുള്ള ശ്രമങ്ങൾ അവിടെ നിന്നാരംഭിച്ചു. സമരവും, സമാധാനവും അവിടുന്നു പ്രഖ്യാപിക്കപ്പെട്ടു. വിശ്വവിഖ്യാതരായ പത്രപ്രവർത്തകന്മാർ, പ്രശസ്തവ്യക്തികൾ, രാഷ്ട്രീയചിന്തകന്മാർ ചിത്രകാരന്മാർ, സാഹിത്യകാരന്മാർ എല്ലാം ആ പുണ്യക്ഷേത്രത്തിന്റെ നടയിൽ ചെല്ലാറുണ്ട്. ആ ചെറിയ ഗ്രാമത്തിലെ കൊച്ചുകുടിലുകളെപ്പററിയുള്ള ചർച്ചകൾ ലോകത്തിന്റെ ഏതു കോണിലും ഉണ്ട്. അവിടെ നടക്കുന്ന ഓരോ ചെറിയ സംഭവവും പ്രധാന വാർത്തകളായി പ്രത്യക്ഷപ്പെടുന്നു. ആ കൊച്ചുഗ്രാമത്തിൽ നടക്കുന്ന സാധാരണ സംഭവങ്ങൾ അറിയാൻ അനന്തകോടിജനങ്ങൾ ഉൽക്കണ്ഠാകുലരാണ്.

1942-ൽ സേവാഗ്രാമത്തിൽനിന്ന് ഒരു വൃദ്ധൻ ലോകംമുഴുവൻ കേൾക്കുമാറ് മന്ത്രിച്ചു. 'ക്വിററ് ഇന്ത്യാ' കോടാനുകോടി നാവുകൾ അതേറെറുച്ചൊല്ലി. പുതുനിണംകൊണ്ടു ഭൂമി നനഞ്ഞു. ആ കിഴട്ടുഫക്കീറിന്റെ ആഹ്വാനത്തിൽ സ്വാതന്ത്ര്യത്തിന്റെ മന്ത്രധ്വനി ശ്രവിച്ചവർ മന്ദഹസിച്ചുകൊണ്ടു മരിക്കുന്നതിനുള്ള കഴിവു് പ്രത്യക്ഷപ്പെടുത്തി. ആംഗലേയാധികാരികൾ പരിഭ്രമിച്ചു. സേവാഗ്രാമം ഇടവിടാതുള്ള ആലോചനസമ്മേളനങ്ങളുടെ നിത്യസാക്ഷിയായി.

1942—ആഗസ്റ്റിൽ പണിതീർന്ന ആ മന്ത്രമുദ്ര—ക്വിററ് ഇൻഡ്യാ!—ധരിച്ച സന്നദ്ധഭടന്മാർ കൊല്ലാകൊല മരിക്കുന്നതെങ്ങനെയെന്നു പ്രകടമാക്കി. 1942—ആഗസ്റ്റ് 9-ാംതീയതി! ലോകം അതുല്യമായ സമരം സൃഷ്ടിച്ചദിനം! അന്ന് ആ സമരനായകനെ ബ്രിട്ടീഷ് സാമ്രാജ്യത്വ പ്രഭുത്വത്തിന്റെ സൂത്രധാരൻ-പുലരുംകാലത്തു നാലുമണിക്ക് അറസ്റ്റുചെയ്തു. സേനാനായകന്റെ മനോവീര്യപ്രഭാവത്താൽ മനുഷ്യത്വം ഉൾച്ചഭടന്മാർ ഇരമ്പിപ്പാഞ്ഞു. എന്തെല്ലാം നടന്നു! അതു് ആഗസ്റ്റ് സമരമാണ്.

നാല്പതുകോടി ജനങ്ങൾ അങ്ങോട്ടു നോക്കി; സേവാഗ്രാമത്തിലേക്ക്. അവിടെ ആത്മഞ്ജപുടങ്ങൾ കണ്ടെത്തിയില്ല. എങ്കിലും സമരനായകന്റെ അഭാവത്തിൽ അവർ അടിപിഴച്ചില്ല. അതിനവരെ അഭ്യസിപ്പിച്ചിട്ടുണ്ട്.

ആ സമരാഗ്നി എരിഞ്ഞടങ്ങി, വിജയത്തിന്റെ പരിധി നിർണ്ണയിക്കാൻ കഴിയാത്ത ഒരു മഹത് വിജയം. ആ സമരം ഭാരതീയരുടെ ആത്മപ്രഭാവത്തിന്റെ പ്രത്യക്ഷപ്രകടനമായിരുന്നു. ആ ശക്തി മനസ്സിലാക്കിയവർക്കറിയാം ഇനി ഒരു സമരം ഇളക്കിവിട്ടാൽ തങ്ങളുടെ ഗതി എന്താകുമെന്നു്.

II

തുറുങ്കിൽനിന്നും ആ വൃദ്ധൻ പുറത്തെത്തി. സേവാഗ്രാമം വീണ്ടും ചലനാത്മകശക്തികളുടെ ആവാസത്താൽ ശബ്ദായമാനമായി. കൊച്ചുകുടിലുകൾക്കു മുകളിൽ അഭിമാനത്തോടെ ശിരസ്സുയർത്തിപ്പിടിച്ചു നിന്നിരുന്ന ത്രിവർണ്ണപതാകകൾ പുളകംകൊണ്ടു; മന്ദമാരുതന്റെ സ്പർശത്തിൽ ആനന്ദനൃത്തംചെയ്തു.

1946—ആഗസ്റ്റ് ഒൻപതാംതീയതി പ്രശസ്തനേതാക്കന്മാർ ആ വൃദ്ധപാദാന്തികത്തിൽ സമ്മേളിച്ചു; ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് വർക്കിംഗ് കമ്മററി സമ്മേളനം. സർവ്വ രാഷ്ട്രങ്ങളുടെയും ആതാംക്ഷ ആ സേവാഗ്രാമത്തിലേക്കു കേന്ദ്രീകരിക്കപ്പെട്ടു. നാല്പതുകോടി ജനങ്ങളുടെ വികാരങ്ങൾ ഉൽക്കണ്ഠയോടെ അവിടെ കാത്തുനിന്നിരുന്നു. 1942-ലെ ആ ദിവസം രക്തപങ്കിലമായിരുന്നു എന്നാൽ ഇന്നു് സ്വാതന്ത്ര്യപ്രാപ്തിയുടെ പ്രഥമകിരണസാന്ദ്രമായ പൊൻപുലരിയാണ്. ഈ നാലുവത്സരത്തിനിടയിൽ ലോകം എന്തെല്ലാം യാതനകൾ അനുഭവിച്ചു! എന്തെല്ലാം ഭാവങ്ങൾ കണ്ടു. ഇന്നു ഭാരതം സ്വാതന്ത്ര്യത്തിന്റെ പടിവാതുക്കലാണ്. ജനകീയപ്രതിനിധികളാണ് ഇന്നു ഭാരതത്തെ ഭരിക്കുന്നതു്. എന്നിട്ടും ഭാരതം ശാന്തമായിട്ടില്ല അന്ധമായ ആചാരങ്ങളുടെയും, വിശ്വാസങ്ങളുടെയും പ്രേരണയിൽ ഭ്രാന്ത വിക്രിയകൾ കാട്ടുന്ന ഒരുകൂട്ടം വികൃതികുട്ടികളാൽ ഭാരതാംബയുടെ സൈ്വരത നഷ്ടപ്പെട്ടതന്നെയാണിരിക്കുന്നതു്.

സ്വതന്ത്രഭാരത സംവിധാനശ്രമത്തിൽ ഇന്നു നേതാക്കന്മാർ വ്യാപൃതരാണ്. 1942-ൽ സംഹാരകത്തി പ്രയോഗിച്ച സർക്കാർ ഇന്നു് ആവക ഭ്രാന്തപ്രവർത്തനങ്ങളുടെ പൊള്ളത്തരം മനസ്സിലാക്കിക്കഴിഞ്ഞു. ഭരിക്കാൻ കഴിഞ്ഞില്ലെങ്കിലും ഭരിക്കപ്പെടാതെ പുറത്തുകടന്നാൽ ഭാഗ്യമായി എന്ന തോന്നലോടെ ആത്മരക്ഷയ്ക്കായി അവർ വെമ്പൽ കൊള്ളുകയാണ്. പക്ഷെ പുറത്തുകടക്കുന്നതോടെ വല്ലതും കൊത്തിക്കൊണ്ടു പറക്കാൻ—ചില സൌജന്യങ്ങൾ എങ്കിലും ലഭിക്കാൻ—ആണവരുടെ ശ്രമം. അന്യായമായ ആഗ്രഹം അഹിംസയുടെ സംഹാരശക്തിയിൽ ആത്മനാശത്തിനവരെ ഇടയാക്കുമോ എന്തോ!

പക്ഷെ 1942-ലെയും 1940-ലെയും സ്ഥിതികൾ അവർ അറിഞ്ഞിരിക്കുന്ന സ്ഥിതിക്കു്—സാർവ്വത്രികമായ ഒരു പരിവർത്തനത്തിനായി വെമ്പൽ കൊള്ളുന്ന ഭാരതം ഇന്ന് ഒരത്ഭുതപരിവർത്തനഘട്ടത്തിലാണ്. ശിശുമുതൽ വൃദ്ധൻവരെയുള്ള ഭാരതീയർ നവ്യസ്വാതന്ത്ര്യപ്രാപ്തിയിൽ ഉന്മത്തരാണ്.

III

ഗാന്ധിജയന്തി ആഘോഷിക്കപ്പെട്ടു. അതിന്റെ ഉത്സവപരിപാടികൾ അവസാനിപ്പിച്ചു കഴിഞ്ഞതേയുള്ളു. ലോകത്തിന്റെ കോണുകളിൽനിന്നുപോലും സേവാഗ്രാമത്തിലേക്ക തീർത്ഥയാത്രക്കാർ ഇരമ്പിപാഞ്ഞു. വാഹനങ്ങളിൽ സ്ഥലമില്ല. ഹോട്ടലുകളിൽ ഭക്ഷ്യപദാർത്ഥങ്ങളില്ല. എല്ലാം, വമ്പിച്ച ജനാവലിയുടെ എളിയ ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടും തികയാതായി ചുട്ടുപൊരിയുന്ന വെയിലത്തു ജനങ്ങൾ തിക്കിക്കൂട്ടി നുഴഞ്ഞുകയറുന്നതിൽ അവർ വ്യാപൃതരായി. 'ബാപ്പുജി'യും ആ മനുഷ്യമഹാസമുദ്രത്തിൽ ഒരു കൊച്ചുജലബിന്ദുവായി മാറി. പല്ലില്ലാത്ത ആ കിഴവൻ, പുഞ്ചിരിച്ചുകൊണ്ടു നുഴഞ്ഞുനീന്തി.

പണ്ഡിതജി ഇയ്യിടെ പറയുകയുണ്ടായി. ഇനി നാം അടിമകളായിരിക്കില്ല. സ്വാതന്ത്ര്യത്തിന്റെ മണിശിഞ്ജിതം മാറൊലികൊള്ളുന്ന മുഹൂർത്തം ആയിക്കഴിഞ്ഞു. ഇംഗ്ലീഷുകാർ ഇവിടെനിന്നു പോവുകതന്നെ വേണം. അവർ ഭാണ്ഡം കെട്ടുകയാണ്. സന്മനസ്സോടെ നേർവഴിയിൽ അവർ പോയില്ലെങ്കിൽ കണ്ടകാകീർണ്ണമായ കാട്ടുവഴിയിലേക്കവരെ തള്ളിവിടാൻ നാം നിർബന്ധിതരാകും. ഈ കഴിഞ്ഞ യുദ്ധത്തോടെ അവരുടെ ശക്തിയുടെ ഒരു വലിയ പങ്കുവ്യയം ചെയ്യപ്പെട്ടുപോയി. നമ്മുടെ മേൽ കുതിരകയറാനുള്ള കഴിവ് ഇനിയും അവരിൽ അവശേഷിച്ചിട്ടില്ല. നമ്മുടെ ഇടയിൽ ഭീരുക്കൾ ഉണ്ട്. അശക്തന്മാരുണ്ട്; അടിമത്തമനസ്ഥിതിക്കാരുണ്ട്. അവർ പിറകിൽ നില്ക്കട്ടെ. നാം പൊരുതണം. നാൽപതുകോടി മർദ്ദിതരുടെ ഉന്നതിക്കായി, സ്വാതന്ത്ര്യത്തിനായി നാം പൊരുതണം. ഓരോരുത്തന്റെയും സ്വാതന്ത്ര്യസമ്പാദനത്തിനായി വിനിയോഗിക്കപ്പെടണം. കർഷകനും, തൊഴിലാളിക്കും സംതൃപ്തിയോടെ ജീവിക്കാവുന്ന ഒരു പ്രഭാതം അടുത്തുകഴിഞ്ഞു. 1942-ലെ നമ്മുടെ ശക്തി വളരെ വർദ്ധിച്ചിട്ടുണ്ട്. നാം ഇടയ്ക്കൊന്നു മുട്ടുമടക്കിയാൽ മുടന്തനാകാതെ മുന്നോട്ടു ചാടാനുള്ള കഴിവു നമുക്കിന്നുണ്ട്. നമ്മുടെ സ്വാതന്ത്ര്യസമരം എത്രകാലമായി നടക്കുന്നു. ഇപ്പോഴും നാം ലക്ഷ്യത്തിൽ എത്താറായി. അന്തിമമായ സമരത്തിന്, അധികാരം പിടിച്ചുവാങ്ങലിനു നാം സന്നദ്ധരായിരിക്കണം. ഏതുനിമിഷവും ഞങ്ങളുടെ ആഹ്വാനം ചെയ്യപ്പെട്ടേക്കാം. ഇപ്പോൾ സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞാൽതന്നെയും പ്രയാസങ്ങൾ [illegible] ഉണ്ട്. 1942-ലെ സമര

(ശേഷം ൻ-ാം പേജിൽ)

Printed and Published by N. Chandrasekharan Nair at the Sri Rama Vilas Press, Quilon.